

വാർത്താമാസിക

# ടൈംസ് ഓഫ് അമേരിക്ക

TIMES of AMERICA

2014
ജൂലൈ

Volume V Issue 58

Times of America Online Weekly News Journal.
web:**mytimesofamerica.com**

Tel: 267-991-2111
e-mail:**timesofamerica@yahoo.com**


വിചാരകേരളം ▶ 3



ജോർജ് തഴക്കര



## ക്ലീൻ കാമ്പസ്, സേവ് കാമ്പസ്– തലമുറകളെ വീണ്ടെടുക്കുന്ന പദ്ധതി

മലയാളിയുടെ ആത്മാഭിമാനം വീണ്ടെടുക്കുവാനുള്ള പദ്ധതികളാണ് ആഭ്യന്തര മന്ത്രി എന്ന നിലയിൽ രമേശ് ചെന്നിത്തല ഏറ്റെടുത്തിരിക്കുന്നത്. കുറ്റ രഹിത കേരളമാണ് അദ്ദേഹം വിഭാവനം ചെയ്യുന്നത്. ഉടൻ പ്രവർത്തനം ആരംഭിക്കുന്ന 'ഷെയ്പ് ആന്റ് സ്മൈൽ' പദ്ധതിയിലൂടെ റോഡപകടത്തിൽപെടുന്നവർക്ക് ആദ്യമണിക്കൂറിൽ തന്നെ പ്രാഥമിക ശുശ്രൂഷ ലഭിക്കുന്നതിനുള്ള സാഹചര്യമാണ് ഇതിലൂടെ അദ്ദേഹം വിഭാവനം ചെയ്യുന്നത്. സമൂഹത്തെ നേരായ പാതയിലേക്കു നയിക്കുവാനുള്ള അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾക്ക് സർവ്വ പിൻതുണയും നൽകുക.



When old age shall this generation waste,
Thou shalt remain, in midst of other woe
Than ours, a friend to man, to whom thou say'st,
"Beauty is truth, truth beauty,--that is all
Ye know on earth, and all ye need to know." - **John Keats**



*വിദ്യാർത്ഥിയായിരുന്നപ്പോൾ എനിക്കു ഫീസും ആഹാരവും തരാൻ വിഷാദഭാരത്തോടുകൂടി ബുദ്ധിമുട്ടുന്ന എന്റെ അമ്മയുടെ ആ നിസ്സഹായാവസ്ഥയാണ് ആദ്യമായി എന്റെ കൊച്ചുഹൃദയത്തിൽ ചിരട്ടത്തീ കത്തിച്ചുതുടങ്ങിയത്*

– **പൊൻകുന്നം വർക്കി**

# ആക്രമണത്തിനായി ഇറാക്കിലേക്ക് സൈനികരെ അയയ്ക്കില്ല: ബരാക് ഒബാമ



*വാഷിംഗ്ടൺ:* ആക്രമണത്തിനായി ഇറാക്കിലേക്ക് സൈന്യത്തെ അയയ്ക്കില്ലെന്ന് പ്രസിഡന്റ് ബരാക് ഒബാമ.

എന്നാൽ പൗരന്മാരുടെ ജീവനും സ്വത്തിനും എംബസിക്കും സംരക്ഷണം നൽകുന്ന കാര്യത്തിൽ വിട്ടുവീഴ്ചയില്ലെന്നും ഇതിന്റെഭാഗമായി മുന്നൂറു സൈനികരെക്കൂടി ഇറാക്കിലേക്ക് അയയ്ക്കുന്നതായും അദ്ദേഹം വെളിപ്പെടുത്തി. ഇതോടെ ഇറാക്കിലെ അമേരിക്കൻ സൈനികസാന്നിദ്ധ്യം എഴുന്നൂറ്റിയമ്പതാവുമെന്ന് പെന്റഗൺ അറിയിച്ചു.

തെക്കൻ നഗരമായ ബസ്റയിലേക്കും വടക്കൻ നഗരമായ ഇർബിലിലേക്കും എംബസി ഉദ്യോഗസ്ഥന്മാരെ മാറ്റുന്നതായും വിദേശകാര്യവകുപ്പിന്റെ അറിയിപ്പിൽ പറയുന്നു. നയതന്ത്രദൗത്യം നിർവ്വഹിക്കാൻ ബാഗ്ദാദ് എംബസി സജ്ജമാണെന്ന് വിദേശകാര്യ വക്താവ് ജെൻപ്സാകി അറിയിച്ചു. എംബസിയുടെയും ബാഗ്ദാദ് അന്താരാഷ്ട്ര വിമാനത്താവളത്തിന്റെയും സുരക്ഷ ശക്തമാക്കാൻ 200 സൈനികരെ അയയ്ക്കാൻ പ്രസിഡന്റ് ഉത്തരവിട്ടതായി വൈറ്റ് ഹൗസ് പ്രഖ്യാപിച്ചതിനെതുടർന്ന് സൈനികർ ബാഗ്ദാദിൽ എത്തിച്ചേർന്നതായി പെന്റഗണൻ വക്താവ് വെളിപ്പെടുത്തി.

## യു.എസ്–ചൈന കൂടിക്കാഴ്ച 9ന്

*വാഷിംഗ്ടൺ:* 9ന് ബെയ്ജിംഗിൽ നടക്കുന്ന ചൈനയുമായുള്ള നയതന്ത്ര കൂടിക്കാഴ്ചയ്ക്ക് സ്റ്റേറ്റ് സെക്രട്ടറി ജോൺ കെറിയും ട്രഷറി സെക്രട്ടറി ജാക്ല്യൂയും അടുത്ത ആഴ്ച ബെയ്ജിംഗിലേക്കു പുറപ്പെടും. സ്റ്റേറ്റ് കൗൺസിലർ യാങ് ജിയേച്ചി, വൈസ് പ്രസിഡന്റ് വാങ് യാങ് എന്നിവരുമായി നടത്തുന്ന കൂടിക്കാഴ്ചയിൽ ഇരു രാജ്യങ്ങളിലെയും പ്രധാനപ്പെട്ട ഉദ്യോഗസ്ഥരും പങ്കെടുക്കും.

ഇരു രാജ്യങ്ങളും അഭിമുഖീകരിക്കുന്ന വെല്ലുവിളികൾ, പ്രാദേശിക ആഗോള തലത്തിൽ വളരെ പെട്ടെന്നും ദീർഘകാലാടിസ്ഥാനത്തിലും കൈകാര്യം ചെയ്യേണ്ട വിഷയങ്ങൾ സംബന്ധിച്ചും ചർച്ച ചെയ്യുമെന്ന് ഔദ്യോഗിക വൃത്തങ്ങൾ അറിയിച്ചു.

## പാക് ജയിലുകളിൽ 296 ഇന്ത്യക്കാർ

*ഇസ്ലാമാബാദ്:* മീൻപിടുത്തക്കാരടക്കം 296 ഇന്ത്യക്കാർ രാജ്യത്തെ ജയിലുകളിലുണ്ടെന്ന് പാകിസ്ഥാൻ അറിയിച്ചു. വർഷത്തിൽ രണ്ടുതവണ നടക്കുന്ന തടവുകാരുടെ പട്ടിക കൈമാറൽ വേളയിലാണ് വിദേശമന്ത്രാലയം ഈ വിവരം പുറത്തുവിട്ടത്.

2008ലാണ് ഇരു രാജ്യങ്ങളും ഇരുവിഭാഗത്തിന്റെയും തടവിലുള്ളവരുടെ പട്ടിക കൈമാറണമെന്ന കരാറിലെത്തിയത്. അതുപ്രകാരം ജനുവരി, ജൂലൈ മാസങ്ങളിൽ ഒന്നാം തീയതിയാണ് കൈമാറ്റ ചടങ്ങ് നടക്കുന്നത്.

296 പേരുടെ പട്ടിക ഇസ്ലാമാബാദിലെ ഇന്ത്യൻ ഹൈക്കമ്മീഷനർ നൽകിയതായി വിദേശകാര്യ വക്താവ് തൻസിം അസ്ലം അറിയിച്ചു. ഇവർക്കെതിരെയുള്ള കുറ്റങ്ങൾ എന്താണെന്നു അധികൃതർ വെളിപ്പെടുത്തിയിട്ടില്ല.











## പിഎസ്എൽവി –സി 23 വിജയകരമായി വിക്ഷേപിച്ചു



*ഹൈദരാബാദ്:* വിവിധ രാജ്യങ്ങളുടെ ഉപഗ്രഹങ്ങൾ വഹിച്ചു കൊണ്ടുള്ള ഇന്ത്യയുടെ പിഎസ്എൽവി –സി 23 ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ സ്പേസ് സെന്ററിൽ നിന്നും വിജയകരമായി വിക്ഷേപിച്ചു.

ഉപഗ്രഹങ്ങളെല്ലാം വിജയകരമായി ഭ്രമണപദത്തിലെത്തിയതായി ഐഎസ്ആർഒ അറിയിച്ചു. പ്രധാനമന്ത്രി നരേന്ദ്ര മോദി അടക്കമുള്ള പ്രമുഖർ ശ്രീഹരിക്കോട്ടയിൽ വിക്ഷേപണത്തിനു സാക്ഷികളായിരുന്നു. ഐഎസ്ആർഒയിലെ ശാസ്ത്രജ്ഞരെ മോദി അഭിനന്ദിച്ചു. രാവിലെ 9.52നായിരുന്നു വിക്ഷേപണം.

ഫ്രാൻസ്, കാനഡ, ജർമനി, സിംഗപ്പൂർ എന്നീ രാജ്യങ്ങളുടെ ഉപഗ്രഹങ്ങളും വഹിച്ചു കൊണ്ടാണ് പിഎസ്എൽവി –സി 23 ഭ്രമണപദത്തിലെത്തിയത്. ഇതിലൂടെ വാണിജ്യപരമായി ഇന്ത്യക്കു വൻവളർച്ചയാണ് വന്നിരിക്കുന്നത്. പിഎസ്എൽവി –സി 23 വിജയകരമായി ഭ്രമണപദത്തിൽ എത്തിയതോടെ കൂടുതൽ രാജ്യങ്ങൾ ഉപഗ്രഹ വിക്ഷേപണത്തിനായി ഇന്ത്യയെ സമീപിക്കുമെന്നാണ് കരുതുന്നത്. 230 ടൺ ഭാരമാണുള്ളത് പിഎസ്എൽവി –സി 23ക്കു ഉള്ളത്.

കാനഡയുടെ കാൻ എക്സ് 4, കാൻ എക്സ് 5, സിംഗപ്പൂരിന്റെ ഉപഗ്രഹം, ജർമനിയുടെ എയ്സാറ്റ്, ഫ്രാൻസിന്റെ ഭൗമ നിരീക്ഷണ ഉപഗ്രഹം സ്പോട്ട് 7 എന്നിവയാണു പിഎസ്എൽവി സി–23 ഭ്രമണപദത്തിലെത്തിച്ചത്. ഇതുവരെ 35 ഉപഗ്രഹങ്ങൾ വിക്ഷേപിച്ചിട്ടുള്ള ഐഎസ്ആർഒ ആദ്യമായാണ് വിദേശ ഉപഗ്രഹങ്ങൾ മാത്രമായി വിക്ഷേപിക്കുന്നത്.

## സ്വിസ്ബാങ്ക് കള്ളപ്പണം: ഇന്ത്യ സ്വിറ്റ്സർലൻഡിന് കത്തയച്ചു

*ന്യൂഡൽഹി:* സ്വിസ് ബാങ്കുകളിൽ കള്ളപ്പണം നിക്ഷേപിച്ച ഇന്ത്യക്കാരുടെ വിവരങ്ങൾ കൈമാറണമെന്നാവശ്യപ്പെട്ടു സ്വിറ്റ്സർലൻഡ് അധികൃതർക്കു കേന്ദ്രസർക്കാർ പുതിയ കത്തയച്ചു. സ്വിസ് ബാങ്കുകളിൽ നിക്ഷേപമുള്ള ഇന്ത്യക്കാരെക്കുറിച്ചും സ്ഥാപനങ്ങളെക്കുറിച്ചും വിവരം കൈമാറാമെന്ന സ്വിറ്റ്സർലൻഡിന്റെ വാഗ്ദാനത്തെത്തുടർന്നാണ് കത്ത്.

കള്ളപ്പണ നിക്ഷേപത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ സ്വിസ് സർക്കാരിനു കത്തയച്ചതായി ധനമന്ത്രി അരുൺ ജെയ്റ്റ്ലി അറിയിച്ചു. ധനമന്ത്രാലയത്തിലെ ഒരു ഉയർന്ന ഉദ്യോഗസ്ഥനാണു തുടർനടപടികളുടെ ചുമതല. ഇരുരാജ്യങ്ങളും തമ്മിൽ നിലവിലുള്ള കരാറുകളും ആഗോളതലത്തിലുള്ള പെരുമാറ്റച്ചട്ടവും ചൂണ്ടിക്കാട്ടിയാണു വിവരങ്ങൾ കൈമാറാൻ അഭ്യർഥിച്ചിരിക്കുന്നത്. ഇന്ത്യയുമായി സഹകരിച്ചു പ്രവർത്തിക്കാനുള്ള ശ്രമങ്ങൾ പുരോഗമിക്കുകയാണെന്നു സ്വിറ്റ്സർലൻഡ് സെക്രട്ടറിയേറ്റ് ഫോർ ഇന്റർനാഷണൽ ഫിനാൻഷ്യൽ മാറ്റേഴ്സ് (എസ്ഐഎഫ്) വക്താവ് ഈ വാർത്തയോടു പ്രതികരിക്കുകയും ചെയ്തു.

ഇന്ത്യക്കാരുടേതായി ഏകദേശം 14,000 കോടി രൂപ സ്വിസ് ബാങ്കുകളിലുണ്ടെന്നാണു സൂചന. സ്വിറ്റ്സർലൻഡിലെ 283 ബാങ്കുകളിലായാണ് ഈ നിക്ഷേപമുള്ളത്. നിക്ഷേപകരുടെ വിവരങ്ങൾ കൈമാറണമെന്നു നേരത്തേ പലതവണ ഇന്ത്യ ആവശ്യപ്പെട്ടിട്ടും സ്വിസ് സർക്കാർ അതിനു തയാറായിരുന്നില്ല. മുൻ ധനമന്ത്രി പി.ചിദംബരം നാലു തവണ കത്തയച്ചിരുന്നു. അടുത്തിടെ ഇന്ത്യയുമായി ഉണ്ടാക്കിയ പ്രത്യേക ഉടമ്പടി പ്രകാരമാണു സ്വിസ് ബാങ്കുകളിൽ നിക്ഷേപമുള്ള ഇന്ത്യക്കാരുടെ വിവരങ്ങൾ കൈമാറാൻ സ്വിസ് അധികൃതർ തയാറായിരിക്കുന്നത്.

## അഭയാർഥി ബോട്ടിൽ 30 പേരുടെ മൃതദേഹങ്ങൾ

*റോം:* ഇറ്റലിയുടെ സിസിലി തീരത്ത് അഭയാർഥി ബോട്ടിൽ 30 പേരുടെ മൃതദേഹങ്ങൾ കാണപ്പെട്ടു. ശ്വാസംമുട്ടിയോ വെള്ളത്തിൽ മുങ്ങിയോ ആണു മരണമെന്നു ഇറ്റാലിയൻ അധികൃതർ പറഞ്ഞു.

വടക്കൻ ആഫ്രിക്കയിൽനിന്ന് യൂറോപ്പിൽ കുടിയേറാൻ എത്തുന്ന അഭയാർഥികളാണു ബോട്ടിലുണ്ടായിരുന്നത്. ഈയാഴ്ച മാത്രം അയ്യായിരത്തോളം അഭയാർഥികളെ ഇറ്റാലിയൻ സൈന്യം രക്ഷപ്പെടുത്തി.

## ‘കോമ്പസ് 2014’ 11 മുതൽ

കെ.ടി മുസ്തഫ
പെരുവള്ളൂർ

*ജിദ്ദ:* ഗൾഫ് മലയാളി വിദ്യാർഥിവിദ്യാർഥിനികൾക്കു വേണ്ടി നടത്തിവരുന്ന ആറാമത് ഗൾഫ് സ്റ്റുഡന്റ്സ് വെക്കേഷൻ ക്യാമ്പ് ‘കോമ്പസ് 2014’ ഓഗസ്റ്റ് 11 മുതൽ 14 വരെയുള്ള തീയതികളിൽ വടകര സർഗാലയ ക്രാഫ്റ്റ് വില്ലേജിൽ നടക്കുമെന്ന് സ്റ്റുഡന്റ്സ് ഇന്ത്യ ജിദ്ദ സൗത്ത് സോണൽ കോഓർഡിനേറ്റർ സി. എച്ച്. അഹമദ് റാഷിദ് അറിയിച്ചു. ഹൈസ്കൂൾ, ഹയർ സെക്കൻഡറി വിദ്യാർഥിവിദ്യാർഥിനികൾക്ക് ഉപകാരപ്പെടുന്ന രൂപത്തിലാണ് ക്യാമ്പ് രൂപ കൽപ്പന ചെയ്തിട്ടുള്ളത്.

ഇസ്ലാം, ഇസ്ലാമിക വ്യക്തിത്വം, കരിയർ ഗൈഡൻസ്, ന്യൂമീഡിയ, ഇന്ത്യൻ സൊസൈറ്റി, ഇന്ത്യയിലെ വിവിധ മൽസര പരീക്ഷകൾ, കലാ കായിക പരിപാടികൾ, ബോഡി ഇന്റലിജൻസ്, സ്റ്റുഡന്റ്സ് സമ്മിറ്റ് തുടങ്ങിയ വൈവിധ്യമാർന്ന തലക്കെട്ടുകളിൽ പ്രഗത്ഭരായ റിസോഴ്സ് പേഴ്സണുകൾ ക്യാമ്പിൽ ക്ലാസെടുക്കും. കൂടാതെ ഏകദിന ടൂറും പരിപാടിയുടെ ഭാഗമായിരിക്കും. രജിസ്ട്രേഷനും മറ്റു വിവരങ്ങൾക്കും 0569677504, 0552751698 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

## ഇറാക്കിൽ സമാധാനത്തിനു വേണ്ടി യത്നിക്കണം: ഫ്രാൻസിസ് മാർപാപ്പ



*വത്തിക്കാൻസിറ്റി:* ഇറാക്കിൽ സമാധാനത്തിനു വേണ്ടി യത്നിക്കണമെന്നു ഫ്രാൻസിസ് മാർപാപ്പ.

അക്രമം കൂടുതൽ അക്രമത്തിനു മാത്രമേ ഇടയാക്കൂ. ഉഭയകക്ഷി ചർച്ചയാണു സമാധാനത്തിനുള്ള മാർഗമെന്ന് ഇന്നലെ ത്രികാല ജപപ്രാർഥനാവേളയിൽ നൽകിയ സന്ദേശത്തിൽ മാർപാപ്പ ചൂണ്ടിക്കാട്ടി. ഇറാക്കിലെ അഭയാർഥികളുടെ കാര്യത്തിലും അദ്ദേഹം ഉത്കണ്ഠ പ്രകടിപ്പിച്ചു. ഇറാക്കിലെ ജനങ്ങളുടെ സുരക്ഷയ്ക്കായി മാതാവിനോടു പ്രാർഥിച്ചു കൊണ്ടാണു മാർപാപ്പ സന്ദേശം അവസാനിപ്പിച്ചത്.

വിശുദ്ധ പത്രോസ്, പൗലോസ് ശ്ലീഹന്മാരുടെ തിരുനാളിൽ മാർപാപ്പ 24 പുതിയ ആർച്ച്ബിഷപ്പുമാർക്ക് പാലിയം നൽകി. സ്വന്തം ബലഹീനതകളിൽ ഭഗ്നാശരാവാതെ വിശുദ്ധ പത്രോസിനെപ്പോലെ ദൈവത്തിൽ ആശ്രയം വയ്ക്കാൻ ദിവ്യബലി മധ്യേ നടത്തിയ പ്രസംഗത്തിൽ ഫ്രാൻസിസ് മാർപാപ്പ പുതിയ ആർച്ച്ബിഷപ്പുമാരെ ആഹ്വാനം ചെയ്തു.

## ഇസ്ലാമിസ്റ്റ് ഭീകരാക്രമണങ്ങളിൽ നൂറിലധികം പേർ കൊല്ലപ്പെട്ടു

*മൈഡുഗുരി:* വടക്കു കിഴക്കൻ നൈജീരിയയിൽ ബോക്കോഹറം ഇസ്ലാമിസ്റ്റ് ഭീകരർ നടത്തിയ ആക്രമണങ്ങളിൽ നൂറിലധികം പേർ കൊല്ലപ്പെട്ടതായി ഡെയിലി പോസ്റ്റ് പത്രം റിപ്പോർട്ട് ചെയ്തു.

ചിബോക് ഗ്രാമത്തിനു സമീപമുള്ള അഞ്ചു ക്രൈസ്തവ ദേവാലയങ്ങളുടെ നേർക്ക് ആക്രമണം നടന്നു. ദേവാലയങ്ങളിലേക്കു പോയവരെ പതിയിരുന്ന് ആക്രമിച്ച സംഭവങ്ങളുമുണ്ടായി. കൗടികാരി മേഖലയിൽ ഒരു കെട്ടിടത്തിന് അക്രമികൾ തീവച്ചു.

ഏപ്രിലിൽ ചിബോക്കിലെ ഗേൾസ് സെക്കൻഡറി സ്കൂളിൽനിന്ന് 276 പെൺകുട്ടികളെ ബോക്കോഹറം തട്ടിക്കൊണ്ടുപോയിരുന്നു. അമേരിക്കൻ, ബ്രിട്ടീഷ് വിദഗ്ധരുടെ സഹായത്തോടെ നൈജീരിയൻ സേന തെരച്ചിൽ നടത്തുന്നുണ്ടെങ്കിലും ഇതുവരെ പെൺകുട്ടികളെ കണ്ടെത്താനായിട്ടില്ല.

നൈജീരിയയിൽ ശരിയത്ത് നടപ്പാക്കണമെന്നാവശ്യപ്പെട്ടു സമരം നടത്തുന്ന ബോക്കോഹറം ഈ വർഷം വടക്കൻ നൈജീരിയയിൽ 2000 പേരെ കൊലപ്പെടുത്തിയെന്നാണു കണക്ക്.

## മുൻ പോളിറ്റ് ബ്യൂറോ അംഗം സുവിനെ കമ്യൂണിസ്റ്റ് പാർട്ടിയിൽ നിന്നു പുറത്താക്കി



ബെയ്ജിംഗ്: മുൻ പോളിറ്റ് ബ്യൂറോ അംഗവും സെൻട്രൽ മിലിറ്ററി കമ്മീഷന്റെ മുൻ വൈസ് ചെയർമാനുമായ സുകയിഹുവിനെ അഴിമതിക്കേസിൽ വിചാരണ ചെയ്യും. ഇതിനു പ്രാരംഭമായി സുവിനെ കമ്യൂണിസ്റ്റ് പാർട്ടിയിൽ നിന്നു പുറത്താക്കി.

പ്രസിഡന്റ് ഷി ചിൻപിംഗ് അഴിമതിക്കെതിരേ സന്ധിയില്ലാസമരം പ്രഖ്യാപിച്ചശേഷം പുറത്താക്കപ്പെടുന്ന ഏറ്റവും മുതിർന്ന ഉദ്യോഗസ്ഥനാണ് സു. കഴിഞ്ഞവർഷമാണ് അദ്ദേഹം മിലിറ്ററി കമ്മീഷനിൽനിന്നു റിട്ടയർ ചെയ്തത്. ഏതാനും മാസങ്ങളായി അദ്ദേഹത്തെ തടവിൽ പാപ്പിച്ചിരിക്കുകയായിരുന്നുവെന്നു പറയപ്പെടുന്നു.

ചൈനീസ് പ്രസിഡന്റ് ചിൻപിംഗിന്റെ അധ്യക്ഷതയിൽ ചേർന്ന പോളിറ്റ്ബ്യൂറോയാണ് സുവിനെതിരേ നടപടിക്കു ശിപാർശ ചെയ്തത്. പാർട്ടിയിൽനിന്നു പുറത്താക്കിയ സുവിനെ സൈനിക കോടതിയിൽ വിചാരണയ്ക്കു വിധേയനാക്കുമെന്നു സിൻഹുവാ വാർത്താ ഏജൻസി റിപ്പോർട്ടു ചെയ്തു.

ഏതാനും പേർക്കു പ്രൊമോഷൻ നൽകുന്നതിന് സുവഴിവിട്ടു പ്രവർത്തിച്ചെന്നും കൈക്കൂലി വാങ്ങിയെന്നുമാണ് കേസ്.

സുവിനു പുറമേ മൂന്നു മുതിർന്ന ഉദ്യോഗസ്ഥരെക്കൂടി അഴിമതിയുടെ പേരിൽ പാർട്ടിയിൽനിന്നു പുറത്താക്കിയിട്ടുണ്ട്. ജിയാംഗ് ജിമെൻ, വാംഗ് യോങ്ചുൻ, മുൻ മന്ത്രി ലി ഡോംഗ്ഷെൻഗ് എന്നിവരാണ് പുറത്താക്കപ്പെട്ടവർ.

## പാചകവാതകത്തിന്റെ വിലയും കേന്ദ്ര സർക്കാർ വർധിപ്പിച്ചു

*ന്യൂഡൽഹി:* പെട്രോൾ, ഡീസൽ വില വർധനയ്ക്കു പിന്നാലെ പാചകവാതകത്തിന്റെ വിലയും കേന്ദ്ര സർക്കാർ വർധിപ്പിച്ചു. സബ്സിഡിയുള്ള ഗാർഹിക സിലിണ്ടറിന് 4.50 രൂപയും വാണിജ്യ അടിസ്ഥാനത്തിലുള്ള ഗാർഹികേതര സിലിണ്ടറിനു 40 രൂപ വരെയുമാണു വർധിപ്പിച്ചത്. സബ്സിഡി ഇല്ലാത്ത ഗാർഹിക സിലിണ്ടറിന് 24 രൂപയും വർധിച്ചിട്ടുണ്ട്.

വിമാനഇന്ധനവിലയിൽ 0.6% വർധനയും വരുത്തിയിട്ടുണ്ട്. ഇറാക്കിലെ രാഷ്ട്രീയപ്രതിസന്ധിയാണ് ഇതിനു കാരണമായി സർക്കാർ ചൂണ്ടിക്കാട്ടുന്നത്.

## കടൽകൊലപാതകം: കേന്ദ്രസർക്കാർ നിയമോപദേശം തേടി



*ന്യൂഡൽഹി:* ഇറ്റാലിയൻ നാവികർ പ്രതികളായ കടൽക്കൊലക്കേസിൽ അഭിഭാഷകനെ നിയോഗിക്കുന്നതു സംബന്ധിച്ചു കേന്ദ്രസർക്കാർ നിയമോപദേശം തേടി.

ഇറ്റാലിയൻ സർക്കാരിനു വേണ്ടി കോടതിയിൽ ഹാജരായിക്കൊണ്ടിരുന്ന മുതിർന്ന അഭിഭാഷകൻ മുകുൾ റോത്തഗി അറ്റോർണി ജനറലായതിന്റെ പശ്ചാത്തലത്തിലാണു കേന്ദ്ര സർക്കാരിനുവേണ്ടി ആരെ നിയോഗിക്കുമെന്ന കാര്യത്തിൽ കേന്ദ്ര ആഭ്യന്തര മന്ത്രാലയം നിയമമന്ത്രാലയത്തിന്റെ അഭിപ്രായം ആരാഞ്ഞത്.

ജോർജ് തഴക്കര



## ക്ലീൻ കാമ്പസ് സേവ് കാമ്പസ് – തലമുറകളെ വീണ്ടെടുക്കുന്ന പദ്ധതി

സംസ്കാരത്തിലും സാക്ഷരതയിലും മുന്നിൽനില്ക്കുന്ന കേരളം അവമാനകരമായ കാലത്തിലൂടെ കടന്നുപോകുകയാണ്. സ്ത്രീകളും കുട്ടികളും പീഢനത്തിനു ഇരയാകുന്നു. ലൈംഗികപീഢനത്തിന്റെയും അതിനെ തുടർന്നുള്ള കൊലപാതങ്ങളുടെയും ഞെട്ടിക്കുന്ന കഥകളാണ് അനുദിനം പത്രങ്ങളിൽ ഇടം നേടുന്നത്.

കേൾക്കരുതെന്നു കരുതുന്നതൊക്കെയും കേട്ടുതുടങ്ങിയിരിക്കുന്നു. 'കുലമറുതിക്കു സമയമായിതോ/ മനുഷ്യനീജന്മം മതിയെന്നായിതോ/ കരയുന്നു ധര..' എന്ന് അയ്യപ്പപണിക്കർ 'കരയുന്നൂ ധര' എന്ന കവിതയിൽ വിലപിക്കുന്നു.

ലഹരിയുടെ ആസക്തിയിൽ അമ്മയെ തിരിച്ചറിയാൻ കഴിയാതെപോയ അതിദാരുണസംഭവം കുറച്ചുദിവങ്ങൾക്കു മുമ്പ് റിപ്പോർട്ട് ചെയ്യപ്പെട്ടു. 'അറിയാതെ ജനനിയെ പരിണയിച്ചൊരു യവനതരുണന്റെ കഥയെത്ര പഴകീ;/ പുതിയ കഥയെഴുതുന്നു വസുധയുടെ മക്കളിവർ/ വസുധയുടെ വസ്ത്രമുരിയുന്നു!/ വിപണികളിലവ വിറ്റുമോന്തുന്നു, വിടനഖര-/ മഴുമുനകൾ കേളീ തുടരുന്നൂ .....' എന്നിങ്ങനെ 'ഭൂമിക്കൊരു ചരമഗീതം' എന്ന കവിതയിൽ ഒ.എൻ.വി. എഴുതി.

2011ലെ ഭക്ഷ്യസുരക്ഷ നിയമത്തിന്റെ ഭാഗമായിട്ടാണ് പാൻമസാല, ഗുഡ്ക തുടങ്ങിയ ലഹരി ഉല്പന്നങ്ങളുടെ വിപണനം നിർത്തലാക്കണമെന്ന് കേന്ദ്ര ആരോഗ്യമന്ത്രാലയം തീരുമാനിച്ചതും നിരോധിച്ചതും.

എന്നിട്ടും, ലഹരിയുടെ ഒഴിയാബാധകളിൽ കുട്ടികളെ കുരുക്കുന്ന വിപണനതന്ത്രങ്ങൾ തുടരുന്നു. വായിക്കുള്ളിലെ പേശികളെ ദ്രവിപ്പിക്കുകയും നാവിലെ രസമുകുളങ്ങളെ നശിപ്പിക്കുകയും ചെയ്ത് കാൻസറിലേക്കു നയിക്കുന്ന ഇത്തരം ലഹരി ഉല്പന്നങ്ങൾ നിരോധിക്കപ്പെട്ടുവെങ്കിലും അതിന്റെ ഉപയോഗം ഇപ്പോഴും ഉണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്.

മെഡിക്കൽ കോളജുകളിലെ കമ്യൂണിറ്റി മെഡിസിൻ വിഭാഗത്തിന്റെ ചുമതലയിലുള്ള വിമുക്തിയുടെ ഭാഗമായി നടത്തിയ സ്കൂൾ സർവ്വേകൾ ഞെട്ടിപ്പിക്കുന്ന കണക്കുകളാണ് പുറത്തുകൊണ്ടുവന്നിരിക്കുന്നത്. ചെറു പ്രായത്തിൽ തന്നെ കുട്ടികൾ ലഹരിമരുന്നിലേക്കു ആകർഷിക്കപ്പെടുന്നു. മധുരരൂപത്തിൽ തുടങ്ങുന്ന താല്പര്യം ലഹരിയുടെ ആസക്തിയിലേക്ക് അവരറിയാതെ അവരെ നയിക്കപ്പെടുന്നു.

കേരളസമൂഹത്തിൽ ഇന്നു കാണുന്ന 95 ശതമാനം അക്രമങ്ങൾക്കുപിന്നിലും ബ്ലേഡ്- മദ്യ മാഫിയകളുടെ സ്വാധീനത്തിൽനിന്നും ഉണ്ടാകുന്നതാണ്. അതിപ്രബലമായ ഈ സംഘത്തെ കൂച്ചുവിലങ്ങിടുവാനുള്ള പുറപ്പാടിലാണ് ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല. ധീരമായ ഈ നടപടിയെ കേരളസമൂഹം ആദരവോടെയാണ് കാണുന്നത്. ബ്ലേഡ് മാഫിയയെ തച്ചുതകർക്കുന്നതിന്റെ ഭാഗമായി ആരംഭിച്ചതാണ് ഓപ്പറേഷൻ കുബേര. ഹൈക്കോടതിയും ഈ പദ്ധതിയെ അംഗീകരിച്ചിരിക്കുന്നു. മോഹങ്ങൾക്കു പിന്നാലെ സാഹചര്യം മറന്ന് സഞ്ചരിക്കുന്ന ഉപഭോക്തസംസ്കാരത്തിന്റെ പിടിയിലമർന്ന കേരളീയർക്ക് ചിന്തിക്കുവാനുള്ള അവസരം കൂടിയാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്.

ലഹരി ഉല്പന്നങ്ങളിലേക്ക് അറിയാതെ ആകൃഷ്ടരാകുന്ന കുട്ടികളെ വീണ്ടെടുക്കുക എന്ന ദൗത്യമാണ് 'ക്ലീൻ കാമ്പസ്, സേവ് കാമ്പസ്' എന്ന പദ്ധതി. ജൂൺ 30ന് ഈ പദ്ധതിയുടെ ഉദ്ഘാടനം മുഖ്യമന്ത്രി ഉമ്മൻചാണ്ടി തിരുവനന്തപുരത്ത് നിർവഹിച്ചതോടെ ഇതിന്റെ പ്രവർത്തനം ആരംഭിച്ചിരിക്കുന്നു. ഒരുപാട് അമ്മമാരുടെ കണ്ണീരൊപ്പുവാൻ ഈ പദ്ധതിയിലൂടെ കഴിയും. കുട്ടികളെ സംരക്ഷിക്കുക എന്നത് തലമുറയെ വീണ്ടെടുക്കുക എന്നാണ് അർത്ഥം.

വിദ്യാലയങ്ങൾക്കു സമീപം പുകയില ഉൽപ്പന്നങ്ങളുടെ വില്പനയും ഉപയോഗവും നിരോധിക്കുന്നതോടൊപ്പം ഇത്തരം സംഘങ്ങൾ വിദ്യാർത്ഥികളെ വലയിലാക്കുന്നതു തടയുന്നതുൾപ്പെടെയുള്ള പ്രവർത്തനങ്ങളാണ് ഇതിലൂടെ നടപ്പിലാക്കുന്നത്. ജില്ലാതലത്തിൽ കളക്ടറുടെ നേതൃത്വത്തിലാണ് പ്രവർത്തനം. പ്രധാന അദ്ധ്യാപകൻ, പി.ടി.എ. പ്രസിഡന്റ്, സ്കൂൾ ലീഡർ, പൊലീസ് ഇൻസ്പെക്ടർ എന്നിവരാണ് സമിതിയിൽ പ്രവർത്തിക്കുന്നത്.

മലയാളിയുടെ ആത്മാഭിമാനം വീണ്ടെടുക്കുവാനുള്ള പദ്ധതികളാണ് ആഭ്യന്തര മന്ത്രി എന്ന നിലയിൽ രമേശ് ചെന്നിത്തല ഏറ്റെടുത്തിരിക്കുന്നത്. കുറ്റ രഹിത കേരളമാണ് അദ്ദേഹം വിഭാവനം ചെയ്യുന്നത്. ഉടൻ പ്രവർത്തനം ആരംഭിക്കുന്ന 'ഷെയ്പ് ആന്റ് സ്മൈൽ' പദ്ധതിയിലൂടെ റോഡപകടത്തിൽപെടുന്നവർക്ക് ആദ്യമണിക്കൂറിൽ തന്നെ പ്രാഥമിക ശുശ്രൂഷ ലഭിക്കുന്നതിനുള്ള സാഹചര്യമാണ് ഇതിലൂടെ അദ്ദേഹം വിഭാവനം ചെയ്യുന്നത്.

സമൂഹത്തെ നേരായ പാതയിലേക്കു നയിക്കുവാനുള്ള അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾക്ക് സർവ്വ പിൻതുണയും നൽകുക.

## നാലു ഡാമുകളും കേരളത്തിന്റേതു തന്നെ: മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി.



*കൊച്ചി:* പറമ്പിക്കുളം ഗ്രൂപ്പ് ഡാമുകളും മുല്ലപ്പെരിയാറും ഉൾപ്പെടെ നാലു ഡാമുകളും കേരളത്തിന്റേതു തന്നെയാണെന്നു മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി.

അണക്കെട്ടുകൾ സ്ഥിതി ചെയ്യുന്നതു കേരളത്തിന്റെ അതിർത്തിക്കുള്ളിലാണ്. ഉടമസ്ഥാവകാശം സംബന്ധിച്ചു തമിഴ്നാട് മുഖ്യമന്ത്രി ജയലളിത പുറപ്പെടുവിപ്പിച്ച പ്രസ്താവന അടിസ്ഥാന രഹിതമാണെന്നും മുഖ്യമന്ത്രി കൊച്ചിയിൽ പത്രസമ്മേളനത്തിൽ പറഞ്ഞു.

അണക്കെട്ടുകളെ സംബന്ധിച്ച ആധികാരിക രേഖയായ ദേശീയ ഡാം രജിസ്ട്രിയിൽ (എൻആർഎൽഡി) പറമ്പിക്കുളം ഗ്രൂപ്പ് ഡാമുകളിലെ പറമ്പിക്കുളം, തുണക്കടവ്, പെരുവാരിപ്പള്ളം ഡാമുകളും മുല്ലപ്പെരിയാർ ഡാമും കേരളത്തിന്റേതു തന്നെയാണെന്നാണു രേഖപ്പെടുത്തൽ. തമിഴ്നാടിന്റെ ഉടമസ്ഥതയിലുള്ള ഡാമുകളുടെ ലിസ്റ്റിൽ ഈ അണക്കെട്ടുകളുടെ പേരുകളില്ല. ഇതുമായി ബന്ധപ്പെട്ട ധാരണാപത്രമനുസരിച്ചു ഡാമുകളുടെ സംരക്ഷണവും പ്രവർത്തനവും തമിഴ്നാടിനാണെങ്കിലും ഇവിടത്തെ ക്രമ സമാധാനം, വിനോദസഞ്ചാരം തുടങ്ങിയവയെല്ലാം കേരളത്തിന്റെ അധികാരപരിധിയിലാണ്.

ഡാമുകളുടെ അറ്റകുറ്റപ്പണികൾ തമിഴ്നാട് നടത്തുന്നുണ്ടെങ്കിൽ അതു കരാർ വ്യവസ്ഥയിലുള്ളതാണ്.

പറമ്പിക്കുളം ഗ്രൂപ്പിലെ മൂന്നു ഡാമുകളും കോസ്റ്റ് ഷെയർ വ്യവസ്ഥയിലാണു നിർമിച്ചത്. ഇവിടെ വെള്ളം പങ്കിടുന്നതിലും കൃത്യമായ വ്യവസ്ഥകളുണ്ട്. ഈ വ്യവസ്ഥകളൊക്കെ പാലിച്ചുകൊണ്ടാണു കേരളം മുന്നോട്ടുപോകുന്നത്. ഇവയൊന്നും ലംഘിക്കാൻ കേരളം ഉദ്ദേശിക്കുന്നില്ല. എന്നാൽ, കേരളത്തിന്റെ അവകാശങ്ങളൊന്നും വിട്ടു കൊടുക്കുകയുമില്ല. ഇതേക്കുറിച്ചു വിവാദങ്ങൾ ഉണ്ടാക്കാൻ ആഗ്രഹിക്കുന്നില്ലെന്നും മുഖ്യമന്ത്രി പറഞ്ഞു.

## അമ്മയുടെ പ്രസിഡന്റായി ഇന്നസെന്റ് എം.പി തുടരും



*കൊച്ചി:* താരസംഘടനയായ അമ്മയുടെ പ്രസിഡന്റായി ഇന്നസെന്റ് തുടരും. ഇന്നസെന്റിന്റെ രാജി ആവശ്യം സംഘടന അംഗീകരിച്ചില്ല. ഇന്നലെ കൊച്ചി ലേ മെറിഡിയനിൽ ചേർന്ന അമ്മ ജനറൽ ബോഡി യോഗമാണ് ഇന്നസെന്റിന്റെ രാജി ആവശ്യം തള്ളിയത്.

പാർലമെന്റംഗമായി തെരഞ്ഞെടുക്കപ്പെട്ട സാഹചര്യത്തിൽ അമ്മയുടെ പ്രസിഡന്റ് സ്ഥാനം ഒഴിയാൻ ഇന്നസെന്റ് ആഗ്രഹം പ്രകടിപ്പിച്ചു. എംപിയെന്ന നിലയിൽ മണ്ഡലത്തിലെ ജനങ്ങൾക്കു വേണ്ടി പ്രവർത്തിക്കേണ്ടതിനാലാണെന്ന് അദ്ദേഹം പറഞ്ഞു. എന്നാൽ, സ്ഥാനം ഒഴിയേണ്ടതില്ലെന്നായിരുന്നു അമ്മയുടെ നിലപാട്. അദ്ദേഹത്തിനു ഈ സ്ഥാനത്തു ഒരു വർഷംകൂടി കാലാവധിയുണ്ട്. പ്രമുഖതാരങ്ങൾ ഉൾപ്പെടെ 250 പേർ യോഗത്തിൽ പങ്കെടുത്തു.

അമ്മയിൽ അംഗത്വമെടുക്കുന്നതിനുള്ള ഫീസ് ഒരു ലക്ഷത്തി ആയിരം രൂപയായി വർധിപ്പിച്ച തീരുമാനം യോഗം അംഗീകരിച്ചു. നേരത്തേ 30,500 രൂപയായിരുന്നു ഫീസ്. സിനിമാ രംഗത്തുനിന്നു വിരമിച്ച അംഗങ്ങളായ 105 പേർക്കു പ്രതിമാസം 5,000 രൂപ പെൻഷൻ നൽകുന്നതു തുടരാനും യോഗത്തിൽ തീരുമാനമായി.

വാഹനാപകടത്തിൽ പരിക്കേറ്റു ചികിത്സയിൽ കഴിയുന്ന നടൻ ജഗതി ശ്രീകുമാറിനു ധനസഹായമായി അഞ്ചു ലക്ഷം രൂപ നൽകും. അവശത അനുഭവിക്കുന്ന നടീനടന്മാരെ സഹായിക്കാൻ ദിലീപ് നൽകിയ 25 ലക്ഷം രൂപയിൽനിന്നാണ് ഈ തുക നൽകുന്നത്. ട്വന്റി-ട്വന്റി സിനിമയുടെ ലാഭവിഹിതത്തിൽനിന്നു ദിലീപ് മാറ്റിവച്ച തുകയാണിത്. കൊച്ചിൻ ഹനീഫയുടെ മക്കളുടെ പഠന ച്ചെലവ് അമ്മ ഏറ്റെടുക്കും. നാലുപേർക്കു കൂടി അമ്മ കൈനീട്ടം നൽകും.

ജനറൽ സെക്രട്ടറി മോഹൻലാൽ, വൈസ് പ്രസിഡന്റ് ദിലീപ്, സെക്രട്ടറി ഇടവേള ബാബു, ദേവൻ, ജയസൂര്യ, കുഞ്ചാക്കോ ബോബൻ, ലാലു അലക്സ്, കുക്കു പരമേശ്വരൻ, കാവ്യാ മാധവൻ എന്നിവരും പത്രസമ്മേളനത്തിൽ പങ്കെടുത്തു.



*കെ.പി.സി.സി പ്രാദേശികസമിതിയുടെ നേതൃത്വത്തിൽ മാവേലിക്കരയിൽ വെച്ചു നടന്ന മദ്യലഹരിവിരുദ്ധ സമ്മേളനം ആലപ്പുഴ ജില്ലാ യു.ഡി.എഫ് ചെയർമാൻ എം.മുരളി ഉദ്ഘാടനം ചെയ്യുന്നു. നിത്യചൈതന്യയതി ഫൗണ്ടേഷൻ ഡയറക്ടർ ജോർജ് തഴക്കര, കേരള പാണിനി അക്ഷരശ്ലോകസമിതി പ്രസിഡന്റ് വി.പി.ജയചന്ദ്രൻ, മാവേലിക്കര ഇമാം, സ്വാമി കൈവല്യനാഥൻ, ഫാ.മത്തായി വിലനിലത്ത്, കോൺഗ്രസ് ബ്ലോക്ക് പ്രസിഡന്റ് കല്ലുമല രാജൻ, മാവേലിക്കര മുനിസിപ്പൽ ചെയർമാൻ അഡ്വ. കെ.ആർ.മുരളീധരൻ, വൈസ് ചെയർമാൻ മീനാ സുനിൽ, ജനകീയസമിതി സംസ്ഥാന സെക്രട്ടറി അനി വർഗീസ് തുടങ്ങിയവർ സമീപം.*

## PEACE OF MIND CHARITIES, LLC

130 Alburger Ave, Philadelphia. PA 19115,
Tel: 267-991-2111.



*ഫിലഡൽഫിയ:* പീസ് ഓഫ് മൈൻഡ് ചാരിറ്റീസിന്റെ നേതൃത്വത്തിൽ ടൈംസ് ഓഫ് അമേരിക്ക ഓൺ ലൈൻ ന്യൂസിന്റെയും കേരളത്തിൽ പ്രവർത്തിച്ചുവരുന്ന ഗുരു നിത്യ ചൈതന്യ യതി ഫൗണ്ടേഷന്റെയും സഹകരണത്തിൽ ചികിത്സാ സഹായവും വിദ്യാഭ്യാസ സ്കോളർഷിപ്പും നൽകുവാനുള്ള പദ്ധതികൾക്ക് തുടക്കം കുറിച്ചിരിക്കുന്നു.

സാമ്പത്തിക ക്ലേശത്താൽ നട്ടംതിരിയുന്ന കുടുംബങ്ങൾക്ക് രോഗചികിത്സയ്ക്കും വിദ്യാഭ്യാസ സഹായത്തിനുമായി പീസ് ഓഫ് മൈൻഡ് ചാരിറ്റീസ് ഫണ്ട് സമാഹരിക്കുന്നു.

നിങ്ങൾ നൽകുന്ന ജീവകാരുണ്യ തുക പീസ് ഓഫ് മൈൻഡിലൂടെ നിങ്ങൾ നിർദ്ദേശിക്കുന്ന അർഹതയുള്ള വ്യക്തികൾക്കു നൽകുവാനുള്ള പദ്ധതിയും ഇതോടൊപ്പം ചെയ്തുവരുന്നു.

അർഹരായവരുടെ കൈകളിൽ നിങ്ങൾ നൽകുന്ന സഹായം നൽകുവാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്. ജനനം, മാമോദിസ, വിവാഹം തുടങ്ങിയുള്ള ആഘോഷങ്ങളിൽ നിന്നും ഒരു നിശ്ചിത തുക ജീവകാരുണ്യപ്രവർത്തനങ്ങൾക്കായി നീക്കിവയ്ക്കുവാൻ തീരുമാനിക്കുകയും നിങ്ങളുടെ സുഹൃത്തുക്കളോടും, ബന്ധുക്കളോടും ഇതിന്റെ ആവശ്യകതയെക്കുറിച്ചു ബോധ്യപ്പെടുത്തുകയും ചെയ്യുന്നതിലൂടെ അനേകരെ ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരുവാനും കൈപിടിച്ചുയർത്തുവാനും കഴിയും. അവരുടെ പ്രാർത്ഥന നിങ്ങളുടെ ജീവിതത്തെ കുറച്ചുകൂടി മെച്ചപ്പെടുത്തുവാൻ സഹായിക്കും.

കൂടുതൽ വിവരങ്ങൾക്ക്: Tel: 267-991-2111.

## നിഥിൻ ജോർജിന് 'ലൈഫ് അവാർഡ് 2014'



*ന്യൂയോർക്ക്:* മലയാളി വിദ്യാർഥിക്ക് കൊളംബിയ യൂണിവേഴ്സിറ്റിയുടെ മികച്ച വിദ്യാർഥിക്കുള്ള പുരസ്കാരം. യൂണിവേഴ്സിറ്റിയിലെ എംഎസ് വിദ്യാർഥിയായ ന്യൂയോർക്കിൽ നിന്നുള്ള ജെ.എ നിഥിൻ ജോർജിനാണ് യൂണിവേഴ്സിറ്റിയുടെ മികച്ച വിദ്യാർഥിക്കുള്ള 'ലൈഫ് അവാർഡ് 2014' ലഭിച്ചത്.

ജൂൺ 28ന് നടന്ന ബിരുദദാന ചടങ്ങിൽ യൂണിവേഴ്സിറ്റി വൈസ് ഡീനും പ്രഫസറുമായ ഡോ. സോളമൻ കച്ചാനിയിൽനിന്നും നിഥിൻ പുരസ്കാരം സ്വീകരിച്ചു. ലോകത്തെതന്നെ മികച്ച സർവകലാശാലകളിലൊന്നായി എണ്ണപ്പെടുന്നതാണ് 1754 ൽ സ്ഥാപിതമായ കൊളംബിയ യൂണിവേഴ്സിറ്റി.

തിരുവനന്തപുരം കാട്ടാക്കട ക്രിസ്ത്യൻ കോളജ് ഡിപ്പാർട്ട്മെന്റ് ഓഫ് കൊമേഴ്സ് വിഭാഗം തലവൻ ഡോ. ജി. ജോസഫ് ആന്റണിയുടെ മകനാണ് നിഥിൻ ജോർജ്.

For Advertisement
CONTACT US
Tel: 267-991-2111



വാർത്താസമാഹരണം
ജോയിച്ചൻ പുതുക്കുളം

# സപ്താഹ മഹായജ്ഞം സമാപിച്ചു

ഗണേഷ് നായർ



*ന്യൂജേഴ്സി:* നാമത്തിന്റെ നേതൃത്വത്തിൽ നടന്ന ഇരുനൂറിലധികം ഭക്ത ജനങ്ങൾ ദിനം പ്രതി പങ്കെടുത്ത സപ്താഹ മഹാ യജ്ഞം സമാപിച്ചു.

യജ്ഞാചാര്യൻ മണ്ണടി ഹരിജി അതാതു ദിവസത്തേ പാരായണത്തിനുശേഷം സന്ദർഭം വിവരിച്ചുള്ള പ്രഭാഷണങ്ങൾ നൽകി.

വിശിഷ്ടാതിഥികളായി സമാന്തര സംഘടന പ്രസിഡന്റും മറ്റു ഭാരവാഹികളും പങ്കെടുക്കുകയും മഹാത്മ പ്രഭാഷണങ്ങളിൽ പങ്കുചേരുകയും ചെയ്തു. ഈ മഹായജ്ഞം ഇത്രയും ഭംഗിയായും ചിട്ടയായും നടത്തുവാൻ സാധിച്ചതിൽ അതീവകൃതാർഥരാണെന്ന് നാമം പ്രസിഡന്റും യജ്ഞ യജമാനനുമായ മാധവൻ നായർ തന്റെ നന്ദി പ്രകാശനത്തിൽ പ്രസ്താവിച്ചു.

സപ്താഹ യജ്ഞത്തിലെ പൗരാണികർ ആയ പാർഥസാരഥിപിള്ള, വാസുദേവ് പുളിക്കൽ, സരോജിനി അമ്മ, ശ്രീധരൻ നായർ, ഭാനുമതി അമ്മ എന്നിവരെ നാമം പ്രസിഡന്റ് മാധവൻ നായർ പൊന്നാട നൽകി ആദരിക്കുകയും നാമത്തിന്റെ ഉപഹാരമായി ഏഴു ദിവസ പൂജ നടത്തിയ ആറന്മുള്ള കണ്ണാടി നൽകുകയും ചെയ്തു. നോർത്ത് അമേരിക്കയുടെ വിവിധ ഭാഗങ്ങളിൽ നിന്നും ഹിന്ദു സംഘടനകളുടെ ധാരാളം പ്രതിനിധികൾ യജ്ഞ ശാലയിൽ എത്തിയിരുന്നു. സമൂഹത്തിന്റെ നാനാതുറയിൽപ്പെട്ട സംഘടനാ പ്രതിനിധികൾ യജ്ഞ ശാലയിൽ ഭക്ത ജനങ്ങളായി എത്തിയതിൽ തന്റെ അകൈതവമായ സ്നേഹാദരവുകൾ രേഖപ്പെടുത്തുന്നതായി മാധവൻ നായർ കൂട്ടിച്ചേർത്തു. മഹിമ പ്രസിഡന്റ് ബാഹുലേയൻ രാഘവൻ, സെക്രട്ടറി ഉണ്ണി കൃഷ്ണൻ തമ്പി, വൈസ് പ്രസിഡന്റ് സരസ്വതി നായർ, ശ്രീനാരായണ അസോസിയേഷൻ പ്രസിഡന്റ് പ്രസന്നൻ ഗംഗാധരൻ, മുൻ പ്രസിഡന്റ് ഗോപാലൻ, ജനാർദ്ദനൻ, ഗോവിന്ദൻ, ഓമന വാസുദേവ്, നായർ ബനവലന്റ് അസോസിയേഷൻ പ്രസിഡന്റ് രഘുവരൻ നായർ, മുൻ പ്രസിഡന്റ് വനജ നായർ, ട്രഷറർ പ്രദീപ് മേനോൻ, രാമദാസ് കൊച്ചുപുരയ്ക്കൽ, രാജഗോപാൽ കുന്നപ്പിളിൽ, പ്രദിപ് കുമാർ നായർ, ബീനാ മേനോൻ, കെഎച്ച്എൻഎ ട്രസ്റ്റി ബോർഡ് സെക്രട്ടറി വിനോദ് കെയാർകെ, കെഎച്ച്എൻഎ ജനറൽ സെക്രട്ടറി ഗണേഷ് നായർ, വേൾഡ് അയ്യപ്പ സേവാ ട്രസ്റ്റ് ജനറൽ സെക്രട്ടറി ഡോ. പദ്മജ പ്രേം എന്നിവരുടെ സാന്നിധ്യം പ്രത്യേകം ശ്രേഷ്ഠമായി.

മനോജ് കൈപ്പിള്ളിയുടെ ഭക്തി ഗാനങ്ങൾ അവതരിപ്പിച്ചു. സംഘടന മികവുകൊണ്ടും അതിഥി സ്വീകരണ ശൈലി കൊണ്ടും ഈ യജ്ഞം നോർത്ത് അമേരിക്കയിൽ നടന്ന മറ്റു യജ്ഞങ്ങളെക്കാൾ ഒരു പിടി മുന്നിലായിരുന്നുവെന്ന് യജ്ഞത്തിന്റെ ചീഫ് കോർഡിനേറ്റർ സജീവ് കുമാർ അഭിപ്രായപ്പെട്ടു.

മൂന്നൂറിലധികം ജനങ്ങളെ ഉൾക്കൊള്ളുന്ന യജ്ഞ വേദിയായിരുന്നു സപ്താഹ യജ്ഞത്തോടുനുബന്ധിച്ചു നടത്തി വന്ന കൾച്ചറൽ പ്രോഗ്രാമിനായി ഒരുക്കിയിരുന്നത്. യജ്ഞത്തിൽ പങ്കെടുത്ത എല്ലാവർക്കും യജ്ഞ പ്രസാദമായി ആറന്മുള കണ്ണാടി ഉൾപ്പെടെയുള്ള ഉപഹാരങ്ങൾ നൽകി. ഭക്ത ജനങ്ങൾക്ക് താമസ സൗകര്യം യാത്രാ സൗകര്യം എന്നിവ ഒരുക്കിയ സജിവ് കുമാർ, അജിത്ത് കുമാർ, സജിത്ത് നായർ, വിനിത നായർ, പ്രേം നാരായണൻ എന്നിവരെ പ്രസിഡന്റ് മാധവൻ നായർ പ്രത്യേകം അഭിനന്ദിച്ചു.

മഹായജ്ഞം വൻ വിജയം ആക്കിതീർത്ത ഓരോ ഭക്ത ജനങ്ങളോടും ഉള്ള നാമത്തിന്റെ പ്രത്യേക നന്ദി പ്രസിഡന്റ് മാധവൻ നായർ തദവസരത്തിൽ അറിയിച്ചു.



## വീസാ ഓൺ അറൈവൽ ജർമനിക്കും ഈ വർഷം പ്രാബല്യം

**ജോർജ് ജോൺ**




*ഫ്രാങ്ക്ഫർട്ട്:* ഇന്ത്യയിലേക്ക് ടൂറിസ്റ്റ് ആയി പോകുന്നവർക്ക് വീസാ ഓൺ അറൈവൽ ജർമനിക്കും ഈ വർഷം പ്രബല്യത്തിലാകുമെന്ന് ഇന്ത്യൻ ടൂറിസം വകുപ്പ് മന്ത്രി ശ്രീപാദ് യെസോ നായ്ക് ഇന്ത്യൻ ടൂർ ഓപ്പറേറ്റർമാരോട് വെളിപ്പെടുത്തി. വിദേശകാര്യ വകുപ്പ് (മിനിസ്ട്രി ഓഫ് എക്സ്റ്റേണൽ അഫയേഴ്സ്) ഈ തീരുമാനം അംഗീകരിച്ചതായി വിദേശകാര്യ വകുപ്പ് വക്താവും അറിയിച്ചു.

അടുത്ത മൂന്ന് നാല് വർഷങ്ങളിലെ ഇന്ത്യയിലേക്കുള്ള ടൂറിസ്റ്റുകളുടെ വരവ് ഇരട്ടിപ്പിക്കാനാണ് ഈ തീരുമാനം കൈക്കൊള്ളുന്നത്. വിദേശകാര്യ വകുപ്പ് എടുത്ത വീസാ ഓൺ അറൈവൽ തീരുമാനത്തെ പ്രധാനമന്ത്രി നരേന്ദ്ര മോദി അംഗീകാരിച്ചെന്നും ടൂറിസം വകുപ്പ് വക്താവ് പറഞ്ഞു. ഇപ്പോൾ യൂറോപ്യൻ രാജ്യങ്ങളായ ഫിൻലാൻഡ്, ലക്സംബൂർഗ് എന്നീ രാജ്യങ്ങൾ മാത്രമാണ് ഈ വീസാ ഓൺ അറൈവൽ പ്രോഗ്രാമിൽ ഉള്ളത്. ഇപ്പോഴത്തെ പുതിയ തീരുമാനത്തിൽ ഫ്രാൻസ്, ജർമനി എന്നീ രാജ്യങ്ങളും വരും. താമസിയാതെ തന്നെ സ്പെയിൻ, മാൾട്ടാ എന്നീ രാജ്യങ്ങളും വീസാ ഓൺ അറൈവൽ പ്രോഗ്രാമിൽ കൂട്ടി ചേർക്കും.

ഇന്ത്യ 2010 മുതൽ 11 രാജ്യങ്ങൾക്ക് ടൂറിസ്റ്റ് വീസാ ഓൺ അറൈവൽ നടപ്പാക്കിയിരുന്നു. ഫിൻലാൻഡ്, ലക്സംബൂർഗ്, ജപ്പാൻ, ന്യൂസ്ലാൻഡ്, സിംഗപ്പൂർ, കംബോഡിയ, ഇന്തോനേഷ്യ, വിയറ്റ്നാം, ഫിലിപ്പൈൻസ്, ലാവോസ്, മ്യാൻമാർ എന്നിവയാണ് ഈ രാജ്യങ്ങൾ. ഏപ്രിൽ 15, 2014 മുതൽ സൗത്ത് കൊറിയൻ പൗരന്മാർക്കും വീസാ ഓൺ അറൈവൽ അനുവദിച്ചു. ജർമൻകാർക്ക് ഇന്ത്യയിലേക്ക് ടൂറിസ്റ്റ് വീസാ ഓൺ അറൈവൽ ആക്കുമ്പോൾ ജർമനിയും പരസ്പര പൂരകമായി (റിസിപ്രോക്കൽ) ഇന്ത്യക്കാർക്കും ടൂറിസ്റ്റ് വീസാ ഓൺ അറൈവൽ നടപ്പിലാക്കാൻ ഉടമ്പടി ഉണ്ടാക്കണം. അത് സാധ്യമാണെന്ന് ടൂറിസം മന്ത്രി ശ്രീപാദ് നായ്ക് പറഞ്ഞു.

ജനുവരി ഒന്നു മുതൽ മേയ് 31 വരെ ഇന്ത്യൻ എയർപോർട്ടുകളിൽ 9841 വീസാ ഓൺ അറൈവൽ നൽകി. ഇത് 2013 വർഷത്തേക്കാൾ 19.1 ശതമാനം കൂടുതലാണ്. ഓരാ എയർപോർട്ടുകളിലും വീസാ ഓൺ അറൈവൽ നൽകിയ കണക്കുകൾ ഇപ്രകാരമാണ്: ന്യൂഡൽഹി - 4711; മുംബൈ - 2001; ചെന്നൈ - 1249; ബാംഗളൂർ - 620; കോൽക്കത്ത- 610; കൊച്ചി - 293; ഹൈദരാബാദ് - 258; തിരുവനന്തപുരം - 99. വീസാ ഓൺ അറൈവൽ നടപ്പാക്കിയിരിക്കുന്ന 12 രാജ്യങ്ങളിൽ ഇന്ത്യയിലേക്ക് വരാൻ ഉദ്ദേശിക്കുന്ന ടൂറിസ്റ്റുകളെ ഈ സൗകര്യത്തെപ്പറ്റി കൂടുതൽ ബോധവത്കരിക്കാൻ ടൂറിസം മന്ത്രി ടൂർ ഓപ്പറേറ്റർമാരോടെ ആഹ്വാനം ചെയ്തു. ഇതിനെപ്പറ്റിയുള്ള ബോധവത്കരണത്തിന്റെ കുറവാണ് ഈ സമ്പ്രദായത്തിൽ വന്നിരിക്കുന്ന ഉപയോഗക്കുറവ്.

## മിസ് ഫൊക്കാന മത്സരം ജൂലൈ അഞ്ചിന്

**മാത്യു ജോസഫ്**




*ഷിക്കാഗോ:* ഫൊക്കാന നാഷണൽ കൺവൻഷൻ 2014 ഷിക്കാഗായോട് അനുബന്ധമായി നടത്തുന്ന മിസ് ഫൊക്കാന മത്സരം ജൂലൈ അഞ്ചിന് (ശനി) വൈകുന്നേരം എട്ടു മുതൽ വർണാഭമായ ചടങ്ങുകളോടെ അരങ്ങേറും.

മത്സരവേദി പോസ്റ്റു ചെയ്യുന്നത് മഴവിൻ മനോരമയുടെ അവതാരികയായ ആർദ്ര ബാലചന്ദ്രനും 2009 ലെ മിസ് കേരള കിരീടമണിഞ്ഞ അർച്ചന നായരുമാണ്.

മലയാളിത്തനിമയുടെ ഹൃദയതാരങ്ങൾ ഒപ്പിയെടുത്ത മലയാള ചലച്ചിത്ര വേദിയിലെ അതുല്യ പ്രതിഭകളായ പ്രശസ്തരും പ്രഗത്ഭരുമായ ഒരു താരനിരതന്നെ ജഡ്ജിമാരായി അണിനിരക്കുന്നു.

സുവർണ്ണ മാത്യു, മാതു, തമ്പി ആന്റണി, അംബിക, ദിവ്യാഉണ്ണി, മനയാ, ടോസ ജോർജ് എന്നിവരാണ് വിജയിയെ തെരഞ്ഞെടുക്കുന്നത്. കൂടാതെ വിജയിക്ക് റൗണ്ട് ട്രിപ്പ് ടു ഇന്ത്യ കാഷ് പ്രൈസ്, ഇന്ത്യയിലെ പ്രമുഖ റിസോർട്ടുകളിൽ താമസം തുടങ്ങിയവയാണ് സമ്മാനങ്ങൾ.

അമേരിക്കൻ ഉപഭൂഖണ്ഡത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും എത്തുന്ന മത്സരാർഥികൾ കേരളത്തനിമയിലായിരിക്കും മത്സരവേദിയിലെത്തുക. നാല് റൗണ്ടുള്ള മത്സരത്തിന്റെ ഇടവേളകളിൽ കേരളത്തിലേയും അമേരിക്കയിലേയും വിവിധ വേദികളിൽ കരഘോഷങ്ങളുടെ മാലപ്പടക്കം വിരിയിച്ച വിവിധ കലാകാരന്മാർ പ്രത്യേക പരിപാടികൾ അവതരിപ്പിക്കും. വിജയിയെ കിരീടമണിയിക്കുന്നത് പ്രശസ്ത സിനിമാതാരം മനോജ് കെ. ജയൻ ആയിരിക്കും.

പരിപാടിയുടെ വിജയത്തിനായി പ്രസിഡന്റ് മറിയാമ്മ പിള്ള, മിസ് ഫൊക്കാന കമ്മിറ്റി ചെയർപേഴ്സൺ അനു ജോസഫ്, കോചെയർപേഴ്സൺസായ ലൈസി അലക്സ്, ലത കറുകപ്പള്ളി, കോഓർഡിനേറ്റർമാരായ ജസി കാനാട്ട്, ബാലാ കെ. ആർ കെ, ഷൈനി ലെജി, റീബി സക്കറിയ, ഡോ. സുനിത നായർ തുടങ്ങിയവരടങ്ങിയ കമ്മിറ്റി പ്രവർത്തിച്ചു വരുന്നു. പ്രോഗ്രാം ഡയറക്ട് ചെയ്യുന്നത് ഏഷ്യാനെറ്റ് യു എസ് എ ടിവി പ്രോഗ്രാം ഡയറക്ടറായ ബിജു സക്കറിയ ആണ്.

## മിന്നു അഗസ്റ്റിന് പ്രത്യേക അംഗീകാരം

**ജീമോൻ റാന്നി**



*ഹൂസ്റ്റൺ:* അമേരിക്കൻ കെമിക്കൽ സൊസൈറ്റി ഗ്രേറ്റർ ഹൂസ്റ്റണിന്റെ സെക്ഷനും യൂണിവേഴ്സിറ്റി ഓഫ് ഹൂസ്റ്റണും സംയുക്തമായി നടത്തിയ 55-ാമത് സയൻസ് ആൻഡ് എൻജിനീയറിംഗ് ഫെയർ 2014ൽ ഹൂസ്റ്റൺ മിസോറി സിറ്റിയിലെ ഹൈടവർ ഹൈസ്കൂൾ വിദ്യാർഥിനി മിന്നു അഗസ്റ്റിന് പ്രത്യേക അംഗീകാരം.

ജോർജ് ബ്രൗൺ കൺവൻഷൻ സെന്ററിൽ നടന്ന ഫെയർ 2014ൽ 27 വിദ്യാർഥികൾ മാറ്റുരച്ച കെമിസ്ട്രി പ്രോജക്ട് വിഭാഗത്തിൽ മിന്നു തയാറാക്കിയ പ്രോജക്ട് വിധികർത്താക്കളുടെ പാനലിന്റെ മുക്തകണ്ഠ പ്രശംസ പിടിച്ചുപറ്റുകയും ഒന്നാം സ്ഥാനം ലഭിക്കുകയും ചെയ്തു.

മേയ് 28ന് ഹോട്ടൽ ഹിൽട്ടണിൽ നടന്ന അത്താഴവിരുന്നിൽ യൂണിവേഴ്സിറ്റി ഓഫ് ഹൂസ്റ്റൺ കെമിസ്ട്രി വിഭാഗം തലവൻ പ്രഫ. സൈമൺ ബോട്ട് മിന്നുവിന് സർട്ടിഫിക്കറ്റ് നൽകി അഭിനന്ദിച്ചു. ഷുഗർലാൻഡ് റിവർസ്റ്റോൺ നിവാസികളായ റോസമ്മ, അഗസ്റ്റിൻ കാഞ്ഞിരമറ്റം ദമ്പതികളുടെ രണ്ടാമത്തെ മകളാണ്. മിന്നു.

ഗായിക കൂടിയായ മിന്നു സ്കൂളിലെ വാഴ്സിറ്റി ക്വയർ അംഗവും റെഡ് ക്രോസ്, ഹെൽത്ത് ഒക്കുപ്പേഷൻസ്, സ്റ്റുഡന്റ്സ് ഓഫ് അമേരിക്ക എന്നിവയുടെ പ്രവർത്തനങ്ങളിൽ സജീവമാണ്. ഹൂസ്റ്റണിലെ പ്രമുഖ മലയാളി സംഘടനയായ ഒരുമ ഹൂസ്റ്റണിന്റെ സജീവ പ്രവർത്തകയുംകൂടിയാണ് മിന്നു അഗസ്റ്റിൻ.

## ഗാമയുടെ മലയാളം ക്ലാസുകൾ ആരംഭിച്ചു

**സണ്ണി തോമസ്**

*ഹൂസ്റ്റൺ, ടെക്സസ്:* ഓസ്റ്റിൻ പട്ടണത്തിലേയും സമീപ പ്രദേശങ്ങളിലേയും മലയാളികളുടെ കൂട്ടായ്മയായ 'ഗാമ' സമഗ്ര പ്രവർത്തനങ്ങൾ ആരംഭിച്ചിട്ട് പത്തുവർഷങ്ങൾ പൂർത്തിയാകുകയാണ്. ഈ ചെറിയ കാലയളവിൽ എല്ലാ മലയാളികളുടേയും മുക്തകണ്ഠമായ പ്രശംസ നേടി വളർച്ചയുടെ പടവുകൾ ചവുട്ടിക്കയറാൻ സഹായിച്ചത് നല്ല നേതൃത്വവും മലയാളികളുടെ അതിരുകളില്ലാത്ത സഹായ സഹകരണങ്ങളും കൊണ്ടാണ്.

പുതിയ തലമുറയിലേക്ക് മലയാള ഭാഷയുടെ മധുരം പകർന്നു നൽകിക്കൊണ്ടിരിക്കുന്ന ഗാമയുടെ മലയാളം ക്ലാസുകളുടെ ഈവർഷത്തെ ഉദ്ഘാടനകർമ്മം ജൂൺ 28ന് ജേക്കബ് ജോൺ നിർവ്വഹിച്ചു. ഗാമയുടെ മുൻ പ്രസിഡന്റ് രാമചന്ദ്രൻ അധ്യക്ഷത വഹിച്ച യോഗത്തിൽ വൈസ് പ്രസിഡന്റ് സണ്ണി തോമസ് സ്വാഗതം പറഞ്ഞു. ജേക്കബ് ജോൺ തന്റെ ഉദ്ഘാടന പ്രസംഗത്തിൽ പുതിയ തലമുറയിലേക്ക് മലയാള ഭാഷയും സംസ്കാരവും എത്തിക്കാൻ മലയാളി അസോസിയേഷൻ ചെയ്തുകൊണ്ടിരിക്കുന്ന എല്ലാ നല്ല പരിശ്രമങ്ങൾക്കും അതിനു നേതൃത്വം കൊടുക്കുന്നവർക്കും എല്ലാ പിന്തുണയും ആശംസയും നേർന്നു. പുതിയ ക്ലാസിൽ പങ്കെടുക്കുന്ന 45 കുട്ടികൾക്കും അവരുടെ മാതാപിതാക്കൾക്കും മുൻ പ്രസിഡന്റ് അനിമോൻ ജോസ് ആശംസകൾ അർപ്പിച്ചു. പ്രസിഡന്റ് രാമചന്ദ്രൻ അധ്യക്ഷ പ്രസംഗം നടത്തി.

## കാഞ്ഞിരപ്പള്ളി സംഗമത്തിൽ ഗുരു-ശിഷ്യർ ഒത്തുചേർന്നു

**സാബു ചൂണ്ടക്കാട്ടിൽ**



*ലെസ്റ്റർ:* ലസ്റ്ററിലെ മദർ ഓഫ് ഗോഡ് ചർച്ച് ഹാളിൽ കഴിഞ്ഞ ശനിയാഴ്ച നടന്ന കാഞ്ഞിരപ്പള്ളി സംഗമം അപൂർവ സംഗമത്തിന് സാക്ഷ്യം വഹിച്ചു.

ഗുരുനാഥനൊപ്പം ശിഷ്യരും ഒത്തുചേർന്ന് സൗഹൃദം പങ്കിടുകയും ആട്ടവും പാട്ടുമായി സ്നേഹം പങ്കിട്ട ഒരു സുന്ദര ദിനമാണ് യുകെയിലെ കാഞ്ഞിരപ്പള്ളിക്കാർ ഒത്തുചേർന്ന പ്രഥമ സംഗമത്തിന് കാണാൻ കഴിഞ്ഞത്.

രാവിലെ 10 മുതൽ ആരംഭിച്ച പരിപാടികൾ കാഞ്ഞിരപ്പള്ളി സെന്റ് ഡൊമിനിക് കോളജ് റിട്ട. പ്രഫ.എം.ടി ജോണി ഉദ്ഘാടനം ചെയ്തു. ഡോ. രാജു ജോസഫ് അധ്യക്ഷത വഹിച്ചു. ജയമ്മ ജോണി ആശംസകൾ അർപ്പിച്ച് പ്രസംഗിച്ചു.

പിന്നീട് പരസ്പരം പരിചയപ്പെടലും കുശലാന്വേഷണങ്ങൾ നടത്തിയും കലാകായിക, മത്സരങ്ങളുമായി അവർ ഒരു ദിവസം ആനന്ദപ്രദമാക്കി. ജോണി സാറിനൊപ്പം ശിഷ്യരും ഗാനങ്ങൾ ആലപിച്ച് ചുവടുകൾ വച്ചതോടെ ആവേശം ഇരട്ടിച്ചു. നീണ്ട ഇടവേളയ്ക്കുശേഷം ബന്ധുക്കളെയും സുഹൃത്തുക്കളെയും കണ്ടുമുട്ടുന്നതിനും സൗഹൃദം പങ്കിടുന്നതിനും അവസരം ഒരുക്കിയ ഭാരവാഹികൾക്ക് ഏവരും നന്ദി രേഖപ്പെടുത്തി.

ലെസ്റ്റർ അവറാച്ചൻസ് കേറ്ററിംഗ് ഒരുക്കിയ ഡിന്നറിനെ തുടർന്ന് വേദിയിൽ എത്തിയ കപ്പിൾ ഡാൻസ് ഏവർക്കും ആവേശം വിതറി. വരും വർഷങ്ങളിലും സംഗമം പൂർവാധികം ഭംഗിയായി നടത്തുന്നതിനും പുതിയ കമ്മിറ്റി നിലവിൽ വന്നു. പരിപാടിയുടെ വിജയത്തിനായി സഹകരിച്ച ഏവർക്കും ഷിൻസർ ആന്റണി നന്ദി രേഖപ്പെടുത്തി.

# പരിശുദ്ധ ദിദിമോസ് പ്രഥമൻ വലിയ ബാവായുടെ നാല്പതാം അടിയന്തിരം




*ഷിക്കാഗോ:* ഷിക്കാഗോ സെന്റ് തോമസ് ഓർത്തഡോക്സ് ഇടവകയുടെ കാവൽപിതാവും ഇന്ത്യയുടെ അപ്പസ്തോലനുമായ പരിശുദ്ധ മാർ തോമാശ്ലീഹായുടെ ദുക്റാനയും കാലം ചെയ്ത പരിശുദ്ധ ദിദിമോസ് പ്രഥമൻ വലിയ ബാവായുടെ നാല്പതാം അടിയന്തിരവും അനുസ്മരണ പ്രഭാഷണവും ജൂലൈ നാല്, അഞ്ച്, ആറ് തീയതികളിൽ ആഘോഷ പൂർവം കൊണ്ടാടുന്നു.

പെരുന്നാൾ ആഘോഷങ്ങൾക്ക് അഹമ്മദാബാദ് ഭദ്രാസന മെത്രാപ്പോലീത്ത ഡോ. പുലിക്കോട്ടിൽ ഗീവർഗീസ് മാർ യൂലിയോസ്, ഫാ. ഷിബു ബേബി (തുമ്പമൺ), ഫാ.ജോൺസൺ പുഞ്ചക്കോണം, ഫാ.ഹാം ജോസഫ് ഡീക്കൻ ജോർജ് പൂവത്തൂർ എന്നിവർ പ്രധാന കാർമികത്വം വഹിക്കും.

നാലിന് (വെള്ളി) 6.30 നു സന്ധ്യാ നമസ്കാരം, പ്രസംഗം. അഞ്ചിന് (ശനി) 6.30 ന് സന്ധ്യാ നമസ്കാരം, പ്രസംഗം, പ്രദിക്ഷണം, ഏഴിന് (ഞായർ) രാവിലെ 8.30 നു പ്രഭാത നമസ്കാരം, പുലിക്കോട്ടിൽ ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തയുടെ പ്രധാന കാർമികത്വത്തിൽ വിശുദ്ധ മൂന്നിന്മേൽ കുർബാന, അനുസ്മരണ പ്രഭാഷണം, റാസ, നേർച്ച വിളമ്പ് എന്നിവയോടെ പെരുന്നാൾ ആഘോഷങ്ങൾ സമാപിക്കും.

മാർ തോമാശ്ലീഹാ പകർന്നുതന്ന ക്രിസ്തീയ വിശ്വാസ പാരമ്പര്യമാണ് മലങ്കര സഭാവിശ്വാസികളുടെ വിശ്വാസത്തിന്റെ അടിസ്ഥാനം. മാർത്തോമശ്ലീഹാ പകർന്നു തന്ന ക്രിസ്തീയ വിശ്വാസത്തിന് സാക്ഷ്യം വഹിക്കുവാനും ആ പരിശുദ്ധന്റെ മധ്യസ്ഥം തേടുവാനും പെരുന്നാൾ ആഘോഷങ്ങളിൽ പങ്കുകൊള്ളുവാനും ഏവരെയും സ്നേഹത്തോടെ ക്ഷണിക്കുന്നതായി ഇടവക വികാരി ഫാ. ഹാം ജോസഫ്, ജനറൽ കൺവീനർ സാറ ഗബ്രിയേൽ, ട്രസ്റ്റി ഷാജൻ വർഗീസ്, സെക്രട്ടറി കോശി ജോർജ് എന്നിവർ അറിയിച്ചു.

# ഉദ്ദേശശുദ്ധിയും പ്രർത്ഥനയും അജപാലകരുടെ ആയുധങ്ങൾ: റവ.ഡോ. മാണി പുതിയിടം



*ഷിക്കാഗോ:* ഉദ്ദേശശുദ്ധിയും പ്രർത്ഥനയും അജപാലകരുടെ മുഖ്യ ആയുധങ്ങളായിരിക്കണമെന്ന് ചങ്ങനാശേരി അതിരൂപതാ വികാരി ജനറാൾ റവ.ഡോ. മാണി പുതിയിടം ഉദ്ബോധിപ്പിച്ചു. ഷിക്കാഗോ സെന്റ് തോമസ് സീറോ മലബാർ കത്തീഡ്രൽ ദേവാലയത്തിൽ ജൂൺ 16 മുതൽ 19 വരെ തീയതികളിൽ നടന്ന വൈദീക- സന്യസ്ത വാർഷിക ധ്യാനത്തിൽ സന്ദേശം നൽകി സംസാരിക്കുകയായിരുന്നു അദ്ദേഹം.

പ്രവാസി സമൂഹത്തിന്റെ മധ്യേയുള്ള അജപാലന ശുശ്രൂഷകൾ വെല്ലുവിളി ഉണർത്തുന്നതാണ്. എന്നാൽ നമ്മുടെ പ്രവർത്തനങ്ങൾക്ക് സ്വാർത്ഥത ഇല്ലാതിരിക്കുകയും ദൈവ മഹത്വവും ദൈവജനത്തിന്റെ നന്മയും മാത്രം ലക്ഷ്യം വെയ്ക്കുകയും ചെയ്താൽ എല്ലാ പ്രതിസന്ധികളേയും അതിജീവിക്കാൻ നമുക്ക് സാധിക്കും. നിയോഗശുദ്ധിയാണ് കർമ്മബലം, നിയോഗശുദ്ധി ഇല്ലായ്മ ദൗർബല്യമാണ്. ജനങ്ങൾ നന്മ ആഗ്രഹിക്കുന്നവരാണ്. ദൈവമാണ് എല്ലാ നന്മകളുടേയും അടിസ്ഥാനം. ജനങ്ങൾക്ക് നന്മ നൽകുക എന്നതാണ് അജപാലന ശുശ്രൂഷയുടെ കാതൽ.

പ്രാർത്ഥനയാണ് പ്രവാസി ജീവിതത്തിന്റെ താങ്ങും തണലും. വൈദീകരും സന്യസ്തരും ആത്മായരും പ്രാർത്ഥനയിൽ കരങ്ങൾ ചേർക്കുന്നിടത്ത് ദൈവം അത്ഭുതങ്ങൾ പ്രവർത്തിക്കും. നമ്മുടെ അസ്തിത്വം ദൈവകൃപയുടെ നിറവാണെന്ന സത്യം മനസിലാക്കി, നമ്മിലെ കഴിവുകളും സാധ്യതകളും ദൈവരാജ്യനിർമ്മാണത്തിനായി വിനിയോഗിക്കണം. വിശുദ്ധ കുർബാന അർപ്പണത്തിൽ കേന്ദ്രീകൃതമായ ആദ്ധ്യാത്മിക ജീവിതത്തിന് പ്രധാന്യം നൽകുന്ന ആരാധനാ സമൂഹത്തിന് രൂപം കൊടുക്കുവാൻ ബഹു. വൈദീകരും സന്യസ്തരും സജ്ജരാകണമെന്ന് ബഹു. മാണിയച്ചൻ തന്റെ വചനസന്ദേശത്തിൽ അടിവരയിട്ടു പറഞ്ഞു.

വാർഷിക ധ്യാനത്തിൽ 58 വൈദീകരും 28 സിസ്റ്റേഴ്സും പങ്കെടുത്തു. ധ്യാനദിവസങ്ങളിൽ രൂപതാധ്യക്ഷൻ മാർ ജേക്കബ് അങ്ങാടിയത്തിന്റെ മുഖ്യ കാർമികത്വത്തിൽ നടന്ന വിശുദ്ധ കുർബാന അർപ്പണത്തിൽ എല്ലാ വൈദീകരും സഹകാർമികരായിരുന്നു.

# മദർ തെരേസ നാടകം ഫിലാഡൽഫിയായിൽ

**ജോർജ് നടവയൽ**




*ഫിലാഡൽഫിയ:* ആത്മ പ്രസരണത്തിന്റെ കാന്തവലയവുമായി മദർ തെരേസ നാടകം സീറോ മലബാർ കലാസംഘം ഫിലാഡൽഫിയായിൽ അണിയിച്ചൊരുക്കുന്നു. ഫിലാഡൽഫിയ സെന്റ് തോമസ് സീറോ മലബാർ ഫൊറോന ദേവാലയതിരുനാളിനോട് അനുബന്ധമായാണ് മദർതെരേസ നാടകം അവതരിപ്പിക്കുക.

മാനവഹൃദയങ്ങളിൽ കരുത്താർദ്രതയുടെ തെളിയുറവകളെ ചാലിച്ചൊരുക്കിയ സർവജനങ്ങളുടേയും വിശുദ്ധയായ മദർ തെരേസയുടെ കത്തിജ്വലിച്ച ജീവിത മാതൃകകളുടെ ആത്മാവിഷ്കാരമായ മദർ തെരേസ എന്ന നാടകം ജൂലൈ നാലിന് (വെള്ളി) വൈകുന്നേരം ഏഴിന് സീറോ മലബാർ ഓഡിറ്റോറിയത്തിൽ അരങ്ങേറും.

മുപ്പത് അഭിനേതാക്കളും രംഗകലാകാരന്മാരും ഒരുമിച്ച് കലാതപസ്വയിലൂടെ രൂപം തീർത്ത മദർ തെരേസ എന്ന നാടകം സംവിധാനം ചെയ്യുന്നത് അമേരിക്കൻ മലയാള നാടകരംഗത്തെ മികച്ച പ്രതിഭ ജോർജ് ഓലിക്കലും തീയേറ്റർ കലാ സംവിധാനങ്ങളിൽ കൃതഹസ്തയായ സോഫി നടവയലുമാണ്.




# ജോബ് മൈക്കിളിന് കേംബ്രിഡ്ജിൽ ഊഷ്മള സ്വീകരണം നൽകി.

**അപ്പച്ചൻ കണ്ണഞ്ചിറ**



*കേംബ്രിഡ്ജ്:* കേരള കോൺഗ്രസ് സംസ്ഥാന സെക്രട്ടറിയും കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് (കെഎസ്എഫ്ഇ) വൈസ് ചെയർമാനും പ്രമുഖ വാഗ്മിയും ആയ ജോബ് മൈക്കിളിന് കേംബ്രിഡ്ജിൽ ഊഷ്മള സ്വീകരണം നൽകി.

കേംബ്രിഡ്ജിൽ കേരള കോൺഗ്രസ് യൂണിറ്റ് പ്രവർത്തകരുടെ നേതൃത്വത്തിലാണ് സ്വീകരണം ഒരുക്കിയത്. അഡ്വ.ജോസഫ് ചാക്കോ, ജോയി വള്ളവൻകോട്, സിബിച്ചൻ ആന്റണി തുടങ്ങിയവർ സ്വീകരണത്തിനു നേതൃത്വം വഹിച്ചു.

രാജ്യത്തിന്റെ കെട്ടുറപ്പിനും വളർച്ചക്കും ഏറ്റവും സുപ്രധാന ഘടകമായ പ്രവാസികൾ, വിദേശങ്ങളിൽ നേരിടുന്ന പ്രശ്നങ്ങളും പ്രയാസങ്ങളും അവരുടെ ധാർമിക അവകാശങ്ങളും ആവശ്യങ്ങളും അധികൃതരുടെ ശ്രദ്ധയിൽ എത്തിക്കുമെന്നും അതിന്റെ ഫലസമാപ്തി കാണുന്നതുവരെ പ്രവാസികൾക്കൊപ്പം അക്ഷീണം ശ്രമം തുടരുമെന്നും ജോബ് പറഞ്ഞു.

പ്രവാസികൾക്ക് ഉപകരിക്കുന്ന വിവിധ സംരംഭങ്ങൾ KSFE ഉടൻ തുടങ്ങുമെന്നും പ്രവാസികൾക്ക് കൂടുതൽ പ്രയോജനകരവും ലളിതവും ഏറെ വിശ്വസ്തവുമായ പല ചിട്ടികളും കാല താമസം കൂടാതെ ആരംഭിക്കുന്നതാണെന്നും ജോബ് അറിയിച്ചു.

നാട്ടിൽ നിന്നകന്നു കഴിയുമ്പോഴും രാജ്യ പ്രതിബദ്ധത കാത്തു സൂക്ഷിക്കുകയും നാട്ടിന്റെ വികാരങ്ങൾ തങ്ങളുടെ സ്പന്ദനങ്ങളിൽ നിഴലിക്കുകയും ചെയ്യുന്ന പ്രവാസികളുടെ സ്നേഹത്തിന്റെ മുമ്പിൽ നമ്ര ശിരസ്കനാവുന്നുവെന്നും അദ്ദേഹം പറഞ്ഞു. സംഘാടകർ സ്നേഹ വിരുന്നും ഒരുക്കിയിരുന്നു.

# മലയാളി അസോസിയേഷൻ ഓഫ് കരോലിന ഓണാഘോഷം സെപ്റ്റംബർ 13ന്

*സൗത്ത് കരോലിന:* മലയാളി അസോസിയേഷൻ ഓഫ് സൗത്ത് കരോലിന അപ്പ് സ്റ്റേറ്റ് (മാസ്ക് അപ്പ് സ്റ്റേറ്റ്) ഈ വർഷത്തെ ഓണാഘോഷം സെപ്റ്റംബർ 13ന് ആഘോഷിക്കുന്നു.

ഓണാഘോഷ പരിപാടികളിൽ പങ്കെടുക്കുവാൻ താത്പര്യമുള്ളവർ അവരുടെ പേരുവിവരങ്ങൾ ജോസ് മോടൂരിനെയോ സ്വപ്ന തോമസിനെയോ അറിയിക്കണമെന്ന് പ്രസിഡന്റ് സേതുനായർ അറിയിച്ചു.

# ദീപുരാജിന് ഗ്രാജുവേറ്റ് ഓഫ് ഡിസ്റ്റിംഗ്ഷൻ അവാർഡ്

**എബി ആനന്ദ്**



*മയാമി:* ഫ്ളോറിഡയിലെ കൈസർ യൂണിവേഴ്സിറ്റി, അമേരിക്കൻ മലയാളിയായ ദീപുരാജ് ദിവാകരന് ഗ്രാജുവേറ്റ് ഓഫ് ഡിസ്റ്റിംഗ്ഷൻ 2014 അവാർഡ് നൽകി ആദരിച്ചു.

ഈ വർഷത്തെ ഗ്രാജുവേഷൻ സെറിമണിയിൽ 400 വിദ്യാർഥികളിൽനിന്നും ചെന്നിത്തല സ്വദേശിയായ ദിവാകരന്റെയും പത്മിനി ദിവാകരന്റെയും മകനായ ദീപുരാജന് ഫിസിക്കൽ തെറാപ്പി പ്രോഗ്രാമിൽ ഉന്നത മാർക്കു നേടിയതിനാണ് ഈ അംഗീകാരം.

2009ൽ സൗത്ത് ഫ്ളോറിഡയിൽ സ്ഥിരതാമസമാക്കുകയും ഉന്നതവിദ്യാഭ്യാസ സ്ഥാപനമായ കൈസർ യൂണിവേഴ്സിറ്റിയിൽനിന്നും ഉന്നത മാർക്കോടുകൂടി പാസായ ദീപുരാജ്, രണ്ട് പെൺകുട്ടികളുടെ പിതാവാണ്. ഭാര്യ: വൈക്കം സ്വദേശി ബിന്ദു ഫ്ളോറിഡ മെഡിക്കൽ സെന്ററിൽ നഴ്സാണ്. മക്കൾ: ദിയ, ധന. സഹോദരി: ദീപ്തി റാണി (സ്കൂൾ അധ്യാപിക).

# ഫാമിലി കോൺഫറൻസിൽ ഫാ.ഡോ.കോനാട്ട് മുഖ്യാതിഥി

**ജോർജ് തുമ്പയിൽ**



*ന്യൂജേഴ്സി:* മലങ്കര ഓർത്തഡോക്സ് സഭ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന ഫാമിലി കോൺഫറൻസിലെ മുഖ്യ പ്രാസംഗികനായി റവ. ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട് എത്തുകയാണ്.

തലമുറകളായി കോനാട്ട് അച്ചന്മാർ സഭയുടെ നേതൃനിരയിൽ അവരോധിക്കപ്പെട്ടിട്ടുണ്ട്. ഈ ശ്രേണിയിലെ ഇപ്പോഴത്തെ കണ്ണിയാണ് ഫാ. ജോൺസ് കോനാട്ട്. സഭയിലെ പൗരസ്ത്യപഠനത്തിന്റെ മുൻനിരയിലാണ് കോനാട്ട് അച്ചൻ. കോട്ടയത്തെ ഓർത്തഡോക്സ് തീയോളജിക്കൽ സെമിനാരിയിലെ ലക്ചറായ അദ്ദേഹം കോട്ടയത്തു തന്നെയുള്ള സെന്റ് എഫ്രേം എക്യുമെനിക്കൽ റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (സീരി)-ലെ സുറിയാനി അധ്യാപകൻ എന്ന നിലയിലും സ്തുത്യർഹമായ പങ്ക് വഹിക്കുന്നു. കേരള സർവകലാശാലയിൽ നിന്നും സൈക്യാട്രിയിൽ ബിരുദം നേടിയ കോനാട്ട് അച്ചൻ പൗരോഹിത്യ വിദ്യാഭ്യാസത്തിന് അടിത്തറ പാകുന്നത് ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരിയിൽനിന്നാണ്. തുടർന്ന് സേക്രഡ് തീയോളജിയിൽ ഗ്രാജേഷനും (ഡിപ്ലോമ) ബാച്ചിലർ ഇൻ ഡിവിനിറ്റിയിൽ ഡിഗ്രിയും സ്വന്തമാക്കി.

തിയോളജി ഫോർ റിസർച്ച് ഇൻ സിറിയക്ക് ഫാദേഴ്സ് എന്ന വിഷയത്തിൽ കാത്തലിക്ക് യൂണിവേഴ്സിറ്റി, ബൽജിയത്തിൽ നിന്നും ഡോക്ടറേറ്റ് നേടിയ കോനാട്ട് അച്ചൻ പൗരോഹിത്യത്തിന്റെ വിവിധ തലങ്ങളിൽ ശ്രദ്ധേയമായ ഗവേഷണം നടത്തി. മലങ്കര ഓർത്തഡോക്സ് സഭയിലെ കുർബാന അനുഷ്ഠാനങ്ങളെക്കുറിച്ചുള്ള പ്രിൻസിപ്പൽ ഗൈഡ്, ട്യൂട്ടർ എന്നീ നിലകളിൽ ഏറ്റവും മുന്തിയ സ്ഥാനമാണ് മലങ്കര ഓർത്തഡോക്സ് സഭയിൽ ഇദ്ദേഹത്തിനുള്ളത്. സഭയുടെ വൈദീക ട്രസ്റ്റി, കാത്തലിക്ക് ചർച്ച് ജോയിന്റ് കമ്മീഷൻ ഫോർ കൺസൾട്ടേഷൻ അംഗം എന്നീ അധികചുമതലകളും വഹിക്കുന്നു. സുറിയാനി പഠനത്തിൽ ഇന്ത്യയിലെ ഏറ്റവും മികച്ച പാഠപുസ്തകം എന്നു ഖ്യാതി നേടിയിട്ടുള്ള സുറിയാനി ഭാഷ പ്രവേശിക എന്ന ഗ്രന്ഥത്തിന്റെ രചനയിൽ ഫാ. ഡോ. ബേബി വർഗീസിനൊപ്പം എഡിറ്റോറിയൽ ചുമതലയും കോനാട്ട് അച്ചൻ നിർവഹിച്ചിട്ടുണ്ട്. നേർവഴിയിൽ, സ്രൂജിലെ മാർ യാക്കോബ്, മാർ യാക്കോബിന്റെ തക്സ: അനുഷ്ഠാനങ്ങളും വ്യാഖ്യാനങ്ങളും ചേർത്തത് എന്നീ കൃതികളെഴുതിയ കോനാട്ട് അച്ചൻ കേരളത്തിലെ എകിസ്കോപ്പൽ സഭകൾ, കോനാട്ട് മാത്തൻ കോർ എപ്പിസ്കോപ്പ: വ്യക്തിയും കാലവും, വിശുദ്ധ സുവിശേഷങ്ങൾ: ഒരു ലഘു വ്യാഖ്യാനം എന്നീ കൃതികൾ എഡിറ്റ് ചെയ്തു പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. വിവിധ അന്താരാഷ്ട്ര പ്രസിദ്ധീകരണങ്ങളിൽ സമകാലിക പൗരോഹിത്യ വിഷയങ്ങൾ ഉൾക്കൊള്ളിച്ച് പ്രബന്ധങ്ങളും രചിച്ചിട്ടുണ്ട്.

ഫാ.കോനാട്ട് ഫാമിലി കോൺഫറൻസിലെ കീനോട്ട് സ്പീക്കർ ആയി എത്തുന്നതിൽ ഭദ്രാസന മെത്രാപ്പോലീത്ത സഖറിയ മാർ നിക്കളാവോസ് തികഞ്ഞ തൃപ്തി രേഖപ്പെടുത്തി. ത്രിദിന കോൺഫറൻസിന്റെ കോഓർഡിനേറ്റർ ഫാ. സുജിത് തോമസും, ജനറൽ സെക്രട്ടറി ഡോ. ഫിലിപ്പ് ജോർജുമാണ്.

ജൂലൈ 16 മുതൽ 19 വരെ പെൻസിൽവേനിയയിലെ ലാൻകാസ്റ്റർ ഹോസ്റ്റ് ആൻഡ് റിസോർട്ടിലാണ് കോൺഫറൻസ്.

# എക്യുമെനിക്കൽ ഫെലോഷിപ്പ് ഇൻ ഫിലാഡൽഫിയായുടെ വാർഷികാഘോഷം നടന്നു

*ഫിലാഡൽഫിയ:* ചരിത്രസ്മരണകളുറങ്ങുന്ന സാഹോദരീയ നഗരത്തിൽ ഇതര സഭകളുടെ വിശാല ഐക്യവേദിയായ എക്യുമെനിക്കൽ ഫെലോഷിപ്പ് ഓഫ് ഇന്ത്യൻ ചർച്ചസ് ഇൻ ഫിലാഡൽഫിയായുടെ വാർഷിക പൊതുയോഗം മേയ് 11ന് (ഞായർ) വൈകുന്നേരം നാലിന് സെന്റ് തോമസ് ഇന്ത്യൻ ഓർത്തഡോക്സ് ചർച്ചിൽ നടന്നു.

ചടങ്ങിൽ ഫാ. കെ.കെ ജോൺ അധ്യക്ഷത വഹിച്ചു. 2014–15 വർഷത്തേയ്ക്കുള്ള പുതിയ ഭാരവാഹികളായി ഷാജി ഈപ്പൻ (ചെയർമാൻ), ഫാ. ഷിബു വേണാട് (കോചെയർമാൻ), ആനി മാത്യു (സെക്രട്ടറി), ജോയി ജോൺ (ട്രഷറർ), ഫാ. ഡെന്നീസ് ഏബ്രഹാം (റിലിജിയസ്), സന്തോഷ് ഏബ്രഹാം (ജോ. സെക്രട്ടറി), ബെന്നി കൊട്ടാരത്തിൽ (കൾച്ചറൽ), ദാനിയേൽ തോമസ് (ചാരിറ്റി), ജീമോൻ ജോർജ് (സുവനിയർ പിആർഒ), തോമസ് ഏബ്രഹാം (ക്വയർ), ബഞ്ചമിൻ മാത്യു (യൂത്ത്), സുമ ചാക്കോ, സലു യോഹന്നാൻ (വിമൻസ് ഫോറം), വിൻസെന്റ് ഇമ്മാനുവൽ ജോൺ ദാനിയേൽ (ഓഡിറ്റർ) എന്നിവരെ തെരഞ്ഞെടുത്തു.

അഞ്ഞൂറിൽ താഴെ കുടുംബങ്ങളുമായി ആരംഭിച്ച ഫെലോഷിപ്പ് ഇന്ന് 21 ദേവാലയങ്ങളിലായി ഏകദേശം മൂവായിരത്തിലധികം കുടുംബാംഗങ്ങളെ ഫിലാഡൽഫിയയിലും പരിസരപ്രദേശങ്ങളിലുമായി പ്രതിനിധാനം ചെയ്യുന്നു.

എക്യുമെനിക്കൽ ഫെലോഷിപ്പിന്റെ നേതൃത്വത്തിൽ ഇന്ത്യൻ ക്രിസ്ത്യൻ കമ്യൂണിറ്റി സെന്ററിനായിട്ടുള്ള പ്രവർത്തനവും നടന്നു വരുന്നു. ഫാ. എം.കെ കുര്യാക്കോസ്, ലൈല അലക്സ് എന്നിവർ കമ്യൂണിറ്റി സെന്ററിന്റെ ഇതുവരെയുള്ള പ്രവർത്തനങ്ങൾ യോഗത്തിൽ വിവരിച്ചു.

എക്യുമെനിക്കൽ ഫെലോഷിപ്പിന്റെ ആഭിമുഖ്യത്തിൽ ഇതര ദേവാലയങ്ങളിലെ ടീമുകളെ ഉൾപ്പെടുത്തിക്കൊണ്ട് ആദ്യമായി വോളിബോൾ ടൂർണമെന്റ് നടത്തുവാനും ഓഗസ്റ്റ് 24ന് എക്യുമെനിക്കൽ ദിനമായും സെപ്റ്റംബർ ഏഴിന് ഫെലോഷിപ്പിന്റെ നേതൃത്വത്തിൽ പതിവുപോലെ എല്ലാ വർഷവും നടത്തിവരാറുള്ള കൺവൻഷനും ഒക്ടോബർ 18ന് വിമൻസ് റിട്രീറ്റ് നവംബർ എട്ടിന് യൂത്ത് റിട്രീറ്റ് ഡിസംബർ 13ന് സംയുക്ത ക്രിസ്മസ് ആഘോഷവും നടത്താൻ തീരുമാനിച്ചു.

പ്രസിദ്ധ സുവിശേഷ പ്രാസംഗികനും സെന്റ് തോമസ് മാർത്തോമ ചർച്ച് ഡെലവയർ വാലിയുടെ വികാരിയുമായ പുതുതായി തെരഞ്ഞെടുക്കപ്പെട്ട ഫാ. ഷാജി എം. ഈപ്പൻ എക്യുമെനിക്കൽ ഫെലോഷിപ്പിന്റെ എല്ലാ പ്രവർത്തനങ്ങളിലും എല്ലാവരുടെയും പിന്തുണ തേടുകയും ഏവർക്കും നന്ദി അറിയിക്കുകയും ചെയ്തു.

# ലാനയുടെ ത്രിദിന കേരള കൺവൻഷന്റെ സമാപനം തുഞ്ചൻപറമ്പിൽ







*ഷിക്കാഗോ:* ലിറ്റററി അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്ക (ലാന)യുടെ ത്രിദിന കേരള കൺവൻഷന്റെ സമാപന ദിവസമായ ജൂലൈ 27ന് അതിവിപുലമായ പരിപാടികളാണ് തുഞ്ചൻപറമ്പിൽ. പൊതു സമ്മേളനം, സാഹിത്യ സെമിനാറുകൾ, തുഞ്ചൻ മ്യൂസിയം സന്ദർശനം എന്നിവ കൂടാതെ അമേരിക്കയിലേയും കേരളത്തിലേയും എഴുത്തുകാരുടെ സംവാദം ഉൾപ്പെടുത്തിക്കൊണ്ടുള്ള വട്ടമേശ സമ്മേളനവും മൂന്നാം ദിവസത്തെ പരിപാടികളുടെ പ്രത്യേകതയാണ്.

രാവിലെ 10ന് വള്ളുവനാട്ടെ പ്രമുഖ വാദ്യമേള കലാകാരന്മാർ അവതരിപ്പിക്കുന്ന പഞ്ചവാദ്യത്തോടുകൂടി ചടങ്ങുകൾ ആരംഭിക്കും. അമേരിക്കൻ മലയാളി എഴുത്തുകാരേയും കേരളത്തിലെ വിശിഷ്ടാതിഥികളേയും വാദ്യമേളങ്ങളുടെ അകമ്പടിയോടുകൂടി സമ്മേളന വേദിയിലേക്ക് ആനയിക്കും.

തുടർന്ന് കേരള സാഹിത്യ അക്കാഡമി പ്രസിഡന്റ് പെരുമ്പടവം ശ്രീധരന്റെ അധ്യക്ഷതയിൽ ചേരുന്ന പൊതു സമ്മേളനം ജ്ഞാനപീഠം ജേതാവും മലയാളികളുടെ പ്രിയങ്കരനായ എഴുത്തുകാരനുമായ എം.ടി വാസുദേവൻ നായർ ഉദ്ഘാടനം ചെയ്യും. മുൻ ചീഫ് സെക്രട്ടറിയും മലയാളം സർവകലാശാല വൈസ് ചാൻസലറുമായ ഡോ. കെ. ജയകുമാർ ഐഎഎസ്, സി. രാധാകൃഷ്ണൻ, സഖറിയ, സാഹിത്യ അക്കാഡമി വൈസ് പ്രസിഡന്റ് അക്ബർ കക്കട്ടിൽ, കെ.പി. രാമനുണ്ണി, അക്കാഡമി സെക്രട്ടറി ആർ. ഗോപാലകൃഷ്ണൻ, പി.ടി. നരേന്ദ്ര മേനോൻ, പി.എസ്. നായർ, ലാനാ ഭാരവാഹികൾ എന്നിവർ ആശംസാ പ്രസംഗങ്ങൾ നടത്തും. ലാന അംഗങ്ങളുടെ പുതിയ പുസ്തകങ്ങളുടെ പ്രകാശന കർമ്മവും ചടങ്ങിൽ നടക്കും.

സമാപന ദിവസത്തെ പ്രോഗ്രാമുകളുടെ ഭാഗമായി വിവിധ സാഹിത്യ സെമിനാറുകളും ക്രമീകരിച്ചിരിക്കുന്നു. മലയാള സാഹിത്യത്തിന്റെ വിവിധ മേഖലകളെ അടിസ്ഥാനമാക്കി കേരളത്തിലെ പ്രമുഖ എഴുത്തുകാർ സെമിനാറിൽ പ്രബന്ധങ്ങൾ അവതരിപ്പിച്ച് പ്രസംഗിക്കുന്നതാണ്. അമേരിക്കയിൽ നിന്നുള്ള പ്രശസ്ത കഥാകൃത്ത് ജോൺ മാത്യു, അക്കാഡമി അംഗവും 'മാധ്യമം' പത്രാധിപസമിതി അംഗവുമായ പി.കെ. പാറക്കടവ്, കേരളത്തിലെ പ്രമുഖ എഴുത്തുകാരനും പ്രഭാഷകനുമായ പ്രഫ. മാത്യു പ്രാൽ എന്നിവർ വിവിധ സെമിനാറുകളുടെ മോഡറേറ്റർമാരായിരിക്കും.

തുഞ്ചൻപറമ്പ് അഡ്മിനിസ്ട്രേറ്ററും എഴുത്തുകാരനുമായ കെ.പി. രാമനുണ്ണിയുടെ നേതൃത്വത്തിലുള്ള സ്വാഗതസംഘം സമ്മേളനത്തിനുള്ള ഒരുക്കങ്ങളുടെ ചുക്കാൻ പിടിക്കുന്നു. മലയാള ഭാഷയുടെ പിതാവ് തുഞ്ചത്തെഴുത്തച്ഛന്റെ മണ്ണിൽ നടക്കുന്ന ലാനയുടെ ഈ അക്ഷരോത്സവത്തിൽ പങ്കെടുക്കുവാൻ എല്ലാ ഭാഷാസ്നേഹികളേയും ലാന ഭാരവാഹികൾ ക്ഷണിക്കുന്നു.

# ഇമ്മാനുവൽ മാർത്തോമ പള്ളിക്ക് സ്റ്റാഫോർഡ് സിറ്റിയുടെ ബ്യൂട്ടിഫിക്കേഷൻ അവാർഡ്

*ഹൂസ്റ്റൺ:* ഇമ്മാനുവൽ മാർത്തോമ പള്ളിക്ക് സ്റ്റാഫോർഡ് സിറ്റിയുടെ ബ്യൂട്ടിഫിക്കേഷൻ അവാർഡ്.

കഴിഞ്ഞ 20 വർഷമായി സ്റ്റാഫോർഡ് സിറ്റിയുടെ പ്രധാന ഭാഗത്ത് സ്ഥിതി ചെയ്യുന്ന ഈ ദേവാലയവും ഓഡിറ്റോറിയവും സിറ്റിയുടെ നിയമാവലിക്കുള്ളിൽ നിന്നുകൊണ്ട് ഒരു തരത്തിലുമുള്ള പരിസ്ഥിതി പ്രശ്നങ്ങളും ഉണ്ടാക്കാതെ പരിസരം ശുചിത്വമായും മനോഹരമായും സൂക്ഷിച്ചതിനാണ് ഈ അവാർഡ്.

16 ഏക്കറോളം വരുന്ന സ്ഥലത്ത് ദേവാലയത്തിനു ചുറ്റും മനോഹരമായ പൂന്തോട്ടങ്ങൾ നിർമിച്ച് മാതൃകാപരമായ പ്രവർത്തനമാണ് ഹൂസ്റ്റൺ ഇമ്മാനുവൽ മാർത്തോമ പള്ളി സമൂഹത്തിന് കാഴ്ചവച്ചതെന്ന് സിറ്റി കൗൺസിൽ അഭിനന്ദന സന്ദേശത്തിൽ അറിയിച്ചു.

വികാരി റവ. സജു മാത്യു, വൈസ് പ്രസിഡന്റ് ജോജി ജോൺ, സെക്രട്ടറി ഐസക് തോമസ്, ട്രഷറർ ടി.വി മാത്യു എന്നിവർ ചേർന്ന് സിറ്റി മേയറിൽനിന്നും അവാർഡ് ഏറ്റുവാങ്ങി.

# നിര്യാതരായി

## സാറാമ്മ ജോർജ്



*ന്യൂയോർക്ക്:* ശാലോം അസംബ്ലീസ് ഓഫ് ഗോഡ് സഭാ ശുശ്രൂഷകൻ പാസ്റ്റർ എം.ജി ജോൺസന്റെ മാതാവ് സാറാമ്മ ജോർജ് (76) നിര്യാതയായി.

സംസ്കാരം വെള്ളിയാഴ്ച കുണ്ടറ എ.ജി ചർച്ചിലെ ശുശ്രൂഷകൾക്കുശേഷം കുണ്ടറ എ.ജി സെമിത്തേരിയിൽ നടത്തും.

മക്കൾ: എം.ജി ജോൺസൺ, ജസി, ഡെയ്സി, മേഴ്സി. മരുമക്കൾ: മിനി, പാസ്റ്റർ കെ.എം. കുരുവിള, ജോഷ്വാ ചാക്കോ, അലക്സാണ്ടർ.

ഭർത്താവ് പാസ്റ്റർ എം.വൈ ജോർജിനൊപ്പം അസംബ്ലീസ് ഓഫ് ഗോഡ് സഭയോടുള്ള ബന്ധത്തിൽ പ്രേഷിത വൃത്തിയിലായിരുന്നു.

## ഏലിയാമ്മ ചാക്കോ



*ഡാളസ്:* ഇലന്തൂർ ജോൺസൺ മെഡിക്കൽ സ്റ്റോർ ഉടമ പുക്കുന്നൂർ വീട്ടിൽ പരേതനായ പി.എം. ചാക്കോയുടെ ഭാര്യ ഏലിയാമ്മ ചാക്കോ (82) നിര്യാതയായി.

സംസ്കാരം ഇലന്തൂർ മാർത്തോമാ വലിയ പള്ളിയിൽ പിന്നീട്.

മക്കൾ: അമ്പോറ്റി, സണ്ണി, ജോസ്, തമ്പി, അമ്പിളി, അനിൽ (ഡാളസ്), മരുമക്കൾ: കുഞ്ഞുമോൾ, ഓമന, ആസി, ആനി, രാജു, മീനു.

കൂടുതൽ വിവരങ്ങൾക്ക്: അനിൽ 914682362051.

വാർത്ത നൽകിയത്: ആൻഡ്രൂസ് അഞ്ചേരി

## ഡോ.ജോമോൻ വർഗീസ്



*ന്യൂജേഴ്സി:* ന്യൂജേഴ്സിയിലെ മിൽട്ടണിൽ സ്ഥിരതാമസക്കാരനും കോഴഞ്ചേരി തോലാത്ത് തോളൂർ കുടുംബാംഗവുമായ ഡോ. ജോമോൻ വർഗീസ് (46) നിര്യാതനായി. സംസ്കാരം പിന്നീട്.

ഭാര്യ: ബിബിന. മക്കൾ: ജോനാ, ആഞ്ജലീന.

1996-ൽ അമേരിക്കയിലെത്തിയ ഇദ്ദേഹം ന്യൂജേഴ്സി ഈസ്റ്റ് ബ്രോൺസ്വിക് സെന്റ് സ്റ്റീഫൻസ് മാർത്തോമാ ചർച്ച് ഇടവകാംഗമായിരുന്നു. നിരവധി സംഘടനകളുടെ സെക്രട്ടറി, കമ്മിറ്റി അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

## റീത്താമ്മ



*ചങ്ങനാശേരി:* കഴിഞ്ഞ ദിവസം നിര്യാതയായ ചങ്ങനാശേരി കാവാലം പുത്തൻപുര പരേതനായ പി.ജെ. ജേക്കബിന്റെ (റിട്ട. സെക്രട്ടറി, റൂബി റബർ വർക്സ്) ഭാര്യ റീത്താമ്മ(82)യുടെ സംസ്കാരം വ്യാഴാഴ്ച (ജൂലൈ 3) ഉച്ചക്ക് 2.30ന് എസ്.ബി. കോളജ് റോഡിലുള്ള വസതിയിൽ ആരംഭിച്ച് മെത്രാപ്പോലീത്തൻ പള്ളിയിൽ നടക്കും.

പരേത ചാലക്കുടി മാളിയേക്കൽ പുല്ലൻ കുടുംബാംഗമാണ്. മക്കൾ: ജോസ് കാവാലം (എത്സാ ഫുഡ്സ്, ചങ്ങനാശേരി), മറിയമ്മ പുതുള്ളിൽ (യുഎസ്എ), ആന്റണി ജേക്കബ് (യുഎസ്എ), ഡോ. ഈത്തമ്മ അക്കര (വെസ്റ്റന്റ് ആശുപത്രി, എറണാകുളം), ലിസി കണ്ണാർകാട്ട് (യുഎസ് എ), റോസമ്മ ജേക്കബ് (സബ് ഡിവിഷണൽ എൻജിനിയർ, ബിഎസ്എൻഎൽ, തിരുവനന്തപുരം).

മരുമക്കൾ: എത്സി മാളിയേക്കൽ (കുറുപ്പന്തറ), ഡോ. ജോണി പൂതുള്ളിൽ, കൊച്ചി (യുഎസ്എ), മെർലിൻ ഇലഞ്ഞിക്കൽ, കൊച്ചി (യുഎസ് എ), ഡോ.ഡേവിസ് അക്കര, ഒല്ലൂർ(വെസ്റ്റന്റ് ആശുപത്രി, എറണാകുളം), തോമാച്ചൻ കണ്ണാർകാട്ട് കോയിത്തറ, കൊച്ചി (യുഎസ്എ), മാത്യു കടവൻ പള്ളിപ്പുറം (മാനേജർ, എൽഐഎസി -സ്റ്റാച്യൂ ശാഖ, തിരുവനന്തപുരം).

*വാർത്ത നൽകിയത് സേവ്യർ കാവാലം.*

# യാക്കോബ് ശ്ലീഹായുടെ ഓർമപെരുന്നാൾ ആഘോഷിച്ചു

**ജീമോൻ റാന്നി**



*ഹൂസ്റ്റൺ:* ഹൂസ്റ്റൺ സെന്റ് ജെയിംസ് ദേവാലയത്തിൽ വിശുദ്ധ യാക്കോബ് ശ്ലീഹായുടെ ഓർമപെരുന്നാൾ ജൂൺ 14, 15 തീയതികളിൽ ആഘോഷിച്ചു.

14ന് വൈകുന്നേരം ഫാ. എ.പി ജേക്കബ് ആഞ്ഞിലിമൂട്ടിൽ, ഫാ.പുന്നൂസ് ചാലുവേലിൽ, ഡീക്കൻ ജിക്കു സഖറിയ എന്നിവരുടെ നേതൃത്വത്തിൽ കൊടിയേറ്റ് നടത്തി. തുടർന്ന് സന്ധ്യപ്രാർഥനയും ഫാ. എ.പി ജേക്കബിന്റെ പ്രസംഗവും സംഗീത വിരുന്നും നടന്നു.

15ന് രാവിലെ പ്രഭാത നമസ്കാരവും തുടർന്ന് ഫാ. എ.പി ജേക്കബിന്റെ കാർമികത്വത്തിൽ വിശുദ്ധ കുർബാന, പ്രഭാഷണം എന്നിവ നടന്നു. തുടർന്ന് നേർച്ചവിളമ്പ്, പ്രദക്ഷിണം, യാക്കോബ് ശ്ലീഹായുടെ തക്സ എഴുന്നെള്ളിപ്പും നടത്തി.

സെന്റ് ജോൺസ് ക്നാനായ ചർച്ച്, സെന്റ് മേരീസ് ക്നാനായ കാത്തലിക് ചർച്ച്, സെന്റ് പീറ്റേഴ്സ് യാക്കോബായ ചർച്ച്, സെന്റ് മേരീസ് യാക്കോബായ ചർച്ച് തുടങ്ങിയ ഇടവകകളിൽനിന്നും മുന്നൂറിൽപരം ഭക്തജനങ്ങൾ പെരുന്നാളിൽ പങ്കെടുത്ത് അനുഗ്രഹം പ്രാപിച്ചു.

ഈ വർഷത്തെ പെരുന്നാൾ ചരിവുപറമ്പിൽ കുടുംബം ആണ് ഏറ്റെടുത്ത് നടത്തിയത്. അടുത്ത വർഷത്തെ പെരുന്നാൾ തേക്കുംമൂട്ടിൽ കുടുംബം ഏറ്റെടുത്തു നടത്താൻ തീരുമാനിച്ചതായി സംഘാടകർ അറിയിച്ചു.

# പഠനപ്രക്രിയ രസകരമാക്കാൻ ട്യൂട്ടർവേവ്

**സൈമൺ മുട്ടത്തിൽ**




*ഷിക്കാഗോ:* ജൂലൈ മൂന്നു മുതൽ ആറുവരെ തീയതികൾ ചരിത്ര പ്രസിദ്ധമായ മക്കോർമിക് കൺവൻഷൻ സെന്ററിൽ വച്ചു നടക്കുന്ന 11-ാമത് കെ.സി.സി.എൻ.എ കൺവൻഷന്റെ ഗോൾഡൻ സ്പോൺസർ വളരെ കുറഞ്ഞ കാലംകൊണ്ട് ഓൺലൈൻ ട്യൂട്ടറിംഗ് രംഗത്ത് തങ്ങളുടേതായ മികവ് തെളിയിച്ച ട്യൂട്ടർ വേവ്സ് ആണ്.

ഒന്നു മുതൽ 12 വരെ ഗ്രേഡുകളിൽ പഠിക്കുന്ന കുട്ടികൾക്ക് കണക്ക്, സയൻസ്, ഇംഗ്ലീഷ്, കംപ്യൂട്ടർ തുടങ്ങിയ വിഷയങ്ങളിൽ ട്യൂട്ടർ വേവ്സ് വിദഗ്ദ്ധമായ പരിശീലനം നല്കുന്നു. അതാതു വിഷയങ്ങളിൽ വിദഗ്ദ്ധമായ പരിശീലനം ലഭിച്ചതും പ്രാഗത്ഭ്യം തെളിയിച്ചിട്ടുള്ളതുമായ അദ്ധ്യാപകരും, വിദ്യാർത്ഥി കേന്ദ്രീകൃതമായ ബോധനരീതികളും, അന്താരാഷ്ട്ര നിലവാരമുള്ള സാങ്കേതിക വിദ്യയും ട്യൂട്ടർ വേവ്സിന്റെ പ്രത്യേകതകളാണ്. ഓരോ കുട്ടികളുടെയും കഴിവുകളും പോരായ്മകളും വിവേചിച്ചറിഞ്ഞ് അവരുടെ കഴിവുകളെ പ്രോത്സാഹിപ്പിക്കുകയും പോരായ്മകൾ പരിഹരിച്ച് അവരെ ഉന്നതനിലവാരത്തിലെത്തിക്കുകയും ചെയ്യുന്ന മെച്ചപ്പെട്ട സേവനമാണ് ട്യൂട്ടർ വേവ്സിനെ ഓൺലൈൻ ട്യൂട്ടറിംഗ് രംഗത്ത് വ്യത്യസ്തമാക്കുന്നതും, ഈ സ്ഥാപനത്തെ മുൻനിരയിലെത്തിച്ചതെന്നും ഇതിന്റെ ഡയറക്ടേഴ്സ് പറഞ്ഞു.

പഠനപ്രക്രിയ രസകരവും സർഗ്ഗാത്മകവുമാക്കി ഉന്നത വിജയം കരസ്ഥമാക്കുന്നതിനും ക്രമേണ അറിവുകൾ സ്വയം ആർജ്ജിക്കുന്നതിന് കുട്ടികളെ പ്രാപ്തരാക്കുന്നതുമായ ബോധനരീതി ട്യൂട്ടർ വേവ്സിന്റെ പ്രത്യേകതയാണ്. ട്യൂട്ടറിംഗിനുവേണ്ടി അദ്ധ്യാപകനെ വീട്ടിൽവരുത്തുകയോ, കുട്ടികൾ ഗൃഹാന്തരീക്ഷത്തിൽ നിന്ന് ട്യൂട്ടറിന്റെ അടുത്തുപോകുകയോ ചെയ്യേണ്ടതില്ല. മാത്രവുമല്ല മാതാപിതാക്കൾക്ക് ആവശ്യമെങ്കിൽ ക്ലാസ്സുകൾ നിരീക്ഷിക്കുന്നതിനും ട്യൂട്ടർ വേവ്സിലൂടെ സാധിക്കുന്നു.

ക്നാനായ കൺവൻഷന്റെ ഗോൾഡൻ സ്പോൺസറായി മുന്നോട്ടുവന്ന ട്യൂട്ടർ വേവ്സിന്റെ പ്രവർത്തനങ്ങൾ ശ്ലാഘനീയമാണെന്നും ഇവരുടെ സംരംഭം നമ്മുടെ കുട്ടികൾക്ക് പ്രയോജനപ്പെടട്ടെ എന്നും കെ.സി.സി.എൻ.എ. എക്സിക്യൂട്ടീവും കൺവൻഷൻ കമ്മിറ്റിയും ആശംസിക്കുകയും ഇവർക്ക് നന്ദി അർപ്പിക്കുകയും ചെയ്തു.

കൺവൻഷൻ ദിവസങ്ങളിൽ ട്യൂട്ടർ വേവ്സിന്റെ പ്രതിനിധികൾ നമ്മോടൊപ്പം പങ്കുചേർന്നു മാതാപിതാക്കൾക്കും കുട്ടികൾക്കും ട്യൂട്ടർ വേവ്സിന്റെ പ്രതിനിധികളുമായി സംസാരിക്കുവാനും അവരുടെ സേവനത്തെക്കുറിച്ച് കൂടുതൽ കാര്യങ്ങൾ ചോദിച്ച് മനസ്സിലാക്കുന്നതിനുമുള്ള അവസരമുണ്ടായിരിക്കുന്നതാണെന്നും ഈ സൗകര്യം എല്ലാവരും പ്രയോജനപ്പെടുത്തണമെന്നും കൺവൻഷൻ ഭാരവാഹികൾ അഭ്യർത്ഥിച്ചു.

# ജോസഫ് കുര്യന് പൗരോഹിത്യപട്ടം നൽകി

**പി.സി മാത്യു**

*ഡാളസ്:* സെന്റ് തോമസ് ക്നാനായ ചർച്ചിൽ (ഇർവിംഗ്) ശെമ്മാശ്ശനായി 2008 മുതൽ സേവനമനുഷ്ഠിച്ചു കൊണ്ടിരുന്ന ജോസഫ് കുര്യൻ ശെമ്മാശ്ശൻ ചിങ്ങവനത്തുള്ള ക്നാനായ യാക്കോബായ സഭയുടെ ആഗോള ആസ്ഥാനമായ മാർ അപ്രേം സെമിനാരിയിൽ വച്ച് ക്നാനായ സഭയുടെ പരമോന്നത മേലധ്യക്ഷനും ആർച്ച് ബിഷപ്പുമായ പരിശുദ്ധ കുറിയാക്കോസ് മാർ സേവേറിയോസിന്റെ അനുഗ്രഹീത കരങ്ങളാൽ മുതിർന്ന അച്ചന്മാരുടേയും കന്യാസ്ത്രീകളുടെയും ശെമ്മാശ്ശന്മാരുടെയും സഭാ വിശ്വാസികളുടെ ഭക്തസാന്ദ്രമായ സദസിനെ സാക്ഷി നിർത്തി അച്ചൻപട്ടം സ്വീകരിച്ചു.

കല്ലിശേരി ക്നാനായ പള്ളിയിൽ മദ്ബഹായിൽ ശുശ്രൂഷകനായി ആത്മീയ വിരുന്നിന് തുടക്കം കുറിച്ച ഫാ. ജോസഫ് കുര്യൻ സൺഡേ സ്കൂൾ അധ്യാപകനായും സഭയുടെ ആത്മാർഥ സേവകനായും പ്രവർത്തിച്ചതിന്റെ പരിണിത ഫലമാണ് ഈ ലഭിച്ച ആത്മീയ അംഗീകാരം എന്ന് വിശ്വാസികൾ കരുതുന്നു.

ചിറയിൽ ഫാ. എം.എ. കുര്യാക്കോസ് കോർ എപ്പിസ്കോപ്പാ അനുമോദന പ്രസംഗം നടത്തി. ക്നാനായ സിറിയൻ യാക്കോബായ സഭയ്ക്ക് പ്രത്യേകിച്ച് അമേരിക്കൻ ക്നാനായ കമ്യൂണിറ്റിക്ക് ജോസഫ് കുര്യൻ അച്ചന്റെ സേവനം അനുഗ്രഹമായി തീരുവാൻ ദൈവം സഹായിക്കട്ടെ എന്ന് ക്നാനായ കാത്തലിക് കൺവൻഷനിൽ പങ്കെടുക്കുവാൻ അമേരിക്കയിലേക്ക് ഈ ആഴ്ചയിൽ കടന്നു വരുന്ന സമുദായ മെത്രാപ്പോലീത്ത പറഞ്ഞു. സഭാ മനേജ്മെന്റ് കമ്മിറ്റി അംഗമായ അഡ്വ. സർദീപ് താമരപ്പള്ളിൽ മുൻ സഭാ സെക്രട്ടറി തമ്പാൻ തോമസ് തുടങ്ങിയ സമുദായ നേതാക്കളും ചടങ്ങിൽ പങ്കെടുത്തു.

പ്രഭാഷണം

*ഗുരുനിത്യചൈതന്യയതി സ്മാരകപ്രഭാഷണം*



# ജീവിത വഴികളും ഐ.എ.എസ്സും

**സി.പി.നായർ** (മുൻ ചീഫ് സെക്രട്ടറി)

**മാ**വേലിക്കര താലൂക്കിൽ പ്രായിക്കരയിലുള്ള കമലാലയം എന്ന പ്രശസ്തമായ ഭവനത്തിലാണ് 1940ൽ ഞാൻ ജനിച്ചത്. എന്റെ പിതാവ് എൻ.പി.ചെല്ലപ്പൻനായർ അറിയപ്പെടുന്ന ചരിത്രകാരനും നാടകകൃത്തും കഥാകാരനുമായിരുന്നു. ഡെപ്യൂട്ടി കളക്ടറായിരിക്കുമ്പോഴാണ് അദ്ദേഹം സർവ്വീസിൽ നിന്നും വിരമിച്ചത്.

എനിക്കൊരു ഭാഗ്യമുണ്ടായി. ഇന്ന് ഒന്നാം ക്ലാസിൽ ചേരണമെങ്കിൽ ആറു വയസ്സുണ്ടായിരിക്കണമെങ്കിലും അന്ന് ഏതു ക്ലാസിലും ചേരാമായിരുന്നു. ചെങ്ങന്നൂരിലുള്ള ഒരു ലോവർ പ്രൈമറി സ്കൂളിലാണ് ഞാൻ വിദ്യാഭ്യാസം ആരംഭിച്ചത്. അച്ഛൻ എന്നെ നാലാം ക്ലാസിൽ കൊണ്ടിരുത്തി, ആറാം വയസ്സിൽ! ഇപ്പോഴത് സാഹസമായിട്ട് തോന്നിയേക്കാം. അന്നത്തെ തിരുവിതാംകൂർ സർക്കാരിന്റെ ചട്ടം അനുസരിച്ച് അത് അനുവദനീയമായിരുന്നു. ഡി.ഇ.ഒ.യുടെ (ഡിവിഷനൽ ഇൻസ്പെക്ടർ ഓഫ് സ്കൂൾസ്) ചുമതലയിൽ രണ്ടു പരീക്ഷ എഴുതണം. ഒന്നു മലയാളവും മറ്റൊന്ന് കണക്കും. ഇതിനു രണ്ടിനും അറുപതു ശതമാനം മാർക്ക് ലഭിച്ചില്ലെങ്കിൽ താഴത്തെ ക്ലാസിലേക്ക് പറഞ്ഞയയ്ക്കും. എനിക്ക് അറുപതു ശതമാനത്തിലേറെ മാർക്കു കിട്ടി. അതുകൊണ്ട് ആറാം വയസ്സിൽ നാലാം ക്ലാസിൽ പഠിക്കുവാൻ കഴിഞ്ഞു.

കേരളത്തിലെ ഏറ്റവും പഴക്കം ചെന്ന സ്കൂളുകളിലൊന്നായ മാവേലിക്കര ബി.എച്ച്.സ്കൂളിലാണ് സെക്കന്റ് ഫോറം മുതൽ (ഇപ്പോഴത്തെ ഏഴാം ക്ലാസ്) ഞാൻ പഠിച്ചത്. 1840ൽ സി.എം.എസ്. മിഷനറിമാർ സ്ഥാപിച്ച സ്കൂളാണത്. 1954ൽ ഞാൻ എ.എസ്.എസ്.എൽ.സി. പാസ്സായി. പതിനാല് വയസ്സ് തികയുന്നതിനുമുമ്പ് എസ്.എസ്.എൽ.സി.ജയിച്ചു. അന്ന് തിരുവിതാംകൂർ-കൊച്ചി സംസ്ഥാനമേയുള്ളു. കേരളം പിറന്നിട്ടില്ല. ഗുരുക്കന്മാരുടെ അനുഗ്രഹം കൊണ്ട് സംസ്ഥാനത്ത് രണ്ടാം റാങ്കോടുകൂടിയാണ് പാസ്സായത്. ഒന്നാം റാങ്കു നേടിയത് എറണാകുളത്തുകാരനായ സീതാരാമയ്യർ. എനിക്കു അദ്ദേഹത്തെക്കാൾ അഞ്ചുമാർക്കിന്റെ കുറവുണ്ടായിരുന്നു.

പിന്നീട് പഠിക്കുവാനായി തിരുവനന്തപുരത്തു പോയി. ഗവൺമെന്റ് ഇന്റർമീഡിയേറ്റ് കോളജിൽ ചേർന്നു. ഞാൻ എഞ്ചിനീയർ ആകണമെന്നതായിരുന്നു അച്ഛന്റെ മോഹം. കാരണം പാസ്സായാൽ ഉടനെ ജോലി കിട്ടുമായിരുന്നു. ഇംഗ്ലീഷ് സാഹിത്യം പഠിക്കണമെന്നതായിരുന്നു എന്റെ ആഗ്രഹം. അതുകൊണ്ട് ഇംഗ്ലീഷ് സാഹിത്യം പഠിച്ചു. അന്നത്തെ ബി.എ ഓണേഴ്സിനു ചേർന്നു. ഓണേഴ്സ് എം.എയ്ക്കു തുല്യമാണ്. എം.എ പാസ്സാകണമെങ്കിൽ നാലുകൊല്ലം വേണം. ഓണേഴ്സിന് മൂന്നുകൊല്ലം മതി. ഓണേഴ്സിനു ചേർന്നതുകൊണ്ട് പത്തൊമ്പത് വയസ്സു തികയുന്നതിനുമുമ്പ് എം.എക്കാരനായി. കോഴഞ്ചേരി സെന്റ് തോമസ് കോളജിൽ ഇംഗ്ലീഷ് അദ്ധ്യാപകനുമായി. ഇന്റർവ്യൂവിനു ചെന്നപ്പോൾ കോളജിന്റെ മാനേജർ കുറുത്തോട്ടത്തിൽ അച്ചനായിരുന്നു. 'എടാ മോനേ! നിനക്കു മീശപോലുമില്ലല്ലോടാ.. നീ എങ്ങനാണ് ക്ലാസെടുക്കുന്നത്.' 'ഞാൻ ക്ലാസെടുക്കുമ്പോൾ അച്ചൻ വന്നു നോക്കിയാട്ടെ' എന്നാണ് ഞാൻ മറുപടി പറഞ്ഞത്. ആ വെല്ലുവിളിയോടുകൂടിയാണ് ഞാൻ അദ്ധ്യാപനം ആരംഭിച്ചത്.

ഐ.എ.എസ്. പരീക്ഷ എഴുതണമെങ്കിൽ അന്ന് ഇരുപത്തിയൊന്ന് വയസ്സ് തികഞ്ഞിരിക്കണം. ഇരുപത്തിനാലു വയസ്സു പൂർത്തിയാകുകയുമരുത്. രണ്ടു ചാൻസേ ഉണ്ടായിരുന്നുള്ളു. ഇന്ന് ആറു ചാൻസുണ്ട്. മുപ്പത്തിരണ്ടുവയസ്സുവരെ പ്രായപരിധിയുമുണ്ട്. അതുകൊണ്ട് പഴയതുപോലെയുള്ള ബുദ്ധിമുട്ടില്ല.

ഹരിത വി.കുമാറിനെക്കുറിച്ച് നിങ്ങൾ കേട്ടിട്ടുണ്ടാവും. കഴിഞ്ഞവർഷം കേരളത്തിൽ നിന്നു ആദ്യമായി ഒരു പെൺകുട്ടി ഐ.എ.എസ്. പരീക്ഷയ്ക്ക് ഒന്നാം റാങ്കോടുകൂടി ജയിച്ചു. തിരുവനന്തപുരത്ത് നെയ്യാറ്റിൻകരക്കാരിയാണ്. സാധാരണ കുടുംബത്തിലെ കുട്ടി. സർക്കാർ മലയാളം സ്കൂളിലാണ് പഠിച്ചത്. ഹരിത വി. കുമാറിന്റെ അച്ഛനെ എനിക്കറിയാം. അദ്ദേഹം ഒരു ചെറിയ കോൺട്രാക്ടറാണ്. ഹരിതയ്ക്ക് നാലാമത്തെ ചാൻസിലാണ് ഐ.എ.എസ് കിട്ടിയതെന്നു പറഞ്ഞു. ദൃഢനിശ്ചയത്തോടുകൂടി പഠിച്ചു. വിജയം നേടി.

ഐ.എ.എസ്. കിട്ടണമെങ്കിൽ വലിയ കുടുംബത്തിൽ പിറക്കണം എന്നൊരു തെറ്റായ ധാരണയുണ്ട്. പണ്ടത്തെ രീതിയനുസരിച്ച് അതു നേരായിരുന്നു. ഐ.സി.എസുകാരെ സംബന്ധിച്ചിടത്തോളം അതു ശരിയായിരുന്നു. മഹാരാജാക്കന്മാരുടെയും നാട്ടുപ്രമാണികളുടെയും കോടീശ്വരന്മാരുടെയും വലിയ വ്യവസായികളുടെയും മക്കളായിരുന്നു അക്കാലത്ത് സിവിൽ സർവ്വീസിലേക്ക് കടന്നുവന്നവർ. ബ്രിട്ടീഷുകാരുടെ കാലത്ത് കുടുംബപാരമ്പര്യം നോക്കുമായിരുന്നു. കുടുംബപാരമ്പര്യത്തിന് ഇന്ത്യൻ സിവിൽ സർവ്വീസ് എന്ന ഐ.സി.എസിൽ വലിയ പ്രാധാന്യമുണ്ടായിരുന്നു. എന്നാൽ ഇന്നത്തെ ഐ.എ.എസ് അങ്ങനെയല്ല. സാധാരണക്കാർക്കും ഈ പരീക്ഷയിൽ വിജയിക്കാൻ കഴിയുമെന്ന അവബോധമാണ് ആദ്യം ഉണ്ടാകേണ്ടത്.

സിവിൽ സർവ്വീസിലേക്ക് പരീക്ഷ നടത്തുന്നത് യൂണിയൻ പബ്ലിക് സർവ്വീസ് കമ്മീഷനാണ്. കുറേ വർഷം മുമ്പ് അവർ ഒരു സർവ്വേ നടത്തി. തൊട്ടുമുമ്പുള്ള പത്തുകൊല്ലം സിവിൽ സർവ്വീസ് പരീക്ഷ ജയിച്ചവരുടെ സാമൂഹികമായ നിലവാരം എന്തുമാത്രമുണ്ടെന്ന് അവർ പരിശോധിക്കുകയുണ്ടായി. അവരുടെ നിഗമനം വളരെ ശ്രദ്ധേയമാണ്. ഐ.എ.എസ്, ഐ.എഫ്.എസ് തുടങ്ങിയ ഇരുപത്തിയെട്ട് സർവ്വീസുകളിൽ പ്രവേശനം ലഭിച്ചവരിൽ അറുപതിലേറെ ശതമാനം കുട്ടികളും സാധാരണ കുടുംബത്തിൽപ്പെട്ടവരാണ്. സാമൂഹികമായ ഔന്നത്യം വേണമെന്നുള്ള ധാരണ തെറ്റാണ്.

ഇംഗ്ലീഷ് മീഡിയത്തിൽ പഠിച്ചവർക്കുമാത്രമെ വിജയം പ്രതീക്ഷിക്കേണ്ടതുള്ളു എന്നതാണ് മറ്റൊരു തെറ്റായ ധാരണ. എന്റെ ദേശക്കാരായ കെ.ശങ്കരപ്പിള്ളയും, രവീന്ദ്രൻ നായരും, പി.എം.മാത്യുവും പി.സി.അലക്സാണ്ടറും ഞാനുമൊക്കെ മലയാളം മീഡിയത്തിലാണ് പഠിച്ചത്. ബി.എച്ച്.ഹൈസ്കൂളിൽ അന്ന് മലയാളമേയുള്ളു. ഇംഗ്ലീഷ് മീഡിയം സ്കൂളിൽ പഠിക്കണമെന്ന് മോഹമെനിക്കുണ്ടായിരുന്നു. ആലപ്പുഴയിലെ സനാധന ധർമ്മ വിദ്യാലയം മാത്രമായിരുന്നു ഏറ്റവും അടുത്തുള്ള അന്നത്തെ ഇംഗ്ലീഷ് മീഡിയം സ്കൂൾ. ആ മോഹം സാധിച്ചില്ല. ഏതായാലും ഇംഗ്ലീഷ് മീഡിയത്തിൽ പഠിച്ചവർ മാത്രമേ ഇതു പ്രതീക്ഷിക്കേണ്ടതുള്ളൂ എന്നു കരുതരുത്.

ധാരാളം സിവിൽ സർവ്വീസ് പരിശീലന സ്ഥാപനങ്ങൾ ഇപ്പോഴുണ്ട്. പക്ഷെ, ഏറെയും ട്യൂട്ടോറിയൽ കോളജിന്റെ അവസ്ഥയിലായിട്ടുണ്ട്. നിലവാരമില്ലാത്ത ഒരുപാടു സ്ഥാപനങ്ങൾ ഉണ്ട് എന്നുമാത്രമെ ഇപ്പോൾ പറയുന്നുള്ളൂ.

മൂന്നുവർഷം യൂണിയൻ പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഇന്റർവ്യൂ ബോർഡിൽ ഇരുന്നുകൊണ്ട് പത്തുമുന്നൂറു കുട്ടികളെ ഇന്റർവ്യൂ ചെയ്ത് ഐ.എ.എസ്സിനും ഐ.പി.എസ്സിനും സെലക്ടു ചെയ്യുവാൻ എനിക്ക് അവസരം ലഭിച്ചിട്ടുണ്ട്. 1961ലാണ് ഞാൻ പരീക്ഷ എഴുതുന്നത്. ഞാൻ പരീക്ഷ എഴുതുന്ന കാലത്ത് കേരളത്തിൽ ഒരു പരിശീലനസ്ഥാപനവും ഉണ്ടായിരുന്നില്ല. പരീക്ഷ എഴുതുന്ന കാലത്ത് ഞാൻ കോളജ് അദ്ധ്യാപകനാണ്. അന്ന് ശനിയാഴ്ചയും ക്ലാസുണ്ടായിരുന്നു. ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ പോയെങ്കിൽ മാത്രമെ പരീക്ഷ എഴുതുവാൻ കഴിയുകയുള്ളൂ എന്ന ധാരണ വേണ്ട. ഹരിത ഒരു സ്ഥാപനത്തിലും പോയി പഠിച്ചില്ല. ഇക്കണോമിക്സിന് ഒരു പ്രൊഫസറുടെ സഹായം തേടിയെന്നു മാത്രം. സ്വന്തം കഴിവാണ് വിജയത്തിലേക്കുള്ള വഴി. ഞാൻ പരീക്ഷയ്ക്കു തയ്യാറെടുക്കുമ്പോൾ രണ്ടേരണ്ടു ലൈബ്രറികൾ മാത്രമെ തിരുവനന്തപുരത്തുണ്ടായിരുന്നുള്ളു. യൂണിവേഴ്സിറ്റി ലൈബ്രറിയും പബ്ലിക് ലൈബ്രറിയും. അവ പൂർണ്ണമായും പ്രയോജനപ്പെടുത്തി.

ധാരാളം വായിക്കണം എന്നുള്ള ധാരണയും തെറ്റാണ്. സെലക്ടീവ് റീഡിംഗ്-അതാണ് പ്രധാനം. പാരാവാരംപോലെ കിടക്കുന്ന വിഷയങ്ങൾ മുഴുവൻ അന്വേഷിച്ചു നടക്കേണ്ട കാര്യമില്ല. കാര്യമാത്രപ്രസക്തമായതുമാത്രം വായിക്കണം.

ചുരുക്കത്തിൽ ഐ.എ.എസ് പരീക്ഷ വിജയിക്കണമെങ്കിൽ കുടുംബമഹിമ ആവശ്യമില്ല. ഇംഗ്ലീഷ് മീഡിയത്തിൽ പഠിക്കണമെന്നില്ല. പരിശീലന സ്ഥാപനങ്ങളിൽ പഠിക്കണമെന്നില്ല. പാരാവാരംപോലെ വായിക്കണമെന്നുമില്ല.

ജീവിതത്തിൽ ഏതു പദവിയിൽ എത്തണമെങ്കിലും ദൃഢനിശ്ചയം ഉണ്ടാവണം. എനിക്ക് സിവിൽ സർവ്വീസ് പരീക്ഷ പാസാകണം; എനിക്ക് അതിനു കഴിവുണ്ട്. ലക്ഷ്യബോധമുള്ളവരാകണം. ഭാവിയിൽ ഞാൻ ആരാകണം? ഒരു ലക്ഷ്യമുണ്ടായിരിക്കണം. അതു സിവിൽ സർവ്വീസ് ആകണമെന്നില്ല. ഏറ്റവും നല്ല അദ്ധ്യാപകനാകണം. ഏറ്റവും നല്ല ജേർണലിസ്റ്റാകണം. ഏറ്റവും നല്ല വക്കീലാകണം. ഏതായാലും ശരി ലക്ഷ്യബോധമുണ്ടാകണം. അതില്ലാതെ ആരും ജീവിതത്തിൽ ഒന്നും നേടിയിട്ടില്ല. ലക്ഷ്യബോധം ഉണ്ടായിട്ടു മാത്രം കാര്യമില്ല. കഠിന പരിശ്രമം. അതാണാവശ്യം. ഉന്നതനിലയിലെത്തിയവർ പത്രസമ്മേളനങ്ങളിലും മറ്റും പറയാറുണ്ട് ഞാൻ ഒരു മണിക്കൂർ മാത്രമെ പഠനത്തിൽ ശ്രദ്ധിച്ചിരുന്നുള്ളുവെന്ന്. ശുദ്ധ അസംബന്ധമാണ്. ഒരു മണിക്കൂർ നേരത്തെ പഠനം കൊണ്ട് സർ. സി.പി.രാമസ്വാമി അയ്യർക്കുപോലും സിവിൽ സർവ്വീസ് പരീക്ഷയിൽ ജയിക്കാൻ കഴിയില്ല. അതെന്താണെന്ന് എനിക്കറിയാം. അത്ര ബുദ്ധിമുട്ടുള്ള പരീക്ഷയാണ്.

ഏകദേശം 4.2 ലക്ഷം കുട്ടികളാണ് പ്രതിവർഷം പരീക്ഷ എഴുതുന്നത്. അതിൽ മൂന്നിൽ ഒന്നുമാത്രമെ പ്രിലിമിനറി പരീക്ഷയിൽ വിജയിക്കു. അതിൽനിന്ന് ആയിരം പേരുമാത്രമെ ഇന്റർവ്യൂവിന് അർഹരാകാറുള്ളൂ. ഒടുവിൽ 0.22 ശതമാനം പേരുമാത്രമാണ് അർഹത നേടുന്നത്. അപ്പോൾ പരീക്ഷ എത്ര ബുദ്ധിമുട്ടുള്ളതാണെന്നു മനസ്സിലാക്കാം. പക്ഷെ ബുദ്ധിമുട്ടാണെന്നു കരുതിയതുകൊണ്ട് എഴുതാതിരിക്കരുത്. മുമ്പില്ലാത്ത പല തൊഴിൽ ഓപ്ഷനുകളും ഇപ്പോഴുണ്ട്.

സിവിൽ സർവ്വീസിലുള്ളവർക്കു കിട്ടുന്നതിനേക്കാൾ കൂടുതൽ ശമ്പളം കിട്ടുന്ന ജോലികൾ ഉണ്ടെങ്കിലും ഇപ്പോഴും സിവിൽ സർവ്വീസ് ഏറെപ്പേരുടെയും മോഹമാണ്. ഒരു ചീഫ് സെക്രട്ടറിയുടെ ഇപ്പോഴത്തെ ശമ്പളം ഏതാണ്ട് 1.4 ലക്ഷം രൂപയാണ്. നിങ്ങൾ വിശ്വസിക്കുമോയെന്ന് അറിഞ്ഞുകൂടാ, ടെക്നോപാർക്കിൽ നല്ല കമ്പനിയിൽ ജോലിചെയ്യുന്ന ഒരു തുടക്കക്കാരന് രണ്ടുവർഷം കഴിഞ്ഞാൽ ചീഫ് സെക്രട്ടറിയുടെ ശമ്പളം കിട്ടും! അത് ഐ.ടിമേഖലയുടെ മെച്ചം. കോഴിക്കോട്ട് ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിൽ നിന്നും ഒന്നാം റാങ്കോടുകൂടി പാസായ ഒരു കുട്ടിക്ക് പ്രതിവർഷം ആറു കോടിരൂപ ശമ്പളം! പ്രതിമാസം അമ്പതു ലക്ഷം രൂപ! ഇൻഫർമേഷൻ ടെക്നോളജി ജോലികൾ, ഐ.ടി.ജോലികൾ ഇവിടെയൊക്കെ വലിയ ശമ്പളം കിട്ടുന്നുണ്ടെങ്കിലും സിവിൽ സർവീസ് പരീക്ഷ എഴുതുന്നവരുടെ എണ്ണത്തിൽ വർദ്ധനവാണ് കണ്ടുവരുന്നത്. കാരണം അതൊരു ബുദ്ധിപരമായ വെല്ലുവിളിയുടെ മേഖലയാണ്.

മൂന്നാമത് വേണ്ടത് ആത്മവിശ്വാസമാണ്. ഇന്ത്യ കണ്ട ഏറ്റവും വലിയ ആത്മീയാചാര്യനും ലോകഗുരുവുമായ സ്വാമി വിവേകാനന്ദന്റെ ഉപദേശങ്ങളിൽ പ്രധാനമായിട്ടുള്ളത് ആത്മവിശ്വാസം വീണ്ടെടുക്കുന്നതിനുള്ള ആഹ്വാനമാണ്. ലോകത്തിലെ ഏറ്റവും വലിയ പാപം ഭവനഭേദനവും മോഷണവും ഒന്നുമല്ല. അവനവനിൽ വിശ്വാസം ഇല്ലാതെയിരിക്കുക എന്നതാണ്. ഭീരുത്വത്തിനെതിരെയുള്ള ആഹ്വാനമായിരുന്നു സ്വാമി വിവേകാനന്ദൻ നൽകിയത്. നാം ആത്മവിശ്വാസമുള്ളവരായിരിക്കണം. സ്വാമികളുടെ സമ്പൂർണ്ണ കൃതികൾ വായിച്ചുകഴിഞ്ഞാൽ എന്താണ് അദ്ദേഹം പറഞ്ഞുവച്ചതെന്ന് ആലോചിക്കുകയാണെങ്കിൽ ലഭിക്കുന്ന സന്ദേശമിതാണ്- പൗരുഷമുണ്ടായിരിക്കുക, ആത്മവിശ്വാസമുണ്ടായിരിക്കുക. ഉണർന്നിരിക്കുക എന്ന ഉപനിഷത്ത് സന്ദേശമാണ് അദ്ദേഹം ലോകത്തിനു നൽകിയത്.

നാലാമതായി നമുക്കുവേണ്ടത് ഈശ്വര വിശ്വാസമാണ്. ഒരമേരിക്കൻ മനഃശാസ്ത്രജ്ഞന്റെ ഒരു ലേഖനം വായിക്കുവാനിടയായി. മനുഷ്യമനസ്സിനെ അദ്ദേഹം ഒരു വായു നിറച്ച ടയറുമായിട്ടാണ് താരതമ്യം ചെയ്തിരിക്കുന്നത്. ആ ടയറിനു പരമാവധി താങ്ങാവുന്ന വായുവാണ്



# വിവേകാനന്ദൻ

വിഷ്ണുനാരായണൻ
നമ്പൂതിരി

താമരപോലെ വിടർ-
ന്നാനനം അറിവിന്റെ
പാൽനുരപോലെ തൂകും
പുഞ്ചിരി, പീതാംബരം.
    ശ്രീപരാ കളഹംസ-
    കൂജനം സംഭാഷണം
    ഈ വിധം അകിഞ്ചനൻ
    ഇന്ത്യതൻ പ്രിയപുത്രൻ
ഇളംകാറ്റുപോൽ കട-
ന്നെത്തിനാൻ പുതുയുഗം
പുലരും പ്രഭുസംസ്കാ-
രാഢ്യമാം ചിക്കാഗോവിൽ
    ശാദ്വലങ്ങളിൽ നിന്നു
    ശാദ്വസങ്ങളിലേക്കാ
    സാത്വിക ജഗത്പ്രാണ-
    സംക്രമം സ്പന്ദിക്കുമ്പോൾ
ഉള്ളിലെ തേനും നറു-
മണവും നിവേദിച്ചുൽ-
ഫുല്ലകേസരം സുമ-
നസ്സുകൾ ഒപ്പം ചേർന്നു
    പ്രിയമായൊരാൾ തൂകി
    മർമ്മരം: ഗുരോ! 'ഭവൽ-
    പ്പദമുദ്രയെത്തുടർ-
    ന്നെങ്ങളേതാനും ശിഷ്യർ
ഭാരതം പൂകിത്തപം
ചെയ്യുവാനിച്ഛിക്കുന്നു
പാരമാർദ്രനായ് രാജ-
യോഗി ചൊല്ലുന്നു "സാധോ!
    ഇന്ത്യയിൽ തപിക്കുവോർ-
    ക്കില്ലല്ലോ ക്ഷാമം; കൊണ്ടു
    ചൊല്ലുക ഭവാന്നാവു-
    മെങ്കിലിന്നവർക്കന്നെ!"

2

അന്തിപോലരുണമാം
ആനനം, ബോധത്തിന്റെ
ചെങ്കതിരൊളി ചിന്നും
പുഞ്ചിരി, ശിരസ്ത്രാണം.
    ശ്രീപരാവിജൃംഭണ-
    ഗർജ്ജനം പ്രഭാഷണം
    ഈവിധം തിരിച്ചെത്തും
    ഇന്ത്യതൻ പ്രിയപുത്രൻ.
കൊടുങ്കാറ്റുപോൽ ചീറി-
യടിച്ചാൻ അടിമത്തം
പുലരും ദരിദ്രമാം
ആർഷഭൂവിതിൻ ഹൃത്തിൽ.
    പട്ടണം നാടും കാടും
    ആസേതുഹിമാചലം
    അഗ്നിവിദ്യുതൻ സ്ഫോട-
    മതിനാൽ ജ്വലിക്കുമ്പോൾ
ഉള്ളിലെ ആലസ്യവും
ഭീതിയും ഹോമിച്ചെങ്ങും
ഫുല്ലവീര്യമാം യുവ-
ചേതന ഒപ്പം ചേർന്നു.
    പ്രിയമായൊരാൾ തേടി
    സമ്മതം: ഗുരോ! ഭവൽ-
    പ്പദമുദ്രയെത്തുടർ-
    ന്നെങ്ങളേതാനും ശിഷ്യർ
ലോകമെമ്പാടും വിളി-
ച്ചുണർത്താനിച്ഛിക്കുന്നു
പാരമാർദ്രനായ് രാജ-
യോഗി ചൊല്ലുന്നു "സാധോ!
    ഉണർത്തുന്നോർക്കല്ലുണ-
    രുന്നവർക്കല്ലോ ക്ഷാമം;
    കളിക്ക ഫുട്ബോൾ നന്നായ്:
    കാണുകീശ്വര സത്യം."

# രാമേതിഹാസം നൂറ്റാണ്ടുകളിലൂടെ..

ഡി.സി.കുറുപ്പ് അമ്പലപ്പുഴ

*'മാ നിഷാ പ്രതിഷ്ഠാം ത്വ*
*മഗമഃശാശ്വതീഃസമാഃ*
*യത് ക്രൗഞ്ച മിഥുനാദേക-*
*മവധീഃ കാമമോഹിതം'*

ഈ ശ്ലോകത്തിന് രണ്ടർത്ഥം പറയാം. ക്രൗഞ്ചമിഥുനത്തിൽനിന്ന് കാമമോഹിതനായ ഒന്നിനെക്കൊന്ന് പെണ്ണിനെ ദുഃഖിപ്പിച്ചതുകൊണ്ട്; കാട്ടാളാ, നീ നശിച്ചുപോകട്ടെ. ഇത് ശാപരൂപമായ അർത്ഥം. മണ്ഡോദരി രാവണന്മാരാകുന്ന രാക്ഷസമിഥുനത്തിൽ കാമമോഹിതനായ ആണിനെക്കൊന്ന് ലോകത്തെ രക്ഷിച്ച രാമാ! അങ്ങ് എന്നും ജീവിച്ചിരിക്കട്ടെ. ഇത് അനുഗ്രഹരൂപമായ അർത്ഥം.



മാദ്ധ്യാഹ്നിക സ്നാനം കഴിഞ്ഞ് ആശ്രമത്തിൽ മടങ്ങിയെത്തിയ മഹർഷിയുടെ മുമ്പിൽ ബ്രഹ്മാവു പ്രത്യക്ഷപ്പെട്ടു. വാല്മീകിയിൽനിന്ന് ആദ്യമായി പുറപ്പെട്ട ശ്ലോകത്തെത്തുടർന്ന് ശ്രീരാമന്റെ കഥാലോകത്തിൽ പ്രചരിപ്പിക്കുന്നതിനായി രാമായണം നിർമ്മിക്കണമെന്നാജ്ഞാപിച്ച് ബ്രഹ്മാവ് അന്തർദ്ധാനം ചെയ്തു. നാരദമഹർഷിയിൽനിന്നും മനസ്സിലാക്കിയ രാമകഥയെ വാല്മീകി 24000 ശ്ലോകങ്ങൾകൊണ്ട് പൂർത്തിയാക്കി.

വാല്മീകിയാണ് ആദികവി എന്നാണ് സങ്കല്പം. രാമേതിഹാസമാണ് ആദികാവ്യം. ഉത്കൃഷ്ടവും കാവ്യാത്മകവുമായ രാമായണകൃതി നിർമ്മിച്ച് ഭാരതീയരുടെയും ലോകജനതയുടെയും ആദരവും അംഗീകാരവും നേടിയ മഹാനായ മഹാകവിയാണ് വാല്മീകി. വാല്മീകിക്കുമുമ്പു കവികൾ ഉണ്ടായിരുന്നിരിക്കാം. ഒരുപക്ഷേ, അവർ ഇതിഹാസങ്ങൾ എഴുതിയിട്ടുണ്ടാകാം. എന്നാൽ വാല്മീകി രാമായണംപോലെ ഭാരതത്തിലെ ഒരു കാലഘട്ടത്തിലെ സംസ്കാരം പ്രതിഫലിപ്പിക്കുന്ന ഒരു കാവ്യം അതിനു മുമ്പും പിൻപും ഉണ്ടായിട്ടില്ല. ആ മനീഷി യുഗയുഗങ്ങളായി മാനുഷകുലത്തിന്റെ മനസ്സിൽ സൂര്യതേജസ്സോടെ കത്തിജ്വലിച്ചുനിൽക്കുന്നു.

വാല്മീകിയുടെ രീതി അദ്ദേഹംതന്നെ വ്യക്തമാക്കിയിട്ടുണ്ട്. വേദോക്തമായ ജീവിതത്തിന്റെ പരമകാഷ്ഠയാണ് ബ്രാഹ്മീസ്ഥിതി. ആ അവസ്ഥയുടെ സ്വരൂപലക്ഷണം- അതായത്, താത്ത്വികമായ നിർവ്വചനം ഉപനിഷത്തിലും ഗീതയിലുമുണ്ട്. അതിന്റെ ദേശകാലത്തിലൂടെയുള്ള അവതരണം രാമനിലൂടെ വാല്മീകി ചിത്രീകരിച്ചിരിക്കുന്നു.

ഇത്ര മഹത്തായ ആദികാവ്യത്തെപ്പറ്റി വിശ്വമഹാകവി ടാഗോർ പറയുന്നത് ശ്രദ്ധിക്കുക.

'രാമായണത്തിൽ മനുഷ്യചരിത്രം ചിത്രീകരിക്കാതെ ദേവചരിത്രം വർണ്ണിച്ചിരുന്നെങ്കിൽ ആദികാവ്യത്തിന്റെ മഹത്വം എത്രയോ തുച്ഛമാകുമായിരുന്നു. രാമൻ ഒരു മനുഷ്യനായിരുന്നു. അതിനാൽ അദ്ദേഹത്തിന്റെ ചരിത്രം അത്രയ്ക്കു മഹത്തരമായി ഗണിക്കപ്പെടുന്നു. രാമന്റെ വീരാപദാനങ്ങൾക്കു നിദാനം ധർമ്മാസക്തിയാണ്.

പണ്ഡിത പ്രകാണ്ഡമായ കേരളവർമ്മ വലിയകോയിത്തമ്പുരാൻ വാല്മീകിരാമായണത്തിന്റെ സാംസ്കാരിക മൂല്യത്തെ വിലയിരുത്തിക്കൊണ്ട് രേഖപ്പെടുത്തിയിരിക്കുന്നത് കാണുക.

'ആദ്ധ്യാത്മികാംശം വിടുക. അതു ഹിന്ദുക്കൾക്കു മാത്രമേ ആസ്വാദ്യമാകാൻ ഇടയുള്ളൂ. രാമായണത്തെ ഒരു കലാശില്പമായി കാണുക; എന്നാലും രാമായണം മഹത്തും അനുകരണീയവും സർവ്വോൽകൃഷ്ടമായി വർത്തിക്കും. മനുഷ്യനിലുള്ള നല്ലതും ഉദാത്തവുമായ എല്ലാ അംശത്തിന്റെയും സൂക്ഷ്മമായ ഒരു ചിത്രീകരണമാണത്. മനുഷ്യഭാവനയുടെ പരകോടിയാണത്. അത് ഈ രാജ്യത്തെ ബഹുഭൂരിപക്ഷം ജനതയുടെയും ചിന്തയെ നയിക്കുകയും സ്വഭാവത്തെ രൂപപ്പെടുത്തുകയും ചെയ്യുന്നതിൽ തെല്ലും അത്ഭുതപ്പെടാനില്ല. അവരുടെ മജ്ജയിലേക്കുതന്നെ അതു കടന്നുചെല്ലുന്നു. അവർക്കത് ഗുരുവും നിയമവുമാണ്. വാല്മീകിയെപ്പറ്റിയും അദ്ദേഹത്തിന്റെ അനശ്വരമായ കാവ്യത്തെപ്പറ്റിയും ഭാരതീയർക്ക് അഭിമാനിക്കാം. ഹിന്ദുക്കളെ യുഗയുഗാന്തരങ്ങളായി ഉന്നത പദവിയിലേക്കുയർത്തുന്ന മറ്റേതിനേക്കാളും പ്രധാനമായ ഒരു വസ്തു ഉണ്ടെങ്കിൽ അത് അവരുടെ സാഹിത്യത്തിൽ രാമായണത്തെപ്പോലെയുള്ള കൃതികളുടെ സാന്നിദ്ധ്യമത്രേ. അങ്ങനെയുള്ള കൃതികളിലാകട്ടെ ഓരോ പദാംശവും അത്യന്തപരിശുദ്ധമായ സന്മാർഗ്ഗബോധവും അത്യുന്നതമായ സത്യബോധവും സ്ഫുരിച്ചിരിക്കുന്നു.' (ടാഗോർ പ്രാചീനചരിത്രം)

രാമായണത്തിന്റെ കാവ്യഭംഗിയെപ്പറ്റി സർ മൊണിയർ വില്യം പറയുന്നു

'വിശ്വസാഹിത്യത്തിന്റെ വിശാലമേഖലകളിൽ രാമായണത്തേക്കാൾ മനോഹരമായ മറ്റൊരു കൃതിയില്ല. മാതൃകാപരമായ പരിശുദ്ധി, ശൈലിയുടെ വൈശദ്യവും, ലാളിത്യവും ധാരാളമായി കാണുന്ന ലോലമോഹനമായ കാവ്യാനുഭൂതികൾ, വീരകൃത്യങ്ങളുടേയും പ്രകൃതിയിലെ മഹാദൃശ്യങ്ങളുടെയും ചിത്രീകരണം, മനുഷ്യഹൃദയത്തിന്റെ സംഘട്ടനാത്മകമായ ചലനത്തെയും ഉത്തമ വികാരങ്ങളെയും പറ്റി അതു പ്രദർശിപ്പിക്കുന്ന പരിജ്ഞാനം എന്നിവയെല്ലാം, അതിനെ ലോകത്തെവിടെയും ഏതു കാലത്തുമുണ്ടായിട്ടുള്ള മനോഹരങ്ങളായ കൃതികൾക്കു തുല്യമാക്കിത്തീർക്കുന്നു.' (രാമായണസമീക്ഷ: ശ്രീവെങ്കിടേശ്വര സർവ്വകലാശാല).

രാമായണം രചിച്ച കാലം നിർണ്ണയിക്കാൻ സാദ്ധ്യമല്ല. അതിനാവശ്യമായ തെളിവുകൾ ഒന്നുമില്ല. വാല്മീകി ശ്രീരാമന്റെ സമകാലികനായിരുന്നു എന്നാണ് ഐതിഹ്യം. രാമായണത്തിലെ പല പ്രധാന സംഭവങ്ങൾക്കും അദ്ദേഹം സാക്ഷിയായിരുന്നു എന്ന് പരക്കെ വിശ്വസിക്കപ്പെടുന്നു. അതിനു പല കാരണങ്ങളുമുണ്ട്. ഗർഭിണിയായ സീതയെ വനത്തിൽ ഉപേക്ഷിക്കാൻ രാജാജ്ഞ പ്രകാരം നിർബന്ധിതനായ ലക്ഷ്മണൻ ആ സാധ്വിയെ വാല്മീകിയാശ്രമത്തിനു സമീപമു



# രാമേതിഹാസം നൂറ്റാണ്ടുകളിലൂടെ..

ള്ള കാട്ടിലാണ് ഉപേക്ഷിക്കുന്നത്. ആ സമയത്ത് ലക്ഷ്മണൻ സീതാദേവിയോടു പറയുന്നു

'ദേവി ദുഃഖിക്കേണ്ട, എന്റെ പിതാവായ ദശരഥമഹാരാജാവിന്റെ മിത്രമായ വാല്മീകി മഹർഷിയുടെ ആശ്രമം സമീപത്തുണ്ട്. അവിടെപോയി തപസ്സനുഷ്ഠിച്ചാലും.'

സീതയെ ഉപേക്ഷിച്ചുപോകുന്ന ലക്ഷ്മണകുമാരനെ നോക്കി സീതാദേവി മനതാരിൽ ചിന്തിക്കുന്നത് കുമാരനാശാൻ മനോഹരമായി ചിത്രീകരിച്ചിരിക്കുന്നു.

*'പുരികം പുഴുപോൽ പിടഞ്ഞകം*
*ഞെരിയും തൻതല താങ്ങി കൈകളാൽ*
*പിരിവാനരുതാഞ്ഞു കണ്ണുനീർ*
*ചൊരിയും ലക്ഷ്മണനെ സ്മരിപ്പു ഞാൻ.*
*കനിവാർന്നനുജാ! പൊറുക്ക ഞാൻ*
*നിനയാതോതിയ കൊള്ളി വാക്കുകൾ*
*അനിയന്ത്രിതമായ് ചിലപ്പൊഴീ–*
*മനമോടാത്തകുമാർഗ്ഗമില്ലെടോ...'*

തുടർന്ന് വാലമീകീയാശ്രമത്തിൽ വളരെക്കാലം വസിക്കുന്ന സീതാദേവി അവിടെ വച്ച് ലവകുശന്മാരെ പ്രസവിക്കുന്നു. അവരെ വളർത്തുന്നതും വിദ്യ അഭ്യസിപ്പിക്കുന്നതും വാല്മീകിമഹർഷിയാണ്. താൻ രചിച്ച രാമായണകാവ്യം മുഴുവനും അവരെ പഠിപ്പിച്ചിട്ട് അതു പാടിക്കേൾപ്പിക്കാൻ അയോദ്ധ്യയിലെ രാമസന്നിധിയിലേക്ക് പറഞ്ഞയയ്ക്കുന്നു.

ഇതിൽനിന്നെല്ലാം വ്യക്തമാകുന്നത് വാല്മീകി ശ്രീരാമന്റെ കാലത്തു ജീവിച്ചിരുന്ന കവികുലോത്തമനാണെന്നതാകുന്നു. ക്രിസ്തുവിനു മുമ്പ് അനേകം നൂറ്റാണ്ടുകൾക്കും മുമ്പാണ് രാമായണം രചിക്കപ്പെട്ടതെന്ന് പല പ്രശസ്ത ഭാരതീയ പാശ്ചാത്യ പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. ബുദ്ധമത ആവിർഭാവത്തിനു മുമ്പാണ് (ബുദ്ധന്റെ കാലം ക്രി.മു 560 മുതലാണ്. 80–ാം വയസ്സിൽ നിർവ്വാണം പ്രാപിച്ചു.) രാമായണ രചന എന്നാണ് ഭാരതീയരുടെ നിഗമനം. വൈദിക കാലത്തിനു ശേഷമാണ് രാമായണ നിർമ്മാണം എന്നതിനു തെളിവുകൾ രാമായണം തന്നെ നൽകുന്നുണ്ട്. (വേദകാലം ബി.സി. 1500നു മുമ്പ്) വേദങ്ങളിലേയും വേദാംഗങ്ങളിലേയും സാമൂഹിക സാന്മാർഗ്ഗികവും അനുഷ്ഠാനപരവുമായ ആദർശങ്ങളും സങ്കല്പങ്ങളുമെല്ലാം രാമായണത്തിൽ വേണ്ടത്ര പ്രത്യക്ഷപ്പെടുന്നുണ്ടെന്നു കാണാം. ത്രേതാ യുഗത്തിൽ വിഷ്ണു രാമനായി അവതരിച്ചു എന്നാണ് ഭാരതീയ വിശ്വാസവും സങ്കല്പവും. യുഗങ്ങൾ നാല്– കൃതയുഗം– തപസ്സിന്റെ യുഗം എന്നർത്ഥം. 4800 ദിവ്യസംവത്സരങ്ങൾ ചേർന്നതാണ് കൃതയുഗം. കൃതയുഗം– ഒരു മനുഷ്യവർഷം ദേവന്മാരുടെ ഒരു ദിവസം– അവരുടെ മുന്നൂറു ദിവസം ഒരു ദിവ്യവത്സരവുമാകുന്നു. ത്രേതായുഗം– യജ്ഞങ്ങളുടെ യുഗം– ത്രേതാ എന്നാൽ ദക്ഷിണാഗ്നി, ഗാർഹപത്യാഗ്നി, ആവഹനീയാഗ്നി– ഇതു മൂന്നും ചേരുന്നതാണ് ത്രേതാ. ത്രേതായുഗത്തിന്റെ കാലയളവ്– 12,96000 മാനുഷവർഷം അഥവാ 3600 ദേവവർഷം. ഇതാരംഭിച്ചത് ബി.സി 867100ലാണെന്ന് കണക്കാക്കുന്നു. ഈ യുഗത്തിലാണ് ശ്രീരാമനും വാല്മീകിയും ജീവിച്ചിരുന്നത്. ദ്വാപരയുഗം– ദ്വാപരം എന്നാൽ സംശയം എന്നർത്ഥം. ധർമമേത് അധർമമേത് എന്നു സംശയം. ധര്യമസ്യ ഗഹനാഗതിഃ(ധർമമാർഗ്ഗം ദുരൂഹമാണ്. കാലം– എട്ടുലക്ഷത്തി അറുപത്തിനാലായിരം മനുഷ്യ വർഷങ്ങളാണ്. (അല്ലെങ്കിൽ 2000 ദിവ്യവർഷങ്ങൾ, കലിയുഗം നാലാമത്തേതാണ്. അർത്ഥം– പാപകലുഷിതം. 4,32,000 മനുഷ്യവർഷമാണ് കലിയുഗകാലം. ശ്രീകൃഷ്ണന്റെ സ്വർഗ്ഗാരോഹണശേഷം ഈ യുഗം ആരംഭിച്ചു) ത്രേതായുഗം ക്രി.മു. ഏകദേശം 8,67,100 വർഷമാണെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. വാല്മീകിയും ഇതേകാലത്തു ജീവിച്ചിരുന്നതായി വിശ്വസിക്കാം. അതിനാൽ ചരിത്രാതീതകാലത്ത് നിർമ്മിച്ച ഒരു ഇതിഹാസമാണ് രാമായണം എന്ന നിഗമനത്തിൽ എത്തിച്ചേരാം.

രാമായണം എന്നു രചിക്കപ്പെട്ടതായാലും ആര്യസംസ്കാരത്തിന്റെയും നാഗരികതയുടെയും സ്പഷ്ടവും സമ്പൂർണ്ണവുമായ ചിത്രം നൽകുന്ന പ്രഥമ കാവ്യമാണ്. ഇത് ഇന്ത്യയുടെ സാംസ്കാരിക ജീവിതത്തിൽ വഹിച്ചിട്ടുള്ള പങ്ക് മഹത്തരമാണ്. രാമായണത്തിലെ വിഷയപ്രതിപാദനത്തിൽ ദേശീയൈക്യത്തിന്റെയും രാഷ്ട്രീയോദ്ഗ്രഥനത്തിന്റെയും അന്തരീക്ഷം ഉടനീളം കാണാം.

രാമായണത്തിലാണ് ആദ്യമായി സംസ്കൃതസാഹിത്യം രൂപം കൊണ്ടത്. ഇത് വൈദിക സാഹിത്യത്തിൽനിന്ന് വിഭിന്നമാണ്. (വൈദികസാഹിത്യം– വേദങ്ങളും അവയുമായി ബന്ധപ്പെട്ട കൃതികളും, ബ്രാഹ്മണങ്ങൾ, ആരണ്യകങ്ങൾ, ഉപനിഷത്തുക്കൾ, വേദാംഗങ്ങൾ ഇവയുമാണ്). വൈദികസാഹിത്യമാകട്ടെ ആദ്ധ്യാത്മികവും മതപരവുമായ കാര്യങ്ങളാണ് പ്രതിപാദിച്ചിരിക്കുന്നതെങ്കിൽ രാമായണം മനുഷ്യനെ പല പരിതസ്ഥിതികളിലും ഭാവനകളിലുമാണ് ചിത്രീകരിച്ചിരിക്കുന്നത്. മനുഷ്യന്റെ ആന്തരിക വികാരങ്ങളും വിചാരങ്ങളും അവയുടെ പ്രേരണയനുസരിച്ച് അവർ ചെയ്യുന്ന പ്രവൃത്തികൾ അതു സമൂഹനന്മയ്ക്കും നാശത്തിനും ഹേതുവായി ഭവിക്കുന്നത് ഇതെല്ലാമാണ് രാമായണപ്രതിപാദ്യം.

ഈ മഹാകാവ്യത്തിൽ നമ്മുടെ പൂർവ്വികരുടെ രാഷ്ട്രീയവും സാമൂഹികവുമായ ജീവിതബന്ധത്തിന്റെയും സംസ്കാരത്തിന്റെയും നാഗരികതയുടെയും തത്ത്വജ്ഞാനത്തിന്റെയും മതത്തിന്റെയും ആദർശങ്ങളുടെയും ആചാരങ്ങളുടെയും സത്യസന്ധമായ ചിത്രം അതു നൽകുന്നു. പൗരാണിക ഭാരതജനതയുടെ വിജയങ്ങളുടെയും കഠിനാദ്ധ്വാനത്തിന്റെയും ശക്തിദൗർബല്യങ്ങളുടെയും ശരിയായ വിവരങ്ങൾ രാമായണത്തിൽ നിന്നല്ലാതെ മറ്റൊരിടത്തുനിന്നും ലഭ്യമല്ല.

പല സന്ദർഭങ്ങളിലും വാല്മീകിയുടെ വ്യാപ്തിയിൽ പ്രപഞ്ചവും സമസ്തസൃഷ്ടികളും ഉൾക്കൊള്ളുന്നതുപോലെ തോന്നും. കവി എന്ന നിലയിൽ വാല്മീകി അതുല്യനാണ്. അദ്ദേഹത്തിന്റെ ആഖ്യാനരീതി അതിശയകരമാണ്. വിശദാംശങ്ങൾ കാണുന്നതിന് അസാമാന്യമായ കഴിവ് അദ്ദേഹത്തിനുണ്ട്. തിര്യക്കായ ജടായു അനുഷ്ഠിച്ച ആത്മത്യാഗത്തിന്റെ മുമ്പിൽ രാമന്റെ ഉന്മാദത്തിനോ ക്ഷാത്രവീര്യത്തിനോ സ്ഥാനം ലഭിക്കുന്നില്ല. ഇതുപോലൊരു ധർമ്മരോഷത്തിന്റെ കഥ ഇതിഹാസങ്ങളിൽ അന്യത്ര കാണാൻ കഴിയുന്നതല്ല. ജടായുവിന്റെ വാക്കുകളിലൂടെ വാല്മീകി ചിത്രീകരിക്കുന്ന രംഗം ഇതാ–

*'ത്വ യാ വിരഹിതാ ദേവീ*
*ലക്ഷ്മണേന ച രാഘവ*
*ഹ്രിയമാണാ മയ ദൃഷ്ടാ*
*രാവണേന ബലീയസാ*
*സീതാമഭ്യ വപന്നോഹം*
*രാവണശ്ച രണേ മയാ*
*വിധ്വംസി തരഥ ച്ഛത്ര*
*പാതിതോ ധരണീതലേ*
*ഏതദസ്യ ധനുർഭഗ്ന–*
*മേതേ ചാസ്യ ശരാസ്ത ഥാ*
*അയമസ്യ രണേ രാമ*
*ഭഗ്നഃ സാംഗ്രാമികോരഥഃ*
*അയം തു സാരഥിസ്തസ്യ*
*മൽപക്ഷനിഹതോ ഭുവി*
*പരിശ്രാന്തസ്യ മേ പക്ഷൗ*
*ഛിത്വാ ഖഡ്ഗേണ രാവണഃ'*

ഇങ്ങനെ രൂപഭാവോഞ്ചിതമായ രാമായണകാവ്യത്തിന്റെ സംവേദന മാധ്യമങ്ങൾ– കഥാപാത്രങ്ങൾ– യുഗസൃഷ്ടികളെന്ന നിലയ്ക്ക് സവിശേഷം ശ്രദ്ധേയങ്ങളാണ്. മനുഷ്യനും വാനരനും പക്ഷിയും രാക്ഷസനും മനുഷ്യകഥാപൂരകഘടകങ്ങളാകുക എന്നത് യുഗകല്പനയുടെ വിളംബരങ്ങളാണ്. ഈ നാലുതരം കഥാപാത്രങ്ങളും, കഥയുടെ രൂപപരിണാമത്തിനു പകർന്നേകുന്ന ശക്തി സർവ്വാദരമാകുന്നു. വാല്മീകി പ്രതിഭാപുടപാക സംസ്കാരം ചെയ്ത് ആവിഷ്കരിക്കുന്ന ആ ശക്തി കഥാപാത്രങ്ങളുടെ ബാഹ്യവും ആന്തരവുമായ വിചിത്രദൃശ്യത്തിന്റെ മുമ്പാകെ ഉയർത്തിപ്പിടിച്ചിരിക്കുന്ന രസോല്ലീഢമായ ദർപ്പണമാകുന്നു. ഓരോ കഥാപാത്രത്തിന്റെയും അകംപുറങ്ങളിൽ മിന്നിനിൽക്കുന്ന ഭിന്നഭിന്നങ്ങളായ കരണപ്രതികരണങ്ങൾ അവിടെ ഒരു ചിത്രപടത്തിലെന്നപോലെ പ്രതിബിംബിക്കുന്നു. സർഗ്ഗദക്ഷമായ പ്രതിഭാവിശേഷത്തിന്റെ പ്രാണസാന്നിദ്ധ്യം കൊണ്ട് ആ പ്രതിബിംബനം ആവഹിക്കുന്ന തേജസ്സ് എത്രമാത്രം അത്ഭുതാവഹമായിരിക്കുന്നു. സംഘട്ടനത്തിന്റെയും സംഘർഷത്തിന്റെയും വടിവിൽ പ്രത്യക്ഷീഭവിക്കുന്ന ആ തേജസ്സാണ് രാമായണകഥയ്ക്ക് സജീവത നൽകുന്നത്.

മഹാകവി പ്രകൃതിയെ സസൂക്ഷ്മം നിരീക്ഷിക്കുകയും പ്രകൃതി മനുഷ്യന്റെ വൈകാരികജീവിതത്തിൽ വഹിക്കുന്ന പങ്കിനെപ്പറ്റി ബോധവാനാകുന്നതും കാണാം. ഈ അസുലഭസിദ്ധികളാണ് അദ്ദേഹത്തെ വിശ്വമഹാകവിയാക്കിത്തീർക്കുന്നത്. സാന്മാർഗ്ഗിക നിയമങ്ങൾ ആചരിക്കുന്നതിൽ മഹർഷി അതീവ ശ്രദ്ധാലുവാണ്. ഒരിക്കൽ പോലും ധർമ്മത്തിൽനിന്നു വ്യതിചലിക്കുന്നില്ല. അതാണ് അനേകം നൂറ്റാണ്ടുകൾ കഴിഞ്ഞിട്ടും ആ കൃതിക്ക് പ്രശംസയും ജനസമ്മതിയും വർദ്ധിച്ചുകൊണ്ടിരിക്കുന്നത്. രാമന്റെ കാലത്തെ ജീവിതത്തെപ്പറ്റി വിപുലമായ വിജ്ഞാനമാണ് അദ്ദേഹം നൽകുന്നത്. ആ കാലഘട്ടത്തിലെ സാമൂഹ്യജീവിതം, കുടുംബജീവിതം, വിദ്യാഭ്യാസം, യുദ്ധതന്ത്രം, ആശ്രമജീവിതം, സാന്മാർഗ്ഗിക നിയമങ്ങൾ, മതപരവും തത്ത്വജ്ഞാനപരവുമായ ആശയങ്ങൾ, ആചാരാനുഷ്ഠാനങ്ങൾ, ആഹാരവും വസ്ത്രധാരണവും, സാമ്പത്തികവും രാഷ്ട്രീയവുമായ ജീവിതം, വ്യക്തിചരിത്രങ്ങൾ, പ്രകൃതിവിഭവങ്ങളുടെ സമ്പത്തും സമൃദ്ധിയും, നക്ഷത്രചലനങ്ങൾ, ഋതുഭേദങ്ങൾ, ഭാരതത്തിന്റെയും ചുറ്റുപാടുമുള്ള ലോകത്തിന്റെയും ഭൂമിശാസ്ത്രപരവും ഭൗതികവുമായുള്ള വിഭവങ്ങൾ ഇവയെല്ലാം വാല്മീകി രാമായണേതിഹാസത്തിന്റെ കലവറയിൽ സമർത്ഥമായി ഉൾക്കൊള്ളിച്ചിരിക്കുന്നു. ഇതെല്ലാം വാല്മീകി എന്ന കവീശ്വരനല്ലാതെ മറ്റാർക്കും ചെയ്യാൻ കഴിയുന്നതല്ല.

രാമായണത്തിൽ ഏഴ് കാണ്ഡങ്ങളാണ്. ബാലകാണ്ഡം, അയോദ്ധ്യാകാണ്ഡം, ആരണ്യകാണ്ഡം, കിഷ്കിന്ധകാണ്ഡം, സുന്ദരകാണ്ഡം, യുദ്ധകാണ്ഡം, ഉത്തരകാണ്ഡം ഇവയാണ്. ഇതിൽ 24000 ശ്ലോകങ്ങൾ നിറഞ്ഞിരിക്കുന്നു. രാമായണം ആരംഭിക്കുന്നത് കാണുക

*തപഃ സ്വാധ്യായനിരതം തപസ്വീ വാഗപിദാംവരം*
*നാരദം പരിപപ്രച്ഛ വാല്മീകിമ്മുനിപുംഗവം*
*കോന്വസ്മിൻ സാം പ്രതം ലോകേ ഗുണവാൻ കശ്ച വീര്യവാൻ.*
*ധർമ്മജ്ഞശ്ചകൃതജ്ഞശ്ച സത്യവാക്യോദൃഢവ്രതഃ*
*ചാരിത്രേണ ച കോ യുക്തഃ സർവ്വഭൂതേഷു കോ ഹിത*
*വിദ്വാൻ കഃ കഃ സമർത്ഥശ്ച ക ശ്ചൈക പ്രിയദർശനഃ*
*ആത്മവാൻ കോ ജിത ക്രോധോ ദ്യുതിമാൻ കോ/fന സൂയക*
*കസ്യ ബിഭ്യതി ദേവാശ്ച ജാതരോഷസ്യ സംയുഗെ.*
*ഏതദിച്ഛാമ്യഹം ശ്രോതും പരം കൌതൂഹലം ഹി മേ*
*മഹർഷേ ത്വം സമർത്ഥോ/fസി ജ്ഞാതുമേവംവിധം നരം.'*

സമസ്ത ജീവജാലങ്ങളുടെയും ആരാധനാമൂർത്തിയായ ശ്രീരാമചന്ദ്രന്റെ ചരിത്രം ഭക്തിയുടെ ക്ഷീരസാഗരത്തിൽനിന്നും കടഞ്ഞെടുത്ത രാമായണം ലോകത്തിന് നാശമുണ്ടാകുന്നതുവരെ നിലനിൽക്കും.

# ജീവിത വഴികളും ഐ.എ.എസ്സും

അതിൽ ഉൾക്കൊള്ളുന്നത്. അല്പംകൂടി കൂടിയാൽ അത് പൊട്ടും. ടയറിന് ഒരു സേഫ്റ്റി വാൽവുണ്ട്. അധികം വരുന്ന വായുവിനെ അതു പുറത്തേക്കുവിടും. നമ്മുടെ നിത്യജീവിതത്തിൽ ഒരുപാടു ക്ലേശങ്ങളും പ്രയാസങ്ങളും ഉണ്ട്. പ്രസിഡന്റ് ഒബാമയ്ക്കുള്ള ക്ലേശങ്ങൾ നമുക്കില്ലായിരിക്കാം. എങ്കിലും നമുക്ക് ഓരോരുത്തർക്കും സമ്മർദ്ദങ്ങളുണ്ട്, പ്രശ്നങ്ങളുണ്ട്. സാമ്പത്തിക പ്രശ്നങ്ങളുണ്ട്, ആരോഗ്യപ്രശ്നങ്ങളുണ്ട്, മാനസിക പ്രശ്നങ്ങളുണ്ട്. ആ പ്രശ്നങ്ങൾ താങ്ങാൻ ഒറ്റവഴിയേയുള്ളു. അതു ഈശ്വരനിലേക്കുള്ള വഴിയാണ്. നമുക്കു പരീക്ഷിച്ചു മനസ്സിലാക്കാൻ കഴിയാത്ത ഒരു ശക്തിയുണ്ട്. ആ ശക്തിയാണ് ഈശ്വരൻ. അതിനെ ഈശ്വരനെന്നോ അല്ലാഹുവെന്നോ യേശുവെന്നോ വിളിക്കാം. ആ ശക്തിമാത്രം മതി നമ്മെ നയിക്കാൻ.

മനഃശാസ്ത്രജ്ഞൻ പറഞ്ഞ സേഫ്റ്റി വാൽവ് പ്രാർത്ഥനയാണ്. ഗാന്ധിജി അദ്ദേഹത്തിന്റെ ഒരു ലേഖനത്തിൽ പറഞ്ഞിട്ടുണ്ട്, എനിക്കു പ്രാർത്ഥിക്കാൻ കഴിവില്ലായിരുന്നുവെങ്കിൽ, പ്രാർത്ഥനയിൽ ആശ്വാസവും അഭയവും ആത്മവിശ്വാസവും കണ്ടെത്താൻ കഴിഞ്ഞില്ലായിരുന്നുവെങ്കിൽ ഞാൻ ഭ്രാന്തനാകുമായിരുന്നുവെന്ന്. ഒരു ദിവസത്തിൽ അല്പനേരം പ്രാർത്ഥനയ്ക്കായി കണ്ടെത്തുക. ടി.വി ഓൺചെയ്തു വച്ചുസീരിയൽ കണ്ടുകൊണ്ട് പ്രാർത്ഥിക്കുന്നതിൽ അർത്ഥമില്ല. ശാന്തമായി ഇരുന്നു പ്രാർത്ഥിക്കുവാൻ കഴിയണം. ഏകാഗ്രമായ ധ്യാനം ആവശ്യമാണ്. എന്റെ ഭാരങ്ങളെ താങ്ങുവാൻ എനിക്കു കഴിയില്ല. അത് ഞാൻ അങ്ങയിൽ സമർപ്പിക്കുന്നു. ശരണാഗതി എന്നതുകൊണ്ട് അർത്ഥമാക്കുന്നത് അതാണ്. ആത്മാർത്ഥതയോടുകൂടി, ശ്രദ്ധയോടുകൂടി പ്രാർത്ഥിച്ചുകഴിഞ്ഞാൽ മനസ്സിന്റെ ഭാരം കുറയും.

കാർഡിനൽ ന്യൂമാൻ എന്ന മഹാനായ ഒരു വൈദികനുണ്ടായിരുന്നു. "പ്രകാശമേ എന്നെ നയിച്ചാലും" എന്നൊരു പ്രാർത്ഥന അദ്ദേഹത്തിന്റേതായിട്ടുണ്ട്. ചുറ്റും ഇരുട്ടാണ്. എങ്ങോട്ട് പോകണമെന്ന് എനിക്കറിഞ്ഞുകൂടാ. കാലിടറി വീഴും. എന്നെ ഒരു ചുവടു മുന്നോട്ടു വയ്ക്കുവാൻ സഹായിച്ചാലും എന്നാണ് ന്യൂമാന്റെ പ്രാർത്ഥന. നമുക്കെല്ലാം പ്രശ്നങ്ങളുണ്ട്, നമുക്കെല്ലാം നിസ്സഹായതയുണ്ട്. നമുക്കെല്ലാം ആശ്രയത്തിന്റെ ആവശ്യമുണ്ട്. പ്രാർത്ഥിക്കുവാനായി മനസ്സിനെ ശീലിപ്പിക്കണം. പ്രാർത്ഥനയ്ക്ക് ഏകാഗ്രത ആവശ്യമാണ്. പഠനത്തിനും ഏകാഗ്രത ആവശ്യമാണ്. ഏകാഗ്രതയുണ്ടെങ്കിൽ നാലു മണിക്കൂർ കൊണ്ട് പഠിക്കേണ്ടത് ഒരു പക്ഷെ ഒരുമണിക്കൂറു കൊണ്ട് പഠിക്കാൻ കഴിയും.

നാം എവിടെയായിരുന്നാലും അന്യർക്കു നമുക്കു കഴിയാവുന്ന സഹായം ചെയ്യുവാൻ തയ്യാറാകണം. എന്റെ ജീവിതത്തിലെ ഏറ്റവും അധികം സന്തോഷം തോന്നിയ ഒരു അനുഭവം പറയാം. ഞാൻ ചീഫ് സെക്രട്ടറിയായിരുന്നപ്പോഴത്തെ അനുഭവമാണ്. വിശേഷിച്ച് കാര്യങ്ങളൊന്നുമില്ലായെങ്കിൽ മൂന്നു മണി കഴിഞ്ഞ് ആർക്കും എന്നെ വന്നു കാണുവാൻ അനുവാദം നൽകിയിരുന്നു. പത്തെൺപതു വയസ്സായ, വളരെ മുഷിഞ്ഞ വസ്ത്രങ്ങളൊക്കെ ധരിച്ച ഒരു സ്ത്രീ എന്നെ വന്നു കണ്ടു. വിധവാ പെൻഷന് അപേക്ഷ നൽകിയെങ്കിലും അതു കിട്ടിയിട്ടില്ല. അവർ ജീവിച്ചിരിക്കുന്നു എന്നതല്ലാതെ ഒരു രേഖയും അവരുടെ കൈവശമില്ല. ഞാനൊന്നു നോക്കട്ടെയെന്ന് പറഞ്ഞു. നിസ്സാരമെന്നു തോന്നാവുന്ന ഈ വിഷയം ഒരു ചീഫ് സെക്രട്ടറിക്ക് ഏറ്റെടുക്കേണ്ട കാര്യമുണ്ടോയെന്ന് ചിന്തിക്കാം. ആ താലൂക്കിലെ തഹസീൽദാരെ വിളിപ്പിച്ചു. അങ്ങനെ ഒരാൾ ആ താലൂക്കിലില്ലെന്നു പറഞ്ഞു. അന്വേഷണം അവിടംകൊണ്ട് അവസാനിപ്പിച്ചില്ല. ഏതാണ്ട് ഒമ്പതു മാസം കൊണ്ട് അന്വേഷിച്ച് അവരുടെ വിവരങ്ങൾ കണ്ടുപിടിച്ചു. ജാതിയും വരുമാനവും താമസവും എല്ലാം മനസ്സിലാക്കി. അവർക്ക് പെൻഷൻ അനുവദിപ്പിക്കുവാൻ കഴിഞ്ഞു. അത് ജീവിതത്തിലെ വലിയ സന്തോഷമായിരുന്നു. രാഷ്ട്രീയനേതാവില്ല, സാമുദായിക നേതാവില്ല, സ്വാധീനവുമില്ല. ആ സാധു സ്ത്രീ എന്നെ കാണുവാൻ പിന്നീടുവന്നു. എന്റെ അമ്മയാണ് എന്റെ മുന്നിൽ വന്നതെന്നു തോന്നി. ഈശ്വരദത്തമായ ഒരു അവസരമായിട്ടാണ് ഞാൻ അതിനെ കണ്ടത്. വിവേകാനന്ദൻ പറഞ്ഞിട്ടുണ്ട്: ഈശ്വരൻ ഏതു രൂപത്തിലാണ് നമുക്കു മുന്നിൽ വരുന്നതെന്ന് നമുക്കറിഞ്ഞുകൂടാ. ഭ്രാന്തനായിട്ടോ, രോഗിയായിട്ടോ, യാചകനായിട്ടോ ആയിരിക്കാം. ഞാൻ ഐ.എ.എസുകാരനായതും ചീഫ് സെക്രട്ടറിയായതും ആ വിധവയുടെ ആവശ്യം നിറവേറ്റാൻകൂടിയായിരിക്കണം. അല്ലായെങ്കിൽ ആ അമ്മയ്ക്ക് അതു ലഭിക്കുമായിരുന്നില്ല. ഉറപ്പാണ്. ഇതിനെയാണ് നാം ഈശ്വരനിയോഗം എന്നു പറയുന്നത്. ഒമ്പതു മാസം കീഴുദ്യോഗസ്ഥന്മാരുടെ ശാപം എനിക്ക് കിട്ടിയിട്ടുണ്ടാവും.

ബ്യൂറോക്രസി തുടങ്ങിയ കാലം മുതൽ തന്നെ അഴിമതിയും തുടങ്ങിയിട്ടുണ്ട്. ഒരു കഥ കേട്ടിട്ടുണ്ട്. ശ്രീമൂലം തിരുനാളിന്റെ കാലത്ത് നടന്നതെന്നു പറയുന്ന ഒരു കഥ. അദ്ദേഹത്തിന്റെ ഭാര്യയുടെ ഒരു ബന്ധു ഉദ്യോഗസ്ഥനാണ്. അഴിമതിക്കാരനാണ്. ഏതു വകുപ്പിൽ വിട്ടാലും അവിടെ അഴിമതി നടത്തും. സഹികെട്ട രാജാവ് അയാളോടു പറഞ്ഞു ജോലി ഒന്നും ചെയ്യണ്ട. വീട്ടിലിരുന്നാൽ മതി. ശമ്പളം തന്നുകൊള്ളാമെന്ന്. അതല്ല തനിക്ക് ജോലി ചെയ്തേ പറ്റൂവെന്നു അയാൾ. എങ്കിൽ പോയി കടലിലെ തിരയെണ്ണുവാൻ പറഞ്ഞു. അയാൾ ജോലി ചെയ്തു തുടങ്ങി. അവിടെയും അയാൾ അഴിമതിചെയ്തുപോലും. അഴിമതി നിലനിൽക്കുന്നുവെങ്കിലും എനിക്ക് പുതിയ തലമുറയിൽ വിശ്വാസമുണ്ട്. അവർ ഞങ്ങളെക്കാൾ മിടുക്കരാണ്. ഏറ്റവും വലിയ മെച്ചം കംപ്യൂട്ടർ നോളഡ്ജാണ്. എന്റെ മുപ്പത്തിരണ്ടാമത്തെ വയസ്സിലാണ് ഞാൻ കംപ്യൂട്ടർ ആദ്യമായി കാണുന്നത്. 1972ൽ ലണ്ടൻ സ്കൂൾ ഓഫ് ഇക്കണോമിക്സിൽ പഠിക്കുമ്പോഴാണ് കംപ്യൂട്ടർ ആദ്യമായി കാണുന്നത്. ഒരു അലമാരയുടെ വലുപ്പമുണ്ടായിരുന്നു അതിന്. ഇപ്പോൾ, എന്റെ കൊച്ചുമകൾ കംപ്യൂട്ടർ പോക്കറ്റിലിട്ടു നടക്കുന്നു. നാല്പതു കൊല്ലം കൊണ്ട് എന്തെല്ലാം മാറ്റംവന്നു! അതിബുദ്ധിമാന്മാരും മിടുക്കന്മാരുമാണ് പുതിയ തലമുറയിലുള്ളവർ. അവരിലും അഴിമതി ഇല്ലായെന്നു പറയുന്നില്ല. പക്ഷെ പൊതുവെ പുതിയ തലമുറ ഇല്ലാത്തവരോടു സഹാനുഭൂതിയുള്ളവരാണ്. ഭൂരിഭാഗവും സത്യസന്ധരാണ്. അഞ്ചുശതമാനം പേർ അഴിമതിക്കാരായിരിക്കാം.

ഐ.എ.എസ് ഇന്റർവ്യൂവിൽ ഏറ്റവും കൂടുതൽ ചോദിക്കുന്നത് ഇന്റഗ്രിറ്റിയും എത്തിക്സുമായി ബന്ധപ്പെട്ട ചോദ്യങ്ങളാണ്. ചെയർമാൻ ഉൾപ്പെടെ അഞ്ചുപേരുണ്ടാകും സിവിൽ സർവ്വീസ് ഇന്റർവ്യൂ ബോർഡിൽ. തിരഞ്ഞെടുക്കപ്പെടുന്നവർ പരിശീലനത്തിനുശേഷം ആദ്യം സബ് കളക്ടറാകും. പിന്നീട് കളക്ടറാകും, സെക്രട്ടറിയാകും, വകുപ്പ് അദ്ധ്യക്ഷനാകും, ഗവൺമെന്റ് ഓഫ് ഇന്ത്യയിൽ പോയാൽ ഡിഫൻസ് സെക്രട്ടറിവരെയാകാം. ഇന്ത്യാ മഹാരാജ്യത്തിന്റെ സുരക്ഷ അദ്ദേഹത്തിലാണ്. ഹോം സെക്രട്ടറിയാകാം. ഇന്ത്യയുടെ ആഭ്യന്തര സുരക്ഷ അയാളുടെ ചുമതലയിലാണ്.

ഇപ്പോഴത്തെ ഐ.എ.എസ്. ഇന്റർവ്യൂവിന് പണ്ടത്തേതിൽനിന്നും വലിയ മാറ്റങ്ങൾ വന്നു. മുൻപ് പഠിച്ചവിഷയവുമായി ബന്ധപ്പെട്ട് ആയിരുന്നു പണ്ട് ഏറെയും ചോദ്യങ്ങൾ ചോദിച്ചിരുന്നത്. ഇപ്പോഴതിനു മാറ്റം സംഭവിച്ചു. ഫിസിക്സും, കെമിസ്ട്രിയും, എഞ്ചിനീയറിംഗും പഠിച്ചവരൊക്കെ സിവിൽ സർവ്വീസിലേക്ക് വരുന്നുണ്ട്. സൂക്ഷ്മമായിട്ട് കാര്യങ്ങളെ വിശകലനം ചെയ്യുവാൻ അവർക്ക് കഴിവു കൂടും.

പേഴ്സണാലിറ്റിയാണ് ഇന്റർവ്യൂവിലെ പ്രധാന വിഷയം. പേഴ്സണാലിറ്റി എന്നു പറയുമ്പോൾ ഒരു കാര്യം പെട്ടെന്ന് മനസ്സിലാക്കുവാൻ കഴിവുണ്ടോ, തീരുമാനമെടുക്കുവാൻ കഴിവുണ്ടോ എന്നൊക്കെയാണ് അതിലൂടെ പരീക്ഷിക്കുന്നത്. വിഷയത്തെ അപഗ്രഥിക്കുവാനുള്ള കഴിവുണ്ടോ. വിഷയത്തിന്റെ ഗുണവും ദോഷവും മനസ്സിലാക്കുവാൻ കഴിവുണ്ടോ. ഇവയൊക്കെയാണ് അന്വേഷിക്കപ്പെടുന്നത്.

ഉദാഹരണത്തിന് ഒരു വലിയ ജനക്കൂട്ടം, അക്രമാസക്തരാണ്. കല്ലേറിയാം, തീവയ്പു നടത്താം. വെടി വയ്ക്കണോ വേണ്ടയോ എന്നു തീരുമാനിക്കേണ്ടത് സബ് കളക്ടറാണ്. ആ സമയത്ത് വീട്ടിൽ പോയി നിയമപുസ്തകം പരിശോധിക്കുവാനോ കോടതി വിധികൾ പരിശോധിക്കുവാനോ കഴിയില്ല. സംഭവസ്ഥലത്തുവച്ചാണ് തീരുമാനിക്കേണ്ടത്. ആ കഴിവാണ് ഇന്റർവ്യു ബോർഡ് പ്രതീക്ഷിക്കുന്നത്.

ഇ.എം.എസ്. നമ്പൂതിരിപ്പാട്, സി.അച്യുതമേനോൻ, കെ.കരുണാകരൻ, ഇ.കെ.നായനാർ എന്നീ മുഖ്യമന്ത്രിമാരോടൊപ്പം ജോലി ചെയ്യുവാൻ എനിക്ക് അവസരം ലഭിച്ചിട്ടുണ്ട്. കെ.കരുണാകരനോടൊപ്പം ഒമ്പതുവർഷമുണ്ടായിരുന്നു. 'എക്സിക്യൂട്ടീവ് എബിലിറ്റി' മാനദണ്ഡമായി എടുത്താൽ കേരളം കണ്ട ഏറ്റവും മികച്ച മുഖ്യമന്ത്രി കെ.കരുണാകരനാണ്. ഒരു ഉദാഹരണം പറയാം. സതേൺ എയർ കമാൻഡിന്റെ യൂണിറ്റ് തിരുവനന്തപുരത്ത് സ്ഥാപിച്ചു. അതു വേണമെന്ന് തമിഴ്നാടും വാദിച്ചു. എം.ജി.രാമചന്ദ്രനാണ് തമിഴ്നാട് മുഖ്യമന്ത്രി. ശ്രീലങ്ക, മാലദ്വീപ് തുടങ്ങിയ രാജ്യങ്ങളിലെ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട സംസ്ഥാനമാണ് തമിഴ്നാട്. അതുകൊണ്ട് എയർ കമാൻഡ് തമിഴ്നാട്ടിൽതന്നെ സ്ഥാപിക്കണമെന്ന് എം.ജി.രാമചന്ദ്രൻ വാദിച്ചു. സൈന്യത്തെ അടിയന്തരഘട്ടത്തിൽ അയയ്ക്കണമെങ്കിൽ തിരുവനന്തപുരത്താണെങ്കിൽ സമയം കൂടുതൽ വേണം. ഭൂമിശാസ്ത്രപരമായി അദ്ദേഹം പറഞ്ഞത് ശരിയാണ്. കൂടാതെ ആയിരം ഏക്കർ സ്ഥലം എവിടെ സൗജന്യമായി ആവശ്യപ്പെടുന്നുവോ അവിടെ നൽകാമെന്നും പറഞ്ഞു. എന്നാൽ അതിനെയൊക്കെ അതിജീവിച്ചുകൊണ്ട് കെ.കരുണാകരന്റെ ഇച്ഛാശക്തിയൊന്നുകൊണ്ടുമാത്രം അതു നേടിയെടുക്കുവാൻ കഴിഞ്ഞു.

ഏഴിമല നേവൽ അക്കാദമിയെക്കുറിച്ച് നിങ്ങൾ കേട്ടിട്ടുണ്ടാവും. അത് വിശാഖപട്ടണത്തിൽ ആരംഭിക്കണമെന്ന് പ്രതിരോധമന്ത്രി പി.വി. നരസിംഹറാവുവിന് താല്പര്യം. അതിനെ അതിജീവിച്ചുകൊണ്ട് നേവൽ ബേസ് കേരളത്തിനു കെ.കരുണാകരൻ നേടിയെടുത്തു. ഇതൊക്കെ നേടിയെടുക്കുവാനുള്ള കഴിവാണ് എക്സിക്യൂട്ടീവ് എബിലിറ്റി എന്നു പറയുന്നത്. സെക്രട്ടറി എന്ന നിലയിൽ ഞാൻ അദ്ദേഹത്തിന്റെ പ്രവർത്തനത്തെ നോക്കിക്കണ്ടയാളാണ്.

ഇ.കെ.നായനാർ ജനസമ്മതനായ നേതാവാണ്. ഏറെ വായിക്കുന്ന ആളാണ്. ഇ.എം.എസ് മുഖ്യമന്ത്രിയായിരുന്നപ്പോൾ ഞാൻ ചെറുപ്പമായിരുന്നു. സി. അച്യുതമേനോൻ അതി പ്രഗത്ഭനായിരുന്നു.

ഞാൻ ആരാധിക്കുന്ന ഒരു ആചാര്യനാണ് നിത്യ ചൈതന്യയതി. 1924 മുതൽ 1999 വരെ ജീവിച്ചിരുന്ന അതിപ്രഗത്ഭനായ ദാർശനികനായിരുന്നു അദ്ദേഹം. ചിന്തകനും ശ്രീനാരായണഗുരുദേവന്റെ നേരിട്ടുള്ള ശിഷ്യനായിരുന്ന നടരാജഗുരുവിന്റെ ശിഷ്യനായിരുന്നു. പത്തനംതിട്ട വകയാറിൽ ജയചന്ദ്രപ്പണിക്കർ എന്ന പേരിൽ ജനിച്ചയാളാണ്. പിന്നീട് ദാർശനികനായി, നിത്യചൈതന്യയതിയായി. പാശ്ചാത്യതത്വശാസ്ത്രവും പൗരസ്ത്യതത്വശാസ്ത്രവും ഇത്രയധികം ഗ്രഹിച്ചിട്ടുള്ള ഒരാളുണ്ടോയെന്ന് സംശയമാണ്. അഗാധവും അതലസ്പർശിയുമായ പാണ്ഡിത്യം അദ്ദേഹത്തിനുണ്ടായിരുന്നു. കേരളത്തിലെ ജനങ്ങൾ അദ്ദേഹത്തിന്റെ പാണ്ഡിത്യം വേണ്ടത്ര മനസ്സിലാക്കിയിട്ടുണ്ടോ എന്ന കാര്യത്തിൽ സംശയമുണ്ട്. ഇന്നദ്ദേഹത്തിന്റെ സ്മരണ നിലനിർത്തുന്നത് ജോർജ് തഴക്കരയെപ്പോലെയുള്ള ശിഷ്യന്മാരും ഊട്ടിയിലെ ഫേൺഹില്ലിലെ അദ്ദേഹത്തിന്റെ ആശ്രമവുമാണ്. വർക്കല ശ്രീനാരായണഗുരുകുലമുണ്ട്. അദ്ദേഹത്തിന്റെ പ്രിയപ്പെട്ട ശിഷ്യൻ മുനി നാരായണപ്രസാദ് മഹാപണ്ഡിതനാണ്. ധാരാളം പുസ്തകം നിത്യചൈതന്യയതി എഴുതിയിട്ടുണ്ട്. ഗുരുനിത്യചൈതന്യയതി ഫൗണ്ടേഷൻ ഡയറക്ടർ എന്നെ ക്ഷണിച്ചപ്പോൾ ഞാൻ വായിച്ചുകൊണ്ടിരുന്നത് അദ്ദേഹത്തിന്റെ ഭഗവദ്ഗീത വ്യാഖ്യാനമായിരുന്നു. കഴിയുന്നവർ ആ ഗ്രന്ഥം വായിക്കണം. ഭഗവദ്ഗീതയ്ക്ക് ധാരാളം വ്യാഖ്യാനം ഉണ്ട്. പക്ഷെ, ആധുനികമായ ശൈലിയിൽ, ആധുനിക ശാസ്ത്രവും യുക്തിചിന്തയും പൊരുത്തപ്പെടുത്തിക്കൊണ്ടുള്ള ഒരു സവിശേഷ വ്യാഖ്യാനമാണത്. ഭഗവദ്ഗീതയെക്കുറിച്ച് സമഗ്രമായ ഒരുൾക്കാഴ്ച ലഭിക്കുവാൻ അത് സഹായിക്കും. അദ്ദേഹത്തിന്റെ പേരിലുള്ള സൗഹൃദമുദ്ര പുരസ്കാരം, അതും ഞാൻ പിറന്ന മണ്ണിൽവെച്ച് ലഭിക്കുവാൻ കഴിഞ്ഞത് വലിയ ഭാഗ്യമായി കരുതുന്നു. പ്രത്യേകിച്ചും ജീവിതത്തിന്റെ സായംസന്ധ്യയിൽ എത്തിനിൽക്കുന്ന എനിക്ക്. ഭാഗ്യം എന്നു നാം പറയുമെങ്കിലും അത് ദൈവത്തിന്റെ അനുഗ്രഹമാണ്. നമ്മുടെ പരിശ്രമങ്ങൾക്ക് പൂരകമായിട്ട് ഈശ്വരന്റെ അനുഗ്രഹം. അതിനെക്കാൾ മറ്റൊരു ബലമില്ല. എത്ര സമർത്ഥനായാലും അതില്ലായെങ്കിൽ ഒന്നുമാകാൻ പോകുന്നില്ല. ആ വിശ്വാസത്തോടുകൂടി ധൈര്യമായി ആത്മവിശ്വാസത്തോടെ മുന്നേറുക. ജീവിതവിജയം സുനിശ്ചിതം.

*(ഗുരുനിത്യചൈതന്യയതി ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ നിത്യചൈതന്യയതി സൗഹൃദമുദ്ര സ്വീകരിച്ചുകൊണ്ട് നടത്തിയ പ്രഭാഷണത്തിന്റെ സംക്ഷേപം)*

Managing Editor: Mathew George. 130 Alburger Ave, Philadelphia. PA 19115, Tel: 267-991-2111. Chief Editor: George Thazhakara (Saboo George).
Tel:0479-2300668, 94473 55710 e-mail:georgethazhakara@gmail.com. Indian Office: Mitranikethan, Mavelikara 690 102, Kerala, India.